
# പുനർജ്ജനി



സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
വിയ്യൂർ തൃശ്ശൂർ

ആശംസകളോടെ.....

# JDSWCS

**Jail Department Staff Welfare**
**Co-operative Society Ltd.**
**T-1232**

Poojappura P.O, Thiruvananthapuram - 695 012
Phone : 0471-2345712
e-mail: jdswcs@gmail.com

**ജയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് വെൽഫെയർ**
**കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**
ടി-1232 പൂജപ്പുര, തിരുവനന്തപുരം-12

## കൺസ്യൂമർ സ്റ്റോർ

- നിത്യോപയോഗ സാധനങ്ങൾ
- പ്രസന്റേഷൻ സെറ്റുകൾ
- കോസ്മറ്റിക്സ്
- ബേക്കറി & കൺഫെക്ഷണറീസ്
- ടോയ്സ്
- ഇലക്ട്രിക്കൽ ഗുഡ്സ്
- ഹോം അപ്ലയൻസസ്
- ഫ്രൂട്ട്സ്
- കയർഫെഡിന്റെ ഉത്പന്നങ്ങൾ
- ടെക്സ്റ്റൈൽസ് ഇനങ്ങൾ

**എന്നിവ മാർജിൻ ഫ്രീ ആയി വിതരണം ചെയ്യുന്നു.**



# പുനർജ്ജനി

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ തൃശ്ശൂർ


## മാഗസീൻ പ്രസിദ്ധീകരണം

രക്ഷാധികാരി
**എൻ.എസ്.നിർമ്മലാനന്ദൻ നായർ**
സൂപ്രണ്ട്

ചീഫ് എഡിറ്റർ
**ഒ.ജെ. തോമസ്**
വെൽഫെയർ ഓഫീസർ

സ്ക്രീനിങ്ങ് കമ്മിറ്റി ചീഫ്
**രമേശ് കുമാർ**
ജോ. സൂപ്രണ്ട്

സ്ക്രീനിങ്ങ് കമ്മിറ്റി മെമ്പേഴ്സ്
**സനൂപ്**
പി.ഡി. ടീച്ചർ
**സാജി സൈമൻ**
വെൽഫെയർ ഓഫീസർ

സബ്ബ് എഡിറ്റർ
(എഡിറ്റോറിയൽ ബോർഡ്)
**ദേവദാസ്**
**റാസിക്ക് റഹിം**
**അമൽരാജ്**

കവർ ഡിസൈൻ
**സുബൈർ**


## ഉള്ളടക്കം......


7 ജയിലുകൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്
ഒ.ജെ. തോമസ്
വെൽഫെയർ ഓഫീസർ/
മുഖ്യ പത്രാധിപർ





ശുഭചിന്തകളുടെ ഹാസ്യവിചാരങ്ങൾ


11 അടിമയും യജമാനനും
ബി. സുനിൽകുമാർ
മുൻ ജോയിന്റ് സൂപ്രണ്ട്

12 "എന്റെ സഹോ..... ഇവിടെ കംപ്ലീറ്റ് പോസിറ്റീവാണ്ട്ടോ...."
വിപിൻ ലാൽ
സി. നമ്പർ 3771





കവിത
17 സ്വപ്നം
റാസിക്ക് റഹീം
സി. 2758

# പുനർജനി ജയിൽ മാഗസിന്
# ആശംസകൾ



**ശ്രീ. എൻ.എസ്. നിർമലാനന്ദൻ നായർ**
സൂപ്രണ്ട് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ തൃശൂർ

ജയിലിൽ അടക്കപ്പെട്ട് പുറംലോകവുമായി ആശയവിനിമയം പരിമിതപ്പെട്ടാലും ഒരാളുടെ പ്രതിഭ മങ്ങുകയില്ല എന്ന് വിയ്യൂർ സെൻട്രൽ ജയിലിൽ ആരംഭിക്കുന്ന 'പുനർജനി' ജയിൽ മാഗസിൻ സാക്ഷ്യപ്പെടുത്തുന്നു. ജയിലുകൾ ശിക്ഷാകേന്ദ്രങ്ങൾ എന്നതിനേക്കാളുപരി തെറ്റുതിരുത്തൽ കേന്ദ്ര ങ്ങളാകുന്നതിന്റെ അടയാളം കൂടിയാണ് ഈ ജയിൽ മാഗസിൻ. തടവുകാരുടെ അഭിരുചികളെ പ്രോത്സാഹിപ്പിക്കുവാനും കഴിവുകളെ പുറത്തെടുത്ത് തേച്ചുമിനുക്കാനും ഇതിലൂടെ അവർക്ക് ആത്മവിശ്വാസം നൽകിക്കൊണ്ട് അവരെ പുനർവാർത്തെടുക്കലാണ് സാൻമാർഗ്ഗീകരണം എന്ന തുകൊണ്ട് ലക്ഷ്യം വക്കുന്നത്. പുനർജനി ജയിൽ മാഗസിൻ ആ ദിശയിലുള്ള മറ്റൊരു ചുവടുവെ യ്പ്പാണ്. ഫ്രീഡം മെലഡി മ്യൂസിക് ബാന്റിനും റേഡിയോയ്ക്കും മറ്റുള്ള സംരംഭങ്ങൾക്കുമൊപ്പം കൂട്ടി വെക്കാവുന്ന മറ്റൊരു സംരംഭം. കാര്യമായ എഡിറ്റ് ഒന്നുമില്ലാതെ തടവുകാരുടെ ഹൃദയംഗ മമായ ആവിഷ്ക്കാരമാണ് ഇത്. പുനർജനി മാഗസിൻ യാഥാർത്ഥ്യമാകാൻ പണിപ്പെട്ട ഉദ്യോഗ സ്ഥർക്കും മറ്റു പ്രവർത്തകർക്കും ആശംസകൾ.

ആശംസകളോടെ...

# ആർ. ശ്രീലേഖ ഐ.പി.എസ്.




ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്


എഡിറ്റോറിയൽ

# പ്രകാശമില്ലാത്ത ലോകത്തെ പ്രകാശമാണ് പുനർജനി

നെൽസൺമണ്ടേലയും, അന്റോണിയോഗ്രാംഷിയും നെഹ്റുവും, അദ്വാനിയും, എ.കെ.ജിയും, ഇ.എം.എസും മുതൽ രാഷ്ട്രീയ തടവുകാരും അല്ലാത്തവരുമായ ഒട്ടനവധി പേരുടെ ജയിലനുഭവങ്ങളുടെ നേർസാക്ഷ്യങ്ങൾ അതുല്യമായ സാഹിത്യ-രാഷ്ട്രീയ അനുഭവമാണ്. സ്വാതന്ത്ര്യം ജനാധിപത്യം എന്നീ വിഷയങ്ങളെ ദാർശനികവൽക്കരിച്ചും അധികാരത്തെ അപനിർമ്മിച്ചും ഈ എഴുത്തുകാർ സമൂഹ മനസ്സാക്ഷിയെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ട്. തത്വചിന്തകൾ, കവിതകൾ, കഥകൾ, നാടകങ്ങൾ, അനുഭവക്കുറിപ്പുകൾ-സ്വാതന്ത്ര ലോകത്തെ പുനർനിർമ്മിച്ചതും, ലാവാപ്രവാഹം സൃഷ്ടിച്ചതുമായ ജയിൽ സാഹിത്യങ്ങൾ ചരിത്രത്തിലുണ്ട്. ജയിലകങ്ങളിലെ ചുമരുകളിൽ കോറിയിടപ്പെട്ട അജ്ഞാതരായ തടവുകാരുടെ വരികൾ പലപ്പോഴും എഴുതപ്പെട്ടത് ഹൃദയം കൊണ്ടാണ്. പലപ്പോഴും ഇത് തലമുറകൾ കൈമാറി ഊഷ്മളമാകുന്നു. ഭിത്തികളിൽ കോറിയിടപ്പെട്ട ചിത്രങ്ങൾ വലിയ ഒരു ഇൻസ്റ്റലേഷനാക്കി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു. ഈ ഗണത്തിലൊന്നുമല്ല പുനർജനിയുടെ സ്ഥാനം. തീർച്ചയായും ഇത്തരം മുഴക്കങ്ങളും മൂർച്ചകളുമൊക്കെ പുനർജനിയിലുണ്ട്. സാഹിത്യത്തിൽ എഴുതിയും വായിച്ചും ശീലമില്ലാത്ത ചില പ്രത്യേക സാഹചര്യത്തിൽ ചില കേസുകളിൽ ഉൾപ്പെട്ട് മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ടവരുടെ ആവിഷ്ക്കാരമാണ് പുനർജനി. ലൈബ്രറി കൗൺസിലിന്റെ 'എ' ഗ്രേഡുള്ള ജയിൽ ലൈബ്രറിയിലെ പുസ്തകങ്ങളിലും വാരികകളിലുമുള്ള വരികൾ ആർത്തിയോടെ വായിച്ചിരുന്നവർ ഇതുപോലെ എഴുതുമെന്നോ അവ ഏതെങ്കിലും വിധത്തിൽ പ്രസിദ്ധീകരിക്കപ്പെടുമെന്നോ ജീവിതത്തിലൊരിക്കലും കരുതിയിട്ടുണ്ടാവില്ല. എഴുത്തിന്റെ നിലവാരവും ഭാഷയുടെ ഔന്നിത്യവും പാണ്ഡിത്യവുമൊന്നുമായിരുന്നില്ല പുനർജനിയുടെ മാനദണ്ഡം. തീക്ഷ്ണമായ അനുഭവങ്ങളുടെ വെടിപ്പുരകൾ (മാഗസിൻ) ഓരോ തടവുകാരുടെ ഉള്ളിലും വിസ്ഫോടനത്തിനു തയ്യാറായി ഒളിഞ്ഞിരിപ്പുണ്ട്. ഇവയുടെ ജൈവീകമായ ഒരു പ്രവാഹമാണ് ഈ മാഗസിന്റെ ഉള്ളടക്കം. വ്യാകരണശുദ്ധിക്കും ഭാഷാനൈപുണ്യത്തിനും പകരം പച്ചയായ ജീവിതാനുഭവങ്ങൾ സംസ്ക്കരിക്കപ്പെടാത്ത വരികളിലൂടെ അടുക്കും ചിട്ടയും തെറ്റിച്ച് ഓരോ താളുകളിലും തുന്നിച്ചേർത്തിരിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ട ലോകത്തിന്റെ പ്രകാശമാണിത്. ഇതിന്റെ പ്രകാശം എഴുതിയവരുടെ മാത്രമല്ല വായിക്കുന്നവരുടേയും ലോകത്ത് പരക്കണം എന്ന ലക്ഷ്യവും ഇതിന്റെ സംഘാടകർക്കുണ്ട്. അത് സാധിച്ചാൽ പുനർജനി ഏറ്റെടുത്ത അതിന്റെ കടമ നിറവേറ്റപ്പെടും. അതിന്റെ ആത്മവിശ്വാസം ജയിലകങ്ങളിലെ പുനർവാർക്കപ്പെടലുകൾക്ക് ശക്തിയും തീവ്രതയും പകരും. പുതിയ ഓർഗാനിക് എഴുത്തുകാർ സൃഷ്ടിക്കപ്പെടും എഴുത്തിന്റെ വ്യത്യസ്ത ശാഖ തുറക്കപ്പെടും. ഒരു പ്രളയത്തിന്റെ തുടക്കമാണിത്. ആരോഗ്യകരമായ വിമർശനങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും പുനർജനിയെ സമ്പന്നമാക്കേണ്ടത് ഓരോ വായനക്കാരന്റേയും ഉത്തരവാദിത്വമാണ്.

**"ഒരു രാജ്യത്തിലെ ജയിലകങ്ങളെക്കുറിച്ചറിയാത്തിടത്തോളം ഒരാൾക്ക് ആ രാജ്യത്തെ പറ്റി ശരിയായ അറിവുണ്ടായിരിക്കുമെന്ന് പറയാനാകില്ല. ഒരു രാജ്യത്തെ ഉന്നത വ്യക്തികളെ വെച്ചുകൊണ്ടല്ല ആ രാജ്യത്തെ വിലയിരുത്തേണ്ടത്. മറിച്ച് അവിടുത്തെ ഏറ്റവും താഴേ തട്ടിലുള്ളവരെ വെച്ചാണ്."**

നെൽസൺ മണ്ടേലയുടെ **'ലോംങ്ങ് വാക്ക് ടു ഫ്രീഡം'** എന്ന ആത്മകഥയിൽ നിന്ന്.



# ജയിലുകൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്

**ഒ.ജെ. തോമസ്**
വെൽഫെയർ ഓഫീസർ/ മുഖ്യ പത്രാധിപർ

ജയിലുകൾ എന്നും മാനവരാശിയുടെ ഇരുളടഞ്ഞ അദ്ധ്യായങ്ങളാണ്. അവയെന്നും മാനവികതയുടെ എതിർ ഇടങ്ങളായാണ് അടയാളപ്പെടുത്തപ്പെട്ടത്. മനുഷ്യാവകാശങ്ങളേയും മൗലികാവകാശങ്ങളേയും ഉയർത്തിപ്പിടിക്കുന്ന ആധുനിക സ്വതന്ത്ര ചിന്തകളിൽ ഉറപ്പായും ജയിലുകൾ ഉണ്ടായിരിക്കുകയില്ല. എന്നിട്ടും എന്തുകൊണ്ട് ജയിലുകൾ ഉണ്ടാകുകയും നിലനിൽക്കുകയും ചെയ്യുന്നുവെന്നത് ഒരു സങ്കീർണ്ണ പ്രശ്നമാണ്.

വ്യക്തികളിൽ നിന്ന് കൂട്ടായ്മയിലേക്ക് പിച്ചവെച്ച ഗോത്രജീവിതത്തിൽ തന്നെ ചില ക്രമങ്ങൾ രൂപപ്പെട്ടിരുന്നു. കീഴ്‌വഴക്കങ്ങളിലൂടെ ചില മുറകൾക്കും ശീലങ്ങൾക്കുമൊപ്പം ചില നിബന്ധനകളും അരുതായ്മകളും കൂടി രൂപമെടുക്കുന്നുണ്ട്. ഇതെല്ലാം ചേർന്നാണ് ആ സമൂഹത്തിലെ ശരി-തെറ്റുകളാകുന്നത്. അവ്യക്തമായ ശരികളും തെറ്റുകളും ആവർത്തനങ്ങളിലൂടെ സുവ്യക്തമായ ശരികളും തെറ്റുകളുമാകുമ്പോൾ അവ സമൂഹത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട കൂടുതൽ ദൃഢമായ സാമൂഹിക ക്രമമായി രൂപപ്പെടുന്നു. ചെയ്യാൻ പാടുള്ളത്/ഇല്ലാത്തത് എന്ന് വ്യക്തമായി വേർതിരിഞ്ഞ ഇവയാണ് പിന്നീട് സാമൂഹിക നിയമങ്ങളാകുന്നത്. ആദ്യകാലത്ത് എഴുതപ്പെടാത്തതും പിന്നീട് എഴുതപ്പെട്ടതുമായ ഈ സാമൂഹിക നിയമങ്ങളാണ് അതാതു കാലത്തെ സാമൂഹിക വ്യവസ്ഥയെ നിലനിർത്തുന്നത്. പിന്നീട് മനുഷ്യന്റെ ചിന്തകളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നുമൊക്കെ ആർജിച്ചെടുക്കപ്പെടുന്ന പുതിയ ആശയങ്ങൾ ഈ സാമൂഹിക നിയമങ്ങളെ നിരന്തരം പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയാണ് സമൂഹം മുന്നേറുന്നത്.

എന്നാൽ കാര്യങ്ങൾ അത്ര ലളിതമല്ല. ഏതൊരു സംഘജീവിതത്തിലും കൂട്ടായ്മകളുടെ ഊഷ്മളതകൾക്കൊപ്പം വ്യക്തിപരമായ താൽപര്യങ്ങളും നിലനിൽക്കുന്നുണ്ട്. കൂട്ടായ്മകൾക്കകത്ത് പൊതു താൽപര്യവും വ്യക്തിയുടെ സ്വകാര്യതാത്പര്യങ്ങളും തമ്മിൽ പരസ്പരം യോജിക്കണമെന്നില്ല. ഈ യോജിപ്പില്ലായ്മ സംഘജീവിതത്തിൽ എപ്പോഴും ഭിന്നിപ്പുണ്ടാക്കുന്നു. എന്നാൽ ഒരു സാമൂഹ്യജീവി എന്ന നിലയിൽ കൂട്ടായ്മയിലൂടെ മാത്രമേ മാനവസമൂഹത്തിനു നിലനിൽക്കാൻ തന്നെ കഴിയുകയുള്ളൂ. വ്യക്തി താൽപര്യങ്ങളും സമൂഹത്തിന്റെ പൊതുതാത്പര്യങ്ങളും സന്തുലിതമായി

ഏകോപിച്ചു മുന്നോട്ടു കൊണ്ടുപോകാനാണ് പൊതുസമൂഹത്തിൽ എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ നിയമങ്ങൾ ആവശ്യമാകുന്നത്. ഈ നിയമങ്ങൾ സാമൂഹിക ഉത്തരവാദിത്വങ്ങളേയും കടമകളേയും മാത്രമല്ല അരുതായ്മകളേയും വേർതിരിച്ചു വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെയുള്ള ശരികളും തെറ്റുകളും നിരന്തരമായി മാറിക്കൊണ്ടിരിക്കും. ബാല്യവിവാഹം ഒരു കാലത്ത് ശരിയായിരുന്നത് പിന്നീട് സമൂഹത്തിന്റെ പുരോഗതിയിൽ തെറ്റാണെന്നു മനസ്സിലാക്കപ്പെട്ടത് ഇതാണ് സൂചിപ്പിക്കുന്നത്. അച്ചടക്കമെന്നത് വ്യക്തിപരമായി പാലിക്കുന്ന ഒരു കാര്യമാണെങ്കിലും അതിന്റെ അടിത്തറയെന്നത് പൊതുബോധത്തിൽ നിന്നാണുണ്ടാകുന്നത്. പൊതുസമൂഹത്തിലെ ശരികൾ അച്ചടക്കവും പൊതുസമൂഹത്തിലെ തെറ്റുകൾ അച്ചടക്കരാഹിത്യവുമാകുന്നത് അതുകൊണ്ടാണ്. അതാതു സാമൂഹിക വ്യവസ്ഥിതികളിലെ ശരിതെറ്റുകൾ ശരിയാംവണ്ണം ഉൾക്കൊള്ളുമ്പോഴാണ് ഒരാൾക്ക് അച്ചടക്കം പാലിക്കാൻ കഴിയുക. ഉദാഹരണത്തിന് സ്ത്രീകളെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്നുള്ള പൊതുവായ സാമൂഹിക കാഴ്ചപ്പാട് ഉൾക്കൊള്ളുന്നവർക്ക് മാത്രമേ സ്ത്രീകളോടുള്ള പെരുമാറ്റത്തിൽ ശരിയായ അച്ചടക്കം പാലിക്കാനാകുകയുള്ളു. അതുപോലെ തന്നെ ങ്ങൾക്കെതിരെ സംസാരിച്ചവരും ജാതിക്കും ലിംഗപരമായ വേർതിരിവിനുമെതിരായി സംസാരിച്ചവരും ആദ്യകാലത്ത് പൊതുസമൂഹത്തിന് അച്ചടക്കവിരുദ്ധരായിരുന്നു. യേശുക്രിസ്തു കുരിശിൽ തറക്കപ്പെട്ടതും സോക്രട്ടീസ് വിഷം കഴിക്കേണ്ടി വന്നതും ബ്രൂണോ ചുട്ടുകൊല്ലപ്പെട്ടതും അവർ നിലനിൽക്കുന്ന നിയമങ്ങൾക്ക് എതിരുനിന്നതിനാലാണ്. വി.ടി യും അയ്യങ്കാളിയും ശ്രീനാരായണഗുരുവും ഒക്കെ ആദ്യകാലത്ത് ശക്തമായ എതിർപ്പുകളെ നേരിട്ടവരും അച്ചടക്കലംഘകരുമായിരുന്നു. എന്നാൽ ഇവരുടെ ആശയങ്ങൾ പിന്നീട് പൊതുസമൂഹ

> **"അച്ചടക്കമെന്നത് വ്യക്തിപരമായി പാലിക്കുന്ന ഒരു കാര്യമാണെങ്കിലും അതിന്റെ അടിത്തറയെന്നത് പൊതുബോധത്തിൽ നിന്നാണുണ്ടാകുന്നത്. പൊതുസമൂഹത്തിലെ ശരികൾ അച്ചടക്കവും പൊതുസമൂഹത്തിലെ തെറ്റുകൾ അച്ചടക്കരാഹിത്യവുമാകുന്നത് അതുകൊണ്ടാണ്."**

അച്ചടക്കവും സ്വാതന്ത്ര്യവും എതിർധ്രുവങ്ങളിലുള്ള കാര്യങ്ങളാണെങ്കിലും അവ പരസ്പര ബന്ധിതമാണ്. അതേ ഉദാഹരണം പരിശോധിക്കുകയാണെങ്കിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പൊതുബോധം ഉൾക്കൊണ്ടുകൊണ്ട് ഉത്തരവാദിത്വത്തോടെ (അച്ചടക്കത്തോടെ) ഇടപെടുന്ന പുരുഷൻമാരുള്ള സമൂഹത്തിൽ സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും സ്വാതന്ത്ര്യബോധവുമുണ്ടാകും. സ്ത്രീകളുടെ ചലനക്ഷമത കൂടുതലുമായിരിക്കും. ഈ വിധത്തിൽ അച്ചടക്കമെന്നത് സാമൂഹിക വ്യവസ്ഥിതിയായും സമൂഹത്തിന്റെ പൊതുബോധമായും ബന്ധപ്പെട്ടിരിക്കുന്നതോടൊപ്പം പൊതുസമൂഹത്തിന്റെ സ്വാതന്ത്ര്യത്തെ ശക്തമായി ചലിപ്പിക്കുന്ന ഒന്നുമാണ്.

അച്ചടക്കമില്ലായ്മയെ നമ്മൾ എങ്ങിനെയാണ് മനസ്സിലാക്കുക. നിലവിലുള്ള പൊതുബോധത്തിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് അച്ചടക്കരാഹിത്യമായാണ് കണക്കാക്കപ്പെടുക. സമൂഹത്തിലെ ഉച്ചനീചത്വ ത്തിലേക്ക് സ്വാംശീകരിക്കപ്പെടുകയും പൊതുബോധമായി സ്വീകരിക്കപ്പെടുകയും ചെയ്തു. പിന്നീട് ഈ ആശയങ്ങൾ ഉൾക്കൊള്ളുകയും അനുവർത്തിക്കുകയും ചെയ്യുകയെന്നത് അച്ചടക്ക പൂർണ്ണമായ കാര്യമായിമാറി. മറ്റൊരു വശത്ത് തെറ്റായ ആശയങ്ങൾ ഉൾക്കൊണ്ടു കാര്യങ്ങൾ ചെയ്യുന്നത് ഗുരുതരമായ അച്ചടക്കലംഘനമാകാറുണ്ട്. ഉദാഹരണത്തിന് സ്ത്രീ വിരുദ്ധ, സവർണ്ണ മനോഭാവം, വർഗ്ഗീയത, സങ്കുചിത ബോധം,


അതിരുകടന്ന സ്വാർത്ഥത ഇതെല്ലാം ഉൾക്കൊള്ളുന്നവർ സ്വാഭാവികമായും അതിഗുരുതരമായ അച്ചടക്കവിരുദ്ധതകളിലേക്കാണ് ചെന്നുവീഴുക. ബോധപൂർവ്വമോ, അല്ലാതെയോ ഒക്കെയായി ഇത്തരം പിന്തിരിപ്പൻ ആശയങ്ങൾ തന്നെയാണ് മിക്കവാറുമെല്ലാ അച്ചടക്കലംഘനങ്ങളുടെയും അടിത്തറ എന്നുകാണാം.

അച്ചടക്കമില്ലായ്മയെ എങ്ങിനെ നേരിടുമെന്ന സങ്കീർണ്ണമായ പ്രശ്നം എല്ലാക്കാലത്തും എല്ലാ സമൂഹത്തിലും അഭിമുഖീകരിക്കുന്ന ഒന്നാണ്. കുടുംബത്തിലും സൗഹൃദങ്ങളിലും കൂട്ടായ്മകളിലും ഒക്കെയുള്ള അച്ചടക്കമില്ലായ്മകളെ എഴുതപ്പെടാത്ത നിയമങ്ങളുടെ അടിസ്ഥാനത്തിൽ പറഞ്ഞു മനസ്സിലാക്കലും വഴക്കുപറയലും ഒക്കെയുള്ള നടപടികളിലൂടെയാണ് നേരിടുക. എന്നാൽ പൊതുസമൂഹത്തിലാണെങ്കിലോ സമൂഹത്തിലെ എഴുതപ്പെട്ട വിവിധ നിയമം, നീതി നിർവ്വഹണ നടപടി ക്രമങ്ങൾ തുടങ്ങിയ നിയമവാഴ്ചയിലൂടെയാണ് അച്ചടക്കലംഘനങ്ങളെ നേരിടാൻ കഴിയുക. ഇതിനാണ് വിവിധ നിയമങ്ങളും ന്യായാധിപരും, കോടതികളുമെല്ലാമുള്ള നീതി നിർവ്വഹണ സംവിധാനവും രൂപംകൊടുക്കപ്പെട്ടിരിക്കുന്നത്. നീതി നടപ്പിലാക്കാനാണ് നിയമങ്ങളും കോടതികളും സ്ഥാപിക്കപ്പെടുന്നത്. നീതിയെന്നത് സമൂഹത്തിന്റെ പൊതുബോധം തന്നെയാണ്. നിയമവാഴ്ചക്കായി അപൂർവ്വ സന്ദർഭങ്ങളിൽ കുറ്റാരോപിതരേയും അപരാധികൾ എന്ന് തീർപ്പുകൽപ്പിച്ചവരേയും സവിശേഷമായി മാറ്റിപ്പാർപ്പിക്കുന്നതിന് ചില കേന്ദ്രങ്ങൾ ആവശ്യമായി വന്നു. ഇങ്ങനെയാണ് ജയിലുകൾ സൃഷ്ടിക്കപ്പെട്ടത്. ജയിലുകൾ സ്വതന്ത്രമായ സംവിധാനങ്ങളല്ല. മറിച്ച് പൊതുസമൂഹത്തിന്റെ സാമൂഹ്യവ്യവസ്ഥയും ബോധവുമായി അഭേദ്യമായി ബന്ധപ്പെട്ടതും അച്ചടക്കത്തിന്റെയും അതു സംരക്ഷിക്കുന്ന നീതി വ്യവസ്ഥിതിയുടെയും ഭാഗവും തുടർച്ചയുമായ അനുബന്ധ സ്ഥാപനങ്ങളാണ്.

ആദ്യകാലത്ത് അധിനിവേശം നടത്തുന്ന രാജ്യങ്ങളിൽ നിന്നും ജോലിക്കായി പിടിച്ചെടുക്കുന്ന അടിമകളെ പാർപ്പിക്കുന്ന കേന്ദ്രങ്ങളായിരുന്നു തടങ്കൽ പാളയങ്ങൾ. 19-ാം നൂറ്റാണ്ടുവരേയും സ്റ്റേറ്റിന്റെ അടിമകളായാണ് തടവുകാരെ കണക്കാക്കിയിരുന്നത്. പിന്നീട് പൗരാവകാശ അവബോധത്തിലുണ്ടായ പുരോഗതി തടവുകാരുടെ അവകാശങ്ങളെ അംഗീകരിക്കുകയും തടവുകാർക്കും അവകാശങ്ങളും കടമകളും നിശ്ചയിച്ചുറപ്പുള്ള ജയിൽ മാനുവലുകൾ നിലവിൽ വരികയും ചെയ്തു. ഗുരുതരമായ അച്ചടക്കലംഘകരെ പുനർവാർത്തെടുക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് ജയിലുകൾ മാറുന്നതിന്റെ ഭാഗമായി ജയിലുകളെ കറക്ഷണൽ ഹോമുകളായി കണക്കാക്കാൻ തുടങ്ങി. തെറ്റുകളെ കഠിന ശിക്ഷകൾ കൊണ്ട് നേരിടുകയെന്ന പഴയ കാഴ്ചപ്പാടിൽ നിന്നുള്ള വേർതിരിവുകൂടിയാണിത്. കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന രീതിയിൽ കുറ്റാരോപിതരോടും കുറ്റം സ്ഥാപിക്കപ്പെട്ടവരോടും സമീപനമെടുക്കുന്നതിനു പകരം ഇത്തരം കുറ്റങ്ങൾ ഉയർന്നുവരുന്നതിനുള്ള സാമൂഹികവും സാമ്പത്തികവും മാനസികവുമായ ഘടകങ്ങളെ സസൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് മാറ്റിപ്പാർപ്പിക്കപ്പെടുന്നവരെ പുനർവാർത്തെടുക്കുന്ന കേന്ദ്രങ്ങളാണ് ആധുനികകാല ജയിലുകൾ. പാഠശാലകൾ, തൊഴിലിടങ്ങൾ, വിനോദോപാധികൾ, മനശാസ്ത്രപരമായ ഇടപെടലുകൾ ഇന്റർവ്യൂകളിലൂടെയും ഫോൺവിളികളിലൂടെയുമുള്ള ഇടപെടലുകൾ പുറംലോകത്തേക്ക് ഘട്ടം ഘട്ടമായി കൂടിച്ചേരുന്നതിനായുള്ള പരോൾ അവധികൾ ഇങ്ങനെ വിവിധങ്ങളായ ബഹുസ്വര പുനർവാർത്തെടുക്കൽ പ്രക്രിയകളിലൂടെ പൊതുസമൂഹത്തിന്റെ സുരക്ഷാനാളിയായി ജയിൽ പ്രവർത്തിച്ചുവരുന്നു. ജയിലിൽ പാർപ്പിക്കപ്പെട്ടവരിൽ സ്വാഭിമാനവും ആത്മവിശ്വാസവും ധാർമ്മിക മൂല്യങ്ങളും സാമൂഹ്യബോധവുമൊക്കെ ഉണ്ടാക്കിയെടുക്കാനാവശ്യമായ ആധുനിക പരിശീലന-ബോധനമുറകൾ

**"ഗുരുതരമായ അച്ചടക്കലംഘകരെ പുനർവാർത്തെടുക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് ജയിലുകൾ മാറുന്നതിന്റെ ഭാഗമായി ജയിലുകളെ കറക്ഷണൽ ഹോമുകളായി കണക്കാക്കാൻ തുടങ്ങി. "**

ജയിൽ ഉദ്യോഗസ്ഥർക്ക് നിരന്തരം പരിചയപ്പെടുത്തപ്പെടുന്നുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പുതുതായി വരുന്ന ഉന്നത വിദ്യഭ്യാസം നേടിയ ജയിൽ ഉദ്യോഗസ്ഥർ പഴയകാല ഇരുളടഞ്ഞ രീതികളിൽ നിന്നും രൂപങ്ങളിൽ നിന്നും വേറിട്ടുകൊണ്ട് പ്രകാശപൂരിതമായ ശരിയായ പുനർവാർത്തെടുക്കൽ നടപടികളിൽ സജീവമായി ഇടുപെടുന്നത് ആശാവഹമാണ്. ജയിലിലടക്കപ്പെടുന്ന ഏതൊരാളും ഒരു സബ്ജക്ട് ആണ്. അതുകൊണ്ട് തന്നെ ഓരോരുത്തരേയും പഠിക്കുകയും വിശകലനം ചെയ്യുകയും അവരുടെ സാമൂഹിക സാഹചര്യത്തിനും മാനസിക ഘടനക്കുമിണങ്ങിയ നിരന്തരമായ ഇടപെടലുകളിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സ്വഭാവവ്യതിയാനങ്ങളേയും ചിന്താപരമായ പിന്നോക്കാവസ്ഥയേയും ശരിയായ ദിശയിലേക്കു വഴിതിരിച്ചു വിടാനും അവരുടെ കഴിവുകൾ കണ്ടെത്തി വളർത്തിയെടുത്ത് ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കലുമാണ് കറക്ഷണൽ പദ്ധതികളുടെ ലക്ഷ്യം. അതത്ര എളുപ്പമുള്ള കാര്യമല്ല. മുപ്പതോ നാൽപ്പതോ കൊല്ലം കൊണ്ട് രൂപം കൊടുക്കപ്പെട്ട സ്വഭാവ ഘടനകളേയും ശീലങ്ങളേയും മാറ്റി പ്രതിഷ്ഠിക്കുക അത്ര എളുപ്പമായിരിക്കില്ല. പരിശീലനക്കുറവ്, കാഴ്ചപ്പാടുകളുടെ അഭാവം, വിഭവ ദാരിദ്ര്യം, താമസിപ്പിക്കാൻ കഴിയുന്നതിനേക്കാളേറെ പേരെ ഉൾക്കൊള്ളിക്കുമ്പോഴുള്ള പ്രയാസങ്ങൾ, പഴയകാല ദുസ്വാധീനം ഇങ്ങനെ നിരവധി പോരായ്മകളെ കൂടി പരിഹരിച്ചുകൊണ്ടു വേണം ഈ ലക്ഷ്യത്തിലെത്താൻ. എന്നാൽ ജയിലുകൾ ഒറ്റപ്പെട്ട തുരുത്തല്ല. ജയിൽ സംവിധാനങ്ങളിലൂടെ മാത്രം സമൂഹത്തിലെ അച്ചടക്കരാഹിത്യം ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ല. സാമൂഹിക നീതിയും ജീവിത സുരക്ഷയുമൊക്കെ ഉറപ്പുവരുന്ന സ്വീഡനും നോർവ്വെയുമടക്കമുള്ള സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ജയിലുകൾ പലതും അടച്ചു പൂട്ടുകയാണ്. ഇതുതന്നെയാണ് ഇവിടേയും വേണ്ടത്. കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാമൂഹിക സാഹചര്യങ്ങൾ കുടിയില്ലാതാക്കണം. ധാർമ്മിക മൂല്യങ്ങൾക്കും സാമൂഹിക കൂട്ടായ്മകൾക്കും ഊന്നൽ സൃഷ്ടിക്കുന്ന പൊതു അവബോധം സൃഷ്ടിക്കപ്പെടണം. ഇത് കുറ്റങ്ങളെ കുറക്കുക തന്നെ ചെയ്യും. ശരിയായ പുനർവാർത്തെടുക്കലിലൂടെ ജയിലുകൾ ഒന്നാന്തരം പൗരന്മാരെ സൃഷ്ടിക്കുന്ന കേന്ദ്രങ്ങളാകുകയാണ്. സമൂഹപുരോഗതിയിൽ ജയിലുകൾ ഭാവിയിൽ വളരെ ക്രിയാത്മകമായ പങ്കുതന്നെയാണ് വഹിക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട ജയിൽ മേധാവി ശ്രീലേഖ മേഡം ഹിന്ദുവിലെ ലേഖനത്തിൽ എഴുതിയതുപോലെ ജയിലുകൾ ഇനിയൊരിക്കലും ഇരുളടഞ്ഞ കേന്ദ്രങ്ങളാകില്ല.




**ശുഭചിന്തകളുടെ ഹാസ്യവിചാരങ്ങൾ**

# അടിമയും യജമാനനും

**ബി. സുനിൽകുമാർ**
മുൻ ജോയിന്റ് സൂപ്രണ്ട്

**ഒ**രിക്കൽ ഒരു രാജാവ് തന്റെ അനുചരന്മാർക്കൊപ്പം ക്ഷേത്രദർശനത്തിനായി പോവുകയായിരുന്നു. ഈ രാജാവ് വളരെ പ്രജാക്ഷേമതൽപരനും സദ്ഗുണ സമ്പന്നനുമായിരുന്നു. പക്ഷേ ഒരൊറ്റ കുഴപ്പം മാത്രം ക്ഷിപ്രകോപിയാണ്. പെട്ടെന്ന് ദേഷ്യം വരും എന്തിനുമാകാം. അതിനാൽത്തന്നെ അദ്ദേഹത്തോട് വളരെ ശ്രദ്ധിച്ചുമാത്രമാണ് ആളുകൾ ഇടപെട്ടിരുന്നത്. ആ യാത്രയിൽ ഒരു ആൽ മരച്ചുവട്ടിൽ ഒരു ആൾക്കൂട്ടം രാജാവ് കണ്ടു. എന്താണെന്ന് അന്വേഷിക്കുവാൻ അദ്ദേഹം മന്ത്രിയോട് പറഞ്ഞു. "പ്രഭോ അവിടെ ഒരു സ്വാമി വന്നിട്ടുണ്ട് അനുഗ്രഹം നടത്തുകയാണ്" ശരി അങ്ങോട്ടേക്ക് പോവാം എന്ന്രാജാവ്. അങ്ങോട്ടേക്ക് നടന്നു. രാജാവിനെ കണ്ടതും അവിടെ ഉണ്ടായിരുന്ന എല്ലാവരും ചാടിയെഴുന്നേറ്റു വണങ്ങി. എന്നാൽ അവിടെ ഉണ്ടായിരുന്ന സ്വാമിമാരാരും എഴുന്നേറ്റില്ല ആറ് പേരും രാജാവിനെ ശ്രദ്ധിക്കുകപോലും ചെയ്തില്ല. സ്വാഭാവികമായും രാജാവിന് ദേഷ്യം വന്നു. പക്ഷേ സ്വാമിമാരായിപ്പോയില്ലേ കോപം നിയന്ത്രിച്ചു കൊണ്ട് പരുഷമായസ്വരത്തിൽത്തന്നെ അദ്ദേഹം സ്വാമിയോട് താൻ രാജാവാണെന്നും രാജാവിനെ എല്ലാവരും ബഹുമാനിക്കുന്നതാണ് നാട്ടുനടപ്പെന്നും പറഞ്ഞു. ഈ അവസരത്തിൽ സ്വാമി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു "രാജാവേ അങ്ങയുടെ യജമാനൻ എന്റെ അടിമയാണ്" അതിനാലാണ് ഞാൻ എഴുന്നേറ്റ് അങ്ങയെ വണങ്ങാത്തത്. എന്ത് ! രാജാവിന് ആകെ കൺഫ്യൂഷനായി. എന്താണിത്; എന്റെ യജമാനൻ സ്വാമിയുടെ അടിമയോ? അത് എന്തായാലും അറിഞ്ഞിട്ടുതന്നെ കാര്യം. അദ്ദേഹം ചോദിച്ചു: സ്വാമിജി എന്താണ് ഉദ്ദേശിച്ചത്.? സ്വാമിജി പറഞ്ഞു. രാജാവേ അങ്ങയെ ഭരിക്കുന്നത് അഹംഭാവവും അതിൽനിന്നുളവാകുന്ന കോപവുമാണ്. ഇവയെ രണ്ടും ഞാൻ നിയന്ത്രിക്കുന്നവനാണ്. എന്ന് മറുപടിയായി പറഞ്ഞു. രാജാവിന് തന്റെ തെറ്റ് മനസ്സിലാവുകയും സ്വാമിയെ യഥോചിതം സ്വീകരിച്ച് സൽകരിച്ച് ആശ്രമം അടക്കമുള്ള സഹായങ്ങളും രാജാവ് ചെയ്ത് കൊടുത്തു. കാലാതിവർത്തിയായ ഒരു സന്ദേശമാണിതിലുള്ളത്. ചിന്ത വാക്കുകളിലേക്കും വാക്കുകൾ പ്രവർത്തിയിലേക്കും നമ്മെ നയിക്കുന്നു. അഹംബോധം നിറഞ്ഞ മനസ്സിൽ തെറ്റായ ചിന്തകൾ ഉണ്ടാക്കുവാൻ അധികം സമയം വേണ്ട. അത് കോപത്തിനും അതുവഴി വലിയ അപകടങ്ങൾക്കും വഴിവയ്ക്കുമെന്ന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാട്ടാൻ പറ്റും. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്ക് ഒരു നിമിഷം തിരിഞ്ഞുനോക്കിയാൽ മനസ്സിലാവുന്നതേയുള്ളു ഇക്കാര്യങ്ങൾ. അംഗർ (Anger) എന്നാണ് ഇംഗ്ലീഷിൽ ദേഷ്യത്തിന് പറയുന്നത്. സരസനായ ഒരു അഭിഭാഷകൻ ഒരിക്കൽ അറിയപ്പെട്ടത് ഇങ്ങനെയാണ്. ദേഷ്യം/ അംഗർ (Anger) എന്നതിന്റെ അനന്തരഫലങ്ങൾ അറിയണമെങ്കിൽ അംഗർ എന്നതിന്റെ ഇടത് വശത്ത് ഒരു "ഡി" ഇട്ടാൽ മറവിയെന്നാണ്. angerന്റെ ഇടത്ത് "d" എന്ന ഇംഗ്ലീഷ് അക്ഷരം കൂടിച്ചേർന്നാൽ അത് "danger" അപകടം ആയി മാറും എത്ര അർത്ഥവത്തായ സന്ദേശം അല്ലേ. അത് കൊണ്ട് ദേഷ്യം നിയന്ത്രിക്കുന്നത് ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കുക. അപകടങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കാം. പരസ്പരം സഹായിക്കാം, സ്നേഹിക്കാം തന്റെ സഹജീവിതങ്ങളെ മുറിവേൽപ്പിക്കാതിരിക്കാം.




# "എന്റെ സഹോ.....
# ഇവിടെ കംപ്ലീറ്റ് പോസിറ്റീവാണ്ട്ടോ...."

**വിപിൻ ലാൽ**
സി. നമ്പർ 3771

<u>**സമർപ്പണം**</u>

"രാജ്യം പദ്മവിഭൂഷൺ നൽകി ആദരിച്ച.....
പ്രതിസന്ധികളെ ചിരികൊണ്ട് നേരിടാൻ പഠിപ്പിച്ച...
അഭിവന്ദ്യ... മാർ ക്രിസോസ്റ്റം തിരുമേനിക്ക്....."

**ഓർമ്മ** :- പൂജപ്പുര സെൻട്രൽ ജയിലിൽ ഒരു പരിപാടി ഉദ്ഘാടനം ചെയ്യാൻ എത്തിയ തിരുമേനി അവിടുത്തെ അന്തേവാസികളെ അഭിസംബോധന ചെയ്ത് സംസാരിച്ചത് ഇങ്ങനെയാണ്......

"സുഹൃത്തുക്കളെ... കക്കാൻ മാത്രം പഠിച്ചാൽ പോര... നിക്കാനും പഠിയ്ക്കണം!... നിക്കാൻ പഠിച്ചില്ലെങ്കിൽ ഇതുപോലെ ജയിലിലാകും..... നിക്കാൻ പഠിച്ചാൽ, എന്നെപ്പോലെ വല്ല 'തിരുമേനി'യൊക്കെയായി വിലസി നടക്കാം"......

ഈ വാക്കുകൾ.... ആർത്തു ചിരിച്ച് നിറഞ്ഞ കൈയ്യടിയോടെയാണ് അന്തേവാസികൾ സ്വീകരിച്ചത്...

## ഇവിടെ കംപ്ലീറ്റ് പോസിറ്റീവാണ്ട്ടോ....!

ന്യൂജനറേഷൻ തരംഗത്തിൽ കൊച്ചി പിള്ളേര് ബ്രദറിനെ 'ബ്രോ' ആക്കിയപ്പോൾ നമ്മൾ മലയാളികൾ സഹോദരനെ 'സഹോ'... എന്നുമാക്കി... അപ്പോ 'സഹോ'... ഇതൊന്നു കേട്ടേ...."an optimist sees an opportunity in every calamity ന്നല്ലേ?"

അതേന്നേ ഒരു ശുഭാപ്തി വിശ്വാസി ഏതൊരു ദുരന്തത്തിലും ഒരു സാധ്യത കണ്ടെത്തും,

ശുഭാപ്തി വിശ്വാസി അല്ലാത്ത ആളോ....? ഏതൊരു സാധ്യതയിലും ഒരു ദുരന്തവും കണ്ടെത്തും... സഹോ ജയിലിൽ എത്തിപ്പെട്ടത് ഒരു ദുരന്തമായി കരുതുന്നുവെങ്കിൽ... ആ ദുരന്തത്തിൽ ഒരു സാധ്യതയും ഒളിഞ്ഞു കിടക്കുന്നതായി വിശ്വസിക്കുക... ആ സാധ്യതയിൽ ചിലപ്പോൾ 'ഫ്രീഡം മെലഡി' എന്ന മ്യൂസിക്ക് ബാൻഡ് കാണാം.... വിവിധ തൊഴിൽ മേഖലകൾ കാണാം, കായിക മത്സരങ്ങൾ കാണാം..... തുടർ വിദ്യഭ്യാസ പദ്ധതികൾ കാണാം... ഇതിൽ നമുക്ക് വേണ്ടത് തിരഞ്ഞെടുക്കാം.......

അതാണ് സഹോ പറഞ്ഞത്

"don`t think about the past
don`t think about the future
live in the present... ന്ന്"

കഴിഞ്ഞ് പോയതിനെക്കുറിച്ചോ... വരാനിരിക്കുന്നതിനെക്കുറിച്ചോ.... ആലോചിച്ച് സമയം കളയാതെ.... ഇന്നിൽ ജീവിക്കുക... ഇന്നലെ നാം എന്തായിരുന്നു എന്നോ.... നാളെ നാം എന്താകുമെന്നോ ചിന്തിച്ചു കൂട്ടാതെ... ഇന്നത്തെ അവസ്ഥയിൽ സന്തോഷമായിരിക്കുക....

ലോകത്തിന്റെ മുഴുവൻ പരിച്ഛേദമാണ് നമ്മുടെ മുന്നിൽ ഉള്ളത്... അന്യ രാജ്യക്കാർ... വിവിധ ഭാഷക്കാർ... വിവിധ മതക്കാർ... എല്ലാവരും ഒരുപോലെ ജീവിക്കുന്നു.... വൈവിധ്യങ്ങളുടെ സർവ്വകലാശാലയാണ് 'ജയിൽ'. ഇവിടെ പഠിച്ച് ജീവിതം നേർവഴിക്ക് കൊണ്ടുപോകേണ്ടവരാണ് നമ്മൾ.... അപ്പോഴാണ് ജയിൽ "ശിക്ഷാ" കേന്ദ്രത്തിൽ നിന്ന് "ശിക്ഷണ" കേന്ദ്രമായി മാറുന്നത്...

## ആമയും മുയലും

"സഹോ"... ചിലപ്പോൾ നമ്മൾ തടവുകാർക്ക് തോന്നിയേക്കാം ലോകം നമ്മളെക്കാൾ വേഗം ഓടുന്നുവെന്ന്... നമ്മൾ സാവധാനം ഒന്നും അറിയാതെ ജയിലിൽ കഴിയുന്നുവെന്ന്... അത് തെറ്റാണ്, കാരണം ആമയുടെയും മുയലിന്റെയും കഥയെടുക്കാം.... ലോകം അതിവേഗം ഓടുന്ന മുയലും, നമ്മൾ പതിയെ നീങ്ങുന്ന ആമയും.... എപ്പോഴും മുയലിനേക്കാൾ ജീവിത വീക്ഷണം ആമയ്ക്കാണ്, കാരണം ആമ എപ്പോഴും വന്ന വഴിയിലെ ജീവിതകാഴ്ചകൾ കണ്ടും അനുഭവിച്ചുമാണ് മുന്നോട്ട് നീങ്ങുന്നത്.... എന്നാൽ മുയൽ ഒന്നും ശ്രദ്ധിക്കാതെയുള്ള ഓട്ടപാച്ചിലിലാണ്.....

## ഈ അടുത്ത കാലത്ത്...

"ഈ അടുത്തകാലത്ത് പത്രങ്ങളിൽ ജയിലിനെക്കുറിച്ച് വന്ന വിചിത്രമായ '3' വാർത്തകൾ നോക്കുക അപ്പോൾ മനസ്സിലാകും... ജയിൽ എത്ര പോസിറ്റീവാണെന്ന്....

## 1. മാർഗരറ്റ് മുത്തശ്ശി "പുലി"യാണ്...

ലണ്ടനിലെ 83 വയസ്സുകാരിയായ മാർഗരറ്റ് മുത്തശ്ശിക്ക് അവസാനമായി ഒരാഗ്രഹം.... മക്കളെ വിളിച്ചുവരുത്തി മുത്തശ്ശി ആഗ്രഹം അറിയിച്ചു. മുത്തശ്ശിയുടെ ആഗ്രഹം കേട്ട് മക്കൾ ഞെട്ടി.... ആഗ്രഹം ഇതായിരുന്നു... "മുത്തശ്ശിക്ക് ജയിലിൽ ഒരു ദിവസം കഴിയണം. അതും വെറുതെ കഴിഞ്ഞാൽ പോര... ഒരു പ്രതിയെ അറസ്റ്റുചെയ്യുന്നതു പോലെ പോലീസ് മുത്തശ്ശിയെ അറസ്റ്റു ചെയ്യണം, വിലങ്ങു വെക്കണം..., ജയിലിൽ എത്തിക്കണം...., ജയിൽ വസ്ത്രമണിഞ്ഞ്.... സെല്ലിൽ കഴിയണം...

പ്രതിസന്ധിയിലായ മക്കൾ ഗവൺമെന്റിന്റെയും, പോലീസിന്റെയും സഹായം തേടി... അവസാനം മുത്തശ്ശിയുടെ ആഗ്രഹപ്രകാരം ജയിലിൽ എത്തിച്ചു... ജയിൽ വസ്ത്രമണിഞ്ഞ്... സെല്ലിൽ കിടന്ന്... സെൽഫിയുമെടുത്താണ് മുത്തശ്ശി വീട്ടിലേക്ക് മടങ്ങിയത്... "മുത്തശ്ശി പുലിതന്നെ"

## 2. ജയിലിലേക്ക് ടൂറ് പോകാം

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ "ജയിൽ ടൂറിസം" പദ്ധതി തുടങ്ങുന്നതായുള്ള വാർത്ത ജയിൽ ടൂറിസത്തിന്റെ ഭാഗമായി നിശ്ചിത ഫീസ് അടച്ചാൽ ഒരു ദിവസം ജയിലിൽ

ടൂറിസ്റ്റായി പാർക്കാം... ജയിൽ വസ്ത്രവും, ഭക്ഷണവും, സെല്ലും എല്ലാം ഉപയോഗിക്കാം....

### 3. ലക്ഷദ്വീപിൽ ജയിൽ അടച്ചു പൂട്ടി!

ക്രിമിനൽ കേസുകളും മറ്റു പ്രശ്നങ്ങളും ഇല്ലാത്തതിനെത്തുടർന്ന് ലക്ഷദ്വീപിൽ ജയിൽ അടച്ചുപൂട്ടിയതായി അധികൃതർ അറിയിച്ചു.

കേരളത്തിലെ സമീപകാലത്തെ ജയിൽ വാർത്തകളിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ടത് "ജയിലിൽ മ്യൂസിക്ക് ബാൻഡ്" തുടങ്ങുന്നു എന്ന വാർത്തയാണ്... വിയ്യൂർ സെൻട്രൽ ജയിലിലെ അന്തേവാസികളുടെ മ്യൂസിക്ക് ബാൻഡായ ഫ്രീഡം മെലഡിയെക്കുറിച്ച്.

## "ഫ്രീഡം മെലഡി സ്പോഞ്ച് പോലെയാണ്"

*(നിയമപ്രകാരമുള്ള മുന്നറിയിപ്പ്)*

"ഫ്രീഡം മെലഡി സ്പോഞ്ച് പോലെയാണ്... അതിനെ ആരും ചെറുതായി കാണുരുത്... ഒരു ശരാശരി തടവുകാരന്റെ മനസ്സിലെ സംഗീത അഭിരുചിയും, ആസ്വാദനവും, കലാപരമായ മറ്റു കഴിവുകളും പുറത്തെടുത്താൽ എത്രത്തോളമുണ്ടാകുമെന്ന് ചുരുങ്ങിയ കാലം കൊണ്ട് തെളിയിച്ച ഈ മ്യൂസിക്ക് ബാൻഡ്, നമ്മളെക്കുറിച്ചുള്ള പൊതു സമൂഹത്തിന്റെ ചിത്രം മാറ്റി മറിച്ചിരിക്കുന്നു. ഈ സംഗീതം മതി ഒരാളിൽ മാറ്റമുണ്ടാക്കാൻ... വലിയ മാറ്റം".

## പാപ്പിയോണും, മതിലുകളും, ഓടിക്കളിക്കുന്ന വായനശാല

ജയിൽ വായനക്കാരിൽ ഏറ്റവും അധികം തടവുകാർ തേടുന്ന പുസ്തകങ്ങൾ ഹെന്റി ഷാരിയറുടെ "പാപ്പിയോണും" ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ "മതിലുകളും" ആയിരിക്കും. രണ്ടിന്റെയും കഥാ പശ്ചാത്തലങ്ങൾ ജയിലാണ്... ഫ്രഞ്ച് കോടതി 'ഡെവിൾസ്' ദ്വീപിലേക്ക് നാടുകടത്തി ജയിലിലടച്ച നായകന്റെ "രക്ഷപ്പെടൽ" ശ്രമങ്ങൾ വായിച്ച്... വണ്ടറടിക്കാത്ത തടവുകാരില്ല. ജയിലിലെ പ്രണയം പ്രമേയമാക്കിയ മതിലുകൾ... നായകന്റെ 'നാരായണി'യുമായുള്ള പ്രണയത്തെ വരച്ചുകാട്ടുന്നു. (വായനശാലയോട് ചേർന്നാണ് വനിതാ ജയിൽ എന്നതും ശ്രദ്ധേയം) ഒരു വായനശാല ക്രിയാത്മകമായി പ്രവർത്തിക്കുന്നതിന്റെ പ്രതിഫലനം ഓരോ അന്തേവാസിയുമായി... സംസാരിച്ചാൽ വ്യക്തമാണ്...

## അതിരുകൾ ഇല്ലാത്ത ചിരി

മാർക്രിസോസ്റ്റം തിരുമേനിയുടെ നർമ്മം പൂജപ്പുര സെൻട്രൽ ജയിലിനെ പൊട്ടിച്ചിരിപ്പിച്ചപോലെ ഇവിടുത്തെ ഏതൊരു വ്യക്തിയേയും സംഭവത്തേയും 180 ഡിഗ്രി (നൂറ്റിയെൺപത് ഡിഗ്രി) ഒന്നു മാറിചിന്തിച്ചാൽ ചിരിക്കു വക നൽകുന്നതാണ്.

കേസുകളുടെ സ്വഭാവമനുസരിച്ച് ആളുകളെ ചില ശ്രീനിവാസൻ സിനിമകളിലെ കഥാപാത്രങ്ങളുടെ പേരിട്ട് വിളിക്കുന്നരീതുയുണ്ട് ജയിലിൽ... അറിയാതെ കൊലപാതകകേസുകളിൽ പെടുന്നയാളെ " പ്രൊഫഷണൽ കില്ലർ പവനായ്" എന്നും (നാടോടിക്കാറ്റ്), വഞ്ചനാകേസിൽ പെടുന്നവരെ " ഗഫൂർ കാ ദോസ്ത്" (നാടോടിക്കാറ്റ്) എന്നും, ജയിലിൽ ഫുൾടൈം കഥയെഴുത്തുമായി നടക്കുന്നയാളെ നോവലിസ്റ്റ് (കുപ്രസിദ്ധ) അംബുജാക്ഷൻ എന്നും വിളിക്കും. ചിലർ ജയിലിൽ എത്തിയാൽ കേസിനെക്കുറിച്ച് ചോദിച്ചാൽ ഞാൻ തെറ്റുകാരനല്ല.. മറ്റൊരാളെ രക്ഷിക്കാൻവേണ്ടി പ്രതിയായതാണെന്നു പറയും. അവരെ "ഡിങ്കൻ" എന്നു വിളിക്കും. കാരണം ബാലമംഗളത്തിലെ ഡിങ്കനെ ഓർമ്മയില്ലേ... ആരെങ്കിലും അപകടത്തിൽ പെട്ടാൽ ഡിങ്കാ എന്ന് വിളിച്ചാൽ ഓടിയെത്തുന്ന ഡിങ്കൻ...

## പാകിസ്താൻ മാമൻ

ഈയിടെ പാകിസ്താനിൽ നിന്നും മീൻപിടിക്കാനായി വന്ന ബോട്ട് അതിർത്തി ലംഘിച്ചതിനെത്തുടർന്ന് നാവികസേന പിടികൂടുകയും അതിലെ ജോലിക്കാരെ  ജയിലിൽ എത്തിക്കുകയും ചെയ്തു. അതിൽ ഒരാൾ തടവുകാരുമായി സൗഹൃദത്തിലായി. അദ്ദേഹത്തെ എല്ലാ

വരും "പാകിസ്താൻ മാമൻ" എന്നു വിളിച്ചു പാകിസ്താൻ മാമന്റെ അടുത്ത് കിടക്കുന്നത് മരപ്പട്ടിയെ പിടിച്ച കേസിലെ (ഫോറസ്റ്റ് കേസ്) പ്രതിയായ അയ്യപ്പനായിരുന്നു. അയ്യപ്പനും പാകിസ്താൻ മാമനും ചുരുങ്ങിയ കാലംകൊണ്ട് ആത്മാർത്ഥ സുഹൃത്തുക്കളായി മാറി. ദാസനെയും വിജയനെയും പോലെ, വിക്രമനെയും മുത്തുവിനെയും പോലെ, കന്നാസിനെയും കടലാസിനെയും പോലെ അവർ ആത്മാർത്ഥ സുഹൃത്തുക്കളായി മാറി. ഒരുമിച്ച് ഉണ്ണും, ഒരുമിച്ച് ഉറങ്ങും. പെട്ടെന്ന് ഒരുദിവസം പാകിസ്താൻ എംബസിയുടെ ഇടപെടലിനെത്തുടർന്ന് പാകിസ്താൻ മാമന് ജാമ്യമായി. അയ്യപ്പൻ ഞെട്ടി. പൊട്ടിക്കരഞ്ഞു.. മാസം 6 കഴിഞ്ഞിട്ടും അയ്യപ്പന് ജാമ്യം കിട്ടിയില്ല. (എടുക്കാനാളില്ല). പാകിസ്താൻ മാമൻ അയ്യപ്പനെ കെട്ടിപ്പിടിച്ച് എടുത്തുപൊക്കി. ഒരു കറക്ക് കറക്കി. (അവരുടെ രീതി അതാണത്രേ) യാത്ര പറഞ്ഞു... അയ്യപ്പന്റെ ഓർമ്മക്കായി രണ്ട് "ജയിൽ സോപ്പും" മാമൻ കൊണ്ടുപോയി. ടാറ്റ തന്ന് നടന്ന് പോകുന്ന പാകിസ്താൻ മാമനെ നോക്കി നിന്ന് അയ്യപ്പൻ ഉറക്കെ വിളിച്ചുപറഞ്ഞു.

"ആയിരക്കണക്കിന് ഇന്ത്യൻ മീനുകളെ കൊന്നൊടുക്കിയ പാകിസ്താൻ മാമന് ജാമ്യമായി. ഇവിടെ ഒരു മരപ്പട്ടിയെ കൊന്ന എനിക്ക് ജാമ്യം ഇല്ല.. ഇതെന്ത് ന്യായം ? ഇതെന്ത് നീതി?

## ജയിൽ പ്രേതം!

പുതുതായി വന്ന "ട്രാൻസ്ജെൻഡേഴ്സ്" ആയ തടവുകാരെ അവരുടെ സുരക്ഷയെക്കരുതി പ്രത്യേകം സെല്ലുകളിലാണ് പാർപ്പിച്ചിരിക്കുന്നത്. ഒരു ദിവസം രാത്രി... രാത്രികാല പരിശോധനക്ക് എത്തിയ സൂപ്രണ്ടിനോട് അവർ തങ്ങളുടെ പരാതി പറഞ്ഞു. പരാതി കേട്ട് സൂപ്രണ്ട് ഞെട്ടി..... പരാതി ഇതായിരുന്നു.....

"രാത്രികാലങ്ങളിൽ അവരെ പാർപ്പിച്ചിരിക്കുന്ന പ്രദേശമാകെ... പാല പൂത്തമണം.... ചിലങ്കയുടെ ശബ്ദം... ഇടയ്ക്ക് ഒരു പെണ്ണിന്റെ പാട്ടും, കരച്ചിലും, കേൾക്കാം... രാത്രി വൈകി വരെ ഇതു നീളും..." "സർ ഞങ്ങളെ രക്ഷിക്കണം... ഇവിടെ 'പ്രേത'മുണ്ട്... ഉറങ്ങിയിട്ട് തന്നെ നാളുകളായി... സർ..., പരാതി കേട്ട സൂപ്രണ്ട് അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ മറുപടി നൽകി "ഏയ് പേടിക്കാനൊന്നുമില്ല.. നൂറിലധികം വർഷം പഴക്കമുള്ള കെട്ടിടമല്ലേ? വല്ല മരപ്പട്ടിയുമായിരിക്കും... മാത്രമല്ല ഞാൻ രാത്രികളിൽ വൈകി ഇതിലെ വരാറുള്ളതാണ് ഇതുവരെ ഞാൻ ഒന്നും കണ്ടിട്ടില്ല.... സുഖമായി ഉറങ്ങിക്കോളൂ... ok. good night... സൂപ്രണ്ട് പോകാനൊരുങ്ങി... എന്നാൽ "ട്രാൻസ്ജെൻഡേഴ്സ്" വിട്ടില്ല സർ, ഞങ്ങളെ രക്ഷിക്കണം.. ഞങ്ങളുടെ അവസ്ഥ മനസ്സിലാക്കണം... ഞങ്ങൾ പറഞ്ഞത് സത്യമാണ്... പ്ലീസ്...ഇത്തവണ സൂപ്രണ്ടിന്റെ... ടോൺ മാറി... അദ്ദേഹം മറുപടി നൽകി... നിങ്ങൾ പറഞ്ഞ കാര്യം ശരിയാണ്... വർഷങ്ങൾക്ക് മുമ്പ് ഇവിടെ രണ്ടുപേർ തൂങ്ങി മരിച്ചിട്ടുണ്ടെന്നല്ലാതെ..... ഈ സെല്ലിന് ഒരു കുഴപ്പവുമില്ല... വിശ്വസിയ്ക്ക്..... പരാതിക്കാർക്ക് പിന്നീട് ഉണ്ടായ വികാരം- എന്താണെന്ന് ഇപ്പോഴും വ്യക്തമല്ല... പ്രേതത്തെക്കുറിച്ച് പിന്നീട് ഒരു വിവരവുമില്ല.... ആവാഹനമോ, പൂജയോ, ഒഴിപ്പിക്കലോ.. ഒന്നും കൂടാതെ സൂപ്രണ്ടിന്റെ ഒറ്റ ''പഞ്ച്'' ഡയലോഗിൽ "പ്രേതം" ജയിൽ വിട്ട് പോയി....

## എന്റെ സഹോ......


ആലോചിച്ചാൽ ചിരിക്കാൻ വകയുള്ള അനുഭവങ്ങളും, കഥാപാത്രങ്ങളുമാണ് നമുക്കുചുറ്റുമുള്ളത്... ലോകത്തെ മുഴുവൻ ചിരിപ്പിച്ച "ചാർലി ചാപ്ലിൻ" തന്റെ ആത്മകഥയിൽ പറയുന്നത് "ഞാനും കരയാറുണ്ട്, പക്ഷേ മഴയത്താണ് ഞാൻ കരയാറുള്ളത്... കാരണം.... മഴയത്ത് ഞാൻ കരയുന്നത് ആരും കാണില്ലല്ലോ?... നാം ഇവിടെ ചെയ്യേണ്ട ഏറ്റവും വലിയ സേവനം മറ്റുള്ളവരുടെ മുന്നിൽ കരയാതിരിക്കുക... കൂടെയുള്ളവരെ ചിരിപ്പിയ്ക്കുക എന്നതാണ്....

## വീട്ടിലേക്കുള്ള വഴി


നാം എല്ലാവരും തന്നെ നമ്മുടെ വീട്ടിലേക്കുള്ള ഇടവഴിയിലാണ്... ആ ഇടവഴിയിൽ ടോർച്ചടിച്ച് മുന്നിൽ പോകുന്ന സുഹൃത്ത് ചോദിച്ചേക്കാം... ജയില് എങ്ങന്ണ്ട്? ന്ന്... അപ്പോൾ പറയണം.... തൃശ്ശൂർ ഭാഷയില്.... അവിടെ കംപ്ലീറ്റ് ക്രിയേറ്റീവ് "പീപ്പിൾ"സാണ്ന്ന്.....

"കംപ്ലീറ്റ് പോസിറ്റീവാണെന്ന്"

(മുന്നിൽ നടന്ന സുഹൃത്തിന്റെ മൊബൈൽ ഫോണിലേക്ക് കോൾ വരുന്നു... മൊബൈൽ റിംഗ്ടോൺ.... ലാലേട്ടന്റെ ശബ്ദം...... "നന്നാകാൻ തീരുമാനിച്ചാൽ പിന്നങ്ങോട്ട് ജീവിതത്തിൽ നല്ലതേ സംഭവിക്കൂ".... 'നാൻസി'യ്ക്ക് വേണമെങ്കിൽ പിരിഞ്ഞുപോകാം... മനസ്സിൽ കുറ്റബോധം തോന്നിയാൽ ചെയ്യുന്നതെല്ലാം... യാന്ത്രികമായിരിയ്ക്കും... മൈ ഫോൺ നമ്പർ ഈസ്... ഡബിൾ... ടു.... ഡബിൾ... ഫൈവ്....)




ചിത്രം : **രഞ്ജിത്ത് ഇ.ആർ.** സി : 3233



# സ്വപ്നം

റാസിക്ക് റഹീം
സി. 2758

പുലർക്കാല സ്വപ്നങ്ങൾ
ഫലിക്കുന്നത്
മുത്തശ്ശിക്കഥയാവാനേ വഴിയുള്ളൂ!
ഇല്ലെങ്കിൽ
എത്ര സ്വപ്നം കണ്ടിരിക്കണം
അമ്മയോടൊത്തിരിക്കുന്നത്
ഭാര്യ ചുംബിക്കുന്നത്
മക്കളോടൊത്ത് സാറ്റ് കളിച്ചത്
സ്വപ്നത്തിനിടയിൽ
അറിയാതെ കണ്ണ് തുറന്നാൽ
പിന്നെ നഷ്ട സ്വപ്നങ്ങളുടെ
നൊമ്പരം

നേരം പുലർന്നാൽ
പിന്നെ അന്തിയാവോളം
കോടതി
ഗാർഡോഫീസ്
റേഷൻ
മകിടി
പൊട്ടപ്പൻ
പെട്ടിയടി
കിളി...

പുതിയ പദകോശങ്ങളിലെ വാക്കുകളുടെ
ആന്ദോളനങ്ങൾ

കലണ്ടറിൽ നോക്കി
കൈവിരലുകളിൽ കൂട്ടിക്കിഴിച്ച്
എസ്കോർട്ട് പരോൾ
എമർജൻസി പരോൾ
സാദാ പരോൾ
എന്നിങ്ങനെ ഉരുവിട്ട്
മോചനത്തിന്
ബാക്കിയുള്ള ദിവസം
എണ്ണിത്തീർക്കൽ

എന്നാലും
പിന്നെയും രാത്രിയാവണേ
എന്നാഗ്രഹിക്കുന്നത്
നടക്കുമെന്ന് പ്രതീക്ഷയുള്ള
ആ സ്വപ്നങ്ങൾ
കാണാൻ തന്നെയാണ്

■

# മരിച്ചുകൊണ്ടിരിക്കുന്ന ഭൂമി

മൻസീദ്. ബിൻ മഹമ്മൂദ്
ആർ. പി. 731

ചത്തു നിലച്ചൊരു പുഴയുടെ ചരിതം
കുത്തി വരക്കാൻ താളില്ല
കുത്തിയൊലിച്ചൊരു പുഴയേയോർത്ത്
പൊട്ടിക്കരയാനാളില്ല
വറ്റിവരണ്ടൊരു പുഴയുടെ ചാരെ
കെട്ടിപ്പൊക്കിയ വാർപ്പുകളും!
എണ്ണിക്കെട്ടിയ നോട്ടിടപാടിൽ
പൊങ്ങിയ കോൺക്രീറ്റ് പാടങ്ങൾ
മഴയില്ലിത്തിരി പെയ്യാനിനിയും
തുള്ളിയുമില്ലാ ദാഹജലം
പതിവുകൾ തെറ്റി ഇടവപ്പാതി
കനിയാതായി കർക്കിടകം
ഇടിയും മിന്നലുമൊന്നിച്ചെത്തിയ
മൺസൂൺ മഴയും മറഞ്ഞേപോയ്
ഇനിയുമൊരിക്കൽ വരുമോ മഴയിനി
മണ്ണിൻ മനസ്സു നനക്കാനിനി വരുമോ?
ഇടമുറിയാതെ പെയ്യും മഴയിൽ
നിറഞ്ഞുകവിഞ്ഞൊരു മുറ്റത്ത്
കുനനുറുമ്പിനെ തുഴയാൻ വിട്ട
കടലാസ് വഞ്ചികളോർമ്മകളായ്
കഞ്ഞിപ്പാത്രം കരയിൽ വെച്ച്
പരൽ മീനുകൾ തപ്പിയ തോടുകളിൽ
മണ്ണു നികത്തി ഉയർത്തിയെടുത്ത്
മണിമാളിക പണിതു മാഫിയകൾ
വെട്ടിനിരത്തി കാടുകളും
നികത്തിയെടുത്തു പാടങ്ങൾ
ഇടിച്ചു പൊളിച്ചു കുന്നുകൾ, മലകൾ
തകർത്തൂ പാറക്കൂട്ടങ്ങൾ
കണ്ടൽ കാടുകളൊന്നും കാണാനില്ല
പൊന്തക്കാടുകൾ പോലും ഇനിയില്ലാ...
പച്ചനിറഞ്ഞ് നനഞ്ഞൊരു കേരള
മണ്ണോ മരുഭൂമിപോലിന്ന്.
ഇനിയുമൊരിക്കൽ വരുമോ മഴയിനി
മണ്ണിൻ മനസ്സു നനയ്ക്കാനിനിവരുമോ...?



# കടലാസുതോണി

രാകേഷ് രാജു
സി. 3441

കോരിച്ചൊരിയുന്ന മഴയിൽ ഞാനിന്നുമെൻ
ബാല്യകാലത്തെ ഓർത്തിടുന്നു
മാനത്തു കാർമേഘം പരക്കുമ്പോഴെന്നുള്ളിൽ
തുള്ളി കളിച്ച് നീർക്കുമിളകൾ ഒഴുകുന്നു
കടലാസു തോണികൾ മെനഞ്ഞിടും കൈകളാൽ
ഒഴുക്കിവിട്ടു ഞാനാ സാങ്കല്പ കപ്പിത്താൻ
അനുവധം ചെയ്തു മെല്ലെയാ തോണിയെ
തട്ടിവിട്ടാറാടി രസിച്ചതിന്നും ഓർക്കുന്നു
മഴക്കാലമെത്രയെത്ര കഴിഞ്ഞു പോയ്
ഒടുവിൽ തുഴഞ്ഞു ഞാനെത്തിയതീ തടവറയിൽ

നിയന്ത്രണം വിട്ടു ഞാൻ ചെയ്തൊരാ തെറ്റിന്
നിയമം താഴിട്ടുപൂട്ടിയതെൻ യൗവ്വനത്തെ
തെറ്റി പോയതാം ചെയ്തിയും ചിന്തകളും
എന്തെന്നറിയുന്നു ഞാൻ ഇന്നീ തടവറയിൽ
എൻ ചിരകാല സ്വപ്നത്തെ തകർത്തൊരാ
നിമിഷത്തെ
വെറുക്കുന്നു ഞാനീ നാളിൽ
കപ്പിത്താനാകുവാൻ ആശിച്ചു എൻ മനം
ഇന്നും കൊതിക്കുന്നു ആ നല്ല നാളെക്കായ്
കറയറ്റ ജീവിതം ലക്ഷ്യത്തിൽ സൂക്ഷിച്ച്
തുഴയുന്നു ഞാനിന്നുമെൻ കടലാസുതോണി
എന്നത്തേയും പോൽ ഒരു കരയെതേടി



# പ്രപഞ്ചം, ഭൂമി, മനുഷ്യൻ

**അബ്ദുൽ ജലീൽ**
സി.നമ്പർ : 916

പ്രപഞ്ചത്തെക്കുറിച്ച് ഇന്ന് മനുഷ്യൻ വളരെ അധികം അറിവുകൾ നേടിയിരിക്കുന്നു. അറിവുകൾ നേടുമ്പോൾ മനുഷ്യന് മനസ്സിലാവുന്നത് അവൻ അറിയാത്ത രഹസ്യങ്ങളാണ് പ്രപഞ്ചത്തിൽ കൂടുതൽ ഉള്ളതെന്ന്. കൂടുതൽ അറിവിന് വേണ്ടിയുള്ള അവന്റെ പരിശ്രമം തുടർന്ന് കൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിൽ ആയിരക്കണക്കിന് നക്ഷത്ര ക്കൂട്ടങ്ങളുണ്ട്. ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമായി വേറെയും ഒരുപാട് ഗോളങ്ങൾ. ഈ അടുത്തകാലത്ത് നമ്മുടെ സൗരയൂഥത്തിന് പുറത്തായി ഒരു ഭീമൻ പാറ കണ്ടെത്തിയിരിക്കുന്നു. ഭൂമിയെ പോലെയുള്ള ഒരുപാട് ഗ്രഹങ്ങളും മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്. 14 കോടി,1200 കോടി,1600 കോടി പ്രകാശവർഷങ്ങൾ അകലെയായി ഭൂമിയെ പോലെയുള്ള ഗ്രഹങ്ങളും മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്.

ഒരു സെക്കന്റിൽ പ്രകാശം 3 ലക്ഷം കിലോമീറ്ററുകൾ സഞ്ചരിക്കുന്നു. ഒരു വർഷം പ്രകാശം സഞ്ചരിക്കുന്ന ദൂരമാണ് പ്രകാശവർഷം. മനുഷ്യന് സ്വപ്നത്തിൽ മാത്രമേ ഭൂമി പോലെയുള്ള മറ്റൊരു ഗ്രഹത്തിൽ എത്തിച്ചേരാൻ കഴിയൂ. പ്രപഞ്ചത്തിൽ എല്ലാ വസ്തുക്കളും ചലിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയിലും സൗരയൂഥത്തിലും അങ്ങിനെതന്നെ അതായത് ചലനം പ്രപഞ്ചസത്യം. എവിടെ നോക്കിയാലും ചലനം കാണാം. നമ്മുടെ സൂര്യൻ ഉൾപ്പെടുന്ന ആകാശഗംഗ (milki way) എന്ന നക്ഷത്രക്കൂട്ടത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഒരു ലക്ഷം പ്രകാശവർഷം അകലമുണ്ട്. സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രത്തിൽ നിന്നും പ്രകാശം ഭൂമിയിൽ എത്തുന്നതിന് '4' വർഷം സമയം എടുക്കുന്നു. അതായത് നമ്മൾ നാല് വർഷം മുമ്പ് ഉണ്ടായിരുന്ന നക്ഷത്രത്തെയാണ് ഇന്ന് കാണുന്നത്. സൂര്യനേക്കാൾ 100 കോടി മടങ്ങ് വലിപ്പമുള്ള നക്ഷത്രങ്ങളും പ്രപഞ്ചത്തിൽ ഉണ്ട്. സൂര്യൻ ചലിക്കുന്നുണ്ട്. സൂര്യന്റെ ചലനം കാണണമെങ്കിൽ നമ്മൾ സൗരയുഥത്തിന് പുറത്ത് കടന്ന് സൂര്യനെ വീക്ഷിക്കേണ്ടി വരും. ഭൂമിയും മറ്റ് എട്ട് ഗ്രഹങ്ങളും സൂര്യനെ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി രണ്ട് ഗ്രഹങ്ങളെ കൂടി കണ്ടെത്തിയിട്ടുണ്ട്.

ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ. ഏറ്റവും വലിയ ഗ്രഹ

പ്രപഞ്ചത്തിൽ മറ്റൊരു ഗ്രഹത്തിലും ജീവ സാന്നിധ്യം ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. അന്വേഷണങ്ങൾ തുടർന്ന് കൊണ്ടേയിരിക്കുന്നു. ജീവജാലങ്ങളുടെയും സസ്യങ്ങളുടെയും വളർച്ചയും ഓരോതരം ചലനങ്ങളാണ്. കടലിലെ ജലം സൂര്യതാപമേറ്റ് നീരാവിയായി മേഘമായി പിന്നീട് മഴയായി പെയ്യുന്നു. ഭൂമിയിലെ ജീവൻ മണ്ണിനോടും ജലത്തോടും സൂര്യനോടും കടപ്പെട്ടിരിക്കുന്നു. മനുഷ്യന് വേണ്ടി ഇതെല്ലാം ഭൂമിയിൽ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ തന്റെ വളർച്ചക്കായി ഇവയെ ഉപയോഗപ്പെടുത്തുന്നു. എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മണ്ണിൽ നിന്ന് വളരുന്നു. മണ്ണില്ലെങ്കിൽ ജീവനില്ല. സസ്യങ്ങൾ സൂര്യപ്രകാശത്തിന്റെ സഹായത്താൽ അന്തരീക്ഷത്തിൽ നിന്ന് കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് പ്രകാശ സംശ്ലേഷണം എന്ന പ്രക്രിയ വഴി ആഹാരം ഉണ്ടാക്കുന്നു. ജീവികൾക്കാവശ്യമായ ഓക്സിജൻ പുറത്ത് വിടുന്നു.

മായ വ്യാഴത്തിന് രണ്ട് ഉപഗ്രഹങ്ങളുണ്ട്. ശനി ഗ്രഹത്തിനും ഉപഗ്രഹങ്ങളുണ്ട്. എല്ലാം സൂര്യനെ ചുറ്റുന്നു. പരിക്രമണം എന്നാണ് ഇതിന് പറയുന്നത്. ഭൂമി സ്വയം തിരിയുകയും ചെയ്യുന്നു. അതാണ് ഭ്രമണം. ഭൂമിയുടെ ഭ്രമണ ഫലമായി രാത്രിയും പകലും ഉണ്ടാകുന്നു. പരിക്രമണം കാലാവസ്ഥ വ്യതിയാനത്തിലേക്ക് നയിക്കുന്നു. ഏകദേശം 24 മണിക്കൂർ കൊണ്ട് ഭ്രമണം അതാണ് ഒരു ദിവസം. 365 ദിവസം കൊണ്ട് ഒരു പരിക്രമണവും (ഒരു വർഷം) പൂർത്തിയാവുന്നു. ഭൂമി അച്ചുതണ്ടിൽ 23 1/2 ഡിഗ്രി ചെരിഞ്ഞാണ് സഞ്ചരിക്കുന്നത്. തത്ഫലമായി രാപകലുകളുടെ അളവിൽ വ്യത്യാസം വരുന്നുണ്ട്.

ഭൂമിയിൽ ഏഴുവൻകരകൾ ഉണ്ട്. അതിൽ ഏറ്റവും വലുത് ഏഷ്യ പിന്നെ ആഫ്രിക്ക, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, ആസ്ട്രേലിയ, ആർട്ടിക്ക്, അന്റാർട്ടിക്ക് ഏഷ്യയിൽ യൂറോൾ പർവ്വതനിരകളാൽ വേർപ്പെട്ട് യൂറോപ്പും സ്ഥിതിചെയ്യുന്നു. ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗം കടലാണ്. ഭൂമിയെ ക്കുറിച്ച് അറിവ് പോലും പരിമിതമാണ് മനുഷ്യന്. ലോകം ഇന്റർനെറ്റ് വഴി വിരൽതുമ്പിലാണെങ്കിലും ഈ അടുത്തകാലത്ത് മലേഷ്യയുടെ ഒരു യാത്ര വിമാനം കടലിൽ വീണു. ഒരു കൊല്ലം കഴിഞ്ഞിട്ടും അത് കണ്ടെത്തുവാൻ മനുഷ്യന് കഴിഞ്ഞിട്ടില്ല. നാനൂറിനടുത്ത് രാജ്യങ്ങളിലായി 650 കോടി ജനങ്ങൾ ഭൂമിയിലുണ്ട്. ഏറ്റവും വലിയ രാജ്യം റഷ്യ. പിന്നെ ചൈന. വലിപ്പത്തിൽ ഇന്ത്യക്ക് ഏഴാം സ്ഥാനമാണ്. എന്നാൽ ജനസംഖ്യവച്ച് നോക്കിയാൽ ചൈനക്ക് പിന്നിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. ഭൂമിയിൽ മറ്റനേകം ജീവജാലങ്ങളും സസ്യങ്ങളുമുണ്ട്.

**ഭൂമിയിൽ എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മണ്ണാണ്. അതായത് മണ്ണിൽ നിന്ന് സസ്യങ്ങൾ വളരുന്നു. സസ്യങ്ങൾ സംഭരിച്ച്വച്ച ആഹാരവും സസ്യങ്ങൾ തന്നെയും ഭക്ഷിച്ച് മനുഷ്യരും മറ്റ് ജീവികളും വളരുന്നു. ചെറുജീവികളെയും കഴിവനുസരിച്ച് സിംഹം, പുലി, കടുവ, തുടങ്ങിയവ മറ്റ് സസ്യാഹാരികളെയും ഭക്ഷിച്ച് വളരുന്നു. എല്ലാം മണ്ണ്തന്നെ.**

പിറന്ന് വീഴുമ്പോൾ ഏറ്റവും അവശനും കൊല്ലങ്ങളോളം മറ്റുള്ളവരുടെ ആശ്രയത്തിൽ മാത്രം ജീവിക്കുന്നവനുമാണ് മനുഷ്യൻ. ബുദ്ധിയും ഏറ്റവും കുറവാണെന്ന് കാണാം. അതായത് മാതാപിതാക്കളോ വളർത്തുന്നവരോ പറഞ്ഞ് കൊടുത്തില്ലെങ്കിൽ അവന് ഒരറിവുമില്ല. ഉദാഹരണത്തിന് സ്വന്തം മലം വാരി കളിക്കാത്തവർ കുറവാണ്. ഒരു പശുക്കിടാവോ ആട്ടിൻകുട്ടിയോ അതിന്റെ മൂത്രമോ കാഷ്ഠമോ വീണ സ്ഥലത്തുനിന്നും പുല്ലു പോലും തിന്നുന്നില്ല. സ്വന്തം മാതാക്കളെ തിരിച്ചറിയുകയും ചെയ്യുന്നു. മനുഷ്യൻ അനുഭവ

ജ്ഞാനത്തിലൂടെയും വിജ്ഞാന കൈമാറ്റത്തിലൂടെയും ഭൂമിയിൽ ഔന്നത്യത്തിനുടമയായി അവർ സ്വന്തം സുഖസൗകര്യങ്ങൾക്കായി നീതിബോധം വെടിഞ്ഞ് പ്രകൃതിയുടെ മേൽ താണ്ഡവമാടുകയാണ്.

ഒരു ഭിക്ഷക്കാരനെപോലെ ഭൂമിയിൽ ജനിച്ച് (ആരും സ്വന്തം ആവശ്യത്തിനുള്ള വായു, ജലം, ഭക്ഷണം, പാർപ്പിടം, സൂര്യൻ, ഭൂമി, ആകാശം, കാറ്റ്, മഴ തുടങ്ങിയവ ഉണ്ടാക്കിവെച്ച് ഇവിടെ പിറക്കുന്നില്ല.) സഹോദരബഹുമാനമില്ലാതെ സ്വന്തം സുഖസൗകര്യങ്ങൾ മാത്രം നോക്കി ജീവിക്കുന്നവർ അക്രമിയാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തേണ്ടത് ഏവരുടെയും കടമയാണ്. മലകളും പുഴകളും വനവും തോടുകളും കണ്ടൽകാടുകളും നീർച്ചോലകളും ഭൂമിക്ക് ഏറ്റവും ആവശ്യമുള്ള ആവാസ വ്യവസ്ഥകളാണ്. മലകളും കുന്നുകളും മണ്ണെടുത്ത് നിരപ്പാക്കിയാൽ പ്രകൃതിയുടെ ജലസംഭരണിയാണ് നാശമടയുന്നത്. വേനൽ കാലത്ത് കടുത്ത വരൾച്ചയും വർഷക്കാലത്ത് വെള്ളപ്പൊക്കവുമായിരിക്കും ഇതിന്റെ ഫലം.

നഗരങ്ങളിൽ വീട് ഉള്ളവർ മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാൻ അനുവദിക്കാതെ ഒരു തുള്ളിവെള്ളം പോലും സംഭരിക്കാൻ മെനക്കെടാതെ മുറ്റത്ത് ടൈൽ വിരിച്ച് മഴവെള്ളവും റോഡിലേക്ക് ഒഴുക്കുന്നു. ഫലം റോഡിൽ വെള്ളക്കെട്ടും ടാറിങ്ങ് വേഗത്തിൽ നശിക്കലും തൽഫലമായി നഗരങ്ങളിൽ റോഡ് ബ്ലോക്ക് പതിവ് കാഴ്ചയാണ്. വേനൽക്കാലത്ത് പാത്രം കഴുകുന്നതും തുണികഴുകിയവെള്ളവും മറ്റും കാനയിലേക്ക് തുറന്നുവിട്ട് കാനയിൽ കൊതുകിന് വളരാൻ സൗകര്യം ചെയ്തുകൊടുക്കൽ പതിവാണ്. ഉപയോഗിച്ച ജലം കൃഷിക്കും മറ്റും ഉപയോഗപ്പെടുത്തിയാൽ കൊതുക് ശല്യം കുറയുകയും പൈപ്പ് വെള്ളം (വാട്ടർ അതോറിറ്റി വഴിവരുന്നത്) എല്ലാവർക്കും ആവശ്യത്തിന് എത്തുകയും ചെയ്യും.

ഭൂമിയിൽ എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മണ്ണാണ്. അതായത് മണ്ണിൽ നിന്ന് സസ്യങ്ങൾ വളരുന്നു. സസ്യങ്ങൾ സംഭരിച്ച്വച്ച ആഹാരവും സസ്യങ്ങൾ തന്നെയും ഭക്ഷിച്ച് മനുഷ്യരും മറ്റ് ജീവികളും വളരുന്നു. ചെറുജീവികളെയും കഴിവനുസരിച്ച് സിംഹം, പുലി, കടുവ, തുടങ്ങിയവ മറ്റ് സസ്യാഹാരികളെയും ഭക്ഷിച്ച് വളരുന്നു. എല്ലാം മണ്ണ്തന്നെ. പയറോ, നെല്ലോ, വാഴയോ സിമന്റ് തറയിലോ പാറപ്പുറത്തോ വച്ചിരുന്നാൽ അത് ഉണങ്ങിപോവുകയേ ഉള്ളു. എന്നാൽ പാടത്തോ പറമ്പിലോ മണ്ണിൽ കുഴിച്ചിട്ട് വെള്ളം ഒഴിച്ച് കൊടുത്താൽ അത് വളർന്ന് നമുക്ക് ഫലം തരുന്നു. ഈ അറിവ് മനുഷ്യന് മാത്രമേയുള്ളൂ. അങ്ങിനെയുള്ള മനുഷ്യരെ നാം 'കർഷകർ' എന്നു വിളിക്കുന്നു. സ്ഥലപരിമിതികൊണ്ട് ഞാൻ എടുത്ത് ചാടുകയാണ്. ചോറ് കഴിക്കാത്ത എത്രമനുഷ്യരുണ്ട്. ഗോതമ്പ്, ചോളം, കരിമ്പ്, ഓട്സ്, ബാർലി എന്ന് തുടങ്ങി വേണ്ടതെല്ലാം കർഷകർ ഉത്പാദിപ്പിക്കുന്നു. പണ്ട് മനുഷ്യർ കാട്ടിൽ ജീവിച്ചകാലം കാട്ടിൽ തന്നത്താൻ വളരുന്ന കിഴങ്ങ് വർഗ്ഗങ്ങളും, ചെറുജീവികളെയും ഭക്ഷിച്ച് ജീവിച്ചു. ഇന്ന് കൃഷിയില്ലെങ്കിൽ മനുഷ്യകുലം നശിച്ചതുതന്നെ.

അതുകൊണ്ട് മനുഷ്യകുലത്തെ നിലനിറുത്തുന്നത് കർഷകനാണ്. അവനെ ബഹുമാനിക്കാത്തവർക്ക് ആദരിക്കാത്തവർക്ക് ജീവിക്കാൻ അവകാശമുണ്ടോ. ഞാൻ ഒരു ഗൗരവത്തിന് വേണ്ടി പറഞ്ഞെന്നേയുള്ളൂ. എല്ലാവർക്കും ചിന്തിക്കാൻ ഉള്ള ഒരു വിഷയം എന്നേയുള്ളൂ. എല്ലാ ജോലികൾക്കും അതിന്റേതായ മഹത്വമുണ്ട്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും നശിച്ച്പോകും. ലക്ഷോപലക്ഷം കൊല്ലങ്ങളായി ഇത് നടന്ന്കൊണ്ടിരിക്കുന്നു. മനുഷ്യൻ പരിപൂർണ്ണ ആരോഗ്യവും ബുദ്ധിയും ഉള്ളവനായി 40-50, കൂടിവന്നാൽ 60 കൊല്ലം ജീവിക്കും. 20 മുതൽ 80 വർഷം വരെ ഭൂമിയിലുള്ളതെല്ലാം അവിടെ ഉള്ളത് തന്നെയാണ്. പക്ഷേ മനുഷ്യൻ ബാക്കിയാക്കുന്നത് അവർ ചെയ്ത കർമ്മങ്ങൾ മാത്രം. അതായത് സൽപ്രവൃത്തിയും ദുഷ്പ്രവൃത്തിയും. നീതിക്കുവേണ്ടി ചെയ്യുന്നതെല്ലാം സൽപ്രവൃത്തിതന്നെ. നമുക്ക് സൽപ്രവർത്തികളിലേക്ക് മുന്നേറാം. എല്ലാവർക്കും വിജയാശംസകൾ

# പോക്സോയെന്ന മാറാപ്പ്

**എഡ്വിൻ ഫിഗറസ്**
സി.3395

സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട തടവുകാരെ സംബന്ധിച്ച് യാത്രാനുഭവക്കുറിപ്പ് എഴുതുകയെന്നത് പഴയഓർമ്മകളെ പൊടിതട്ടിയെടുത്ത് നെടുവീർപ്പിടുന്ന അനുഭവമാണ്. അതിനാലാണ് യാത്രാവിവരണം എഴുതുവാൻ ആവശ്യപ്പെട്ട ജയിൽമാസികയുടെ പത്രാധിപരോട് തടവുകാരിലൊരാളായ ഞാൻ വിമുഖത കാട്ടിയത്. തടവറയിലെ കൽഭിത്തിക്കുള്ളിലിരുന്ന് നാളെയുടെ നന്മകളെ പ്രതീക്ഷയോടെ നോക്കുവാനല്ലാതെ ഗതകാലങ്ങളിലെ നഷ്ടപ്രതാപമോ തിക്താനുഭവങ്ങളോ എന്തിനേറെ സഞ്ചരിച്ച വിവിധ രാജ്യങ്ങളോ ഒന്നും തന്നെ ഓർത്തെടുക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

സൃഷ്ടിയെ സംബന്ധിച്ച് എല്ലാ തീരുമാനങ്ങളും സൃഷ്ടാവിന്റേതാകയാൽ തടവറയ്ക്കകത്തെ ആയിരത്തോളം വരുന്ന തടവുകാരിൽ ഒരാളായ് അനുദിനയാത്രയിലായിരിക്കുന്ന ഞാൻ എന്റെ സൃഷ്ടാവിന്റെ ഹിതമായ് തിരിച്ചറിഞ്ഞ് ഓരോ നിമിഷത്തേയും ആസ്വദിക്കുന്ന ഒരു സഞ്ചാരിയാണിന്ന്. അതുകൊണ്ട് വിദേശരാജ്യങ്ങളിലെ യാത്രാനുഭവങ്ങളൊന്നും ഞാൻ ഇവിടെ കുറിക്കുന്നില്ല. പകരം തടവറയിലേക്ക് സൃഷ്ടാവ് എന്നെ നയിച്ച ഒരു ഒളിവുയാത്രയുടെ അനുഭവങ്ങളിലെ തുലോം ചെറിയ വിവരണം ഈ മാസികയ്ക്ക് സമർപ്പിക്കുന്നു. വായനക്കാർക്ക് പ്രത്യേകിച്ച് എന്റെ പ്രിയപ്പെട്ട സഹതടവുകാർക്കിടയിൽ ജീവിതഭാണ്ഡം പേറി സഞ്ചരിക്കേണ്ടി വന്നിട്ടുള്ള ഒളിവുജീവിതം നയിച്ച സഹോദരങ്ങളോട് പങ്കുവെയ്ക്കുന്നു.

ഓർക്കാപ്പുറത്ത് കുറ്റാരോപിതനായ് നിയമത്തിന്റെ കുരുക്കിൽ അകപ്പെടുമ്പോൾ ഉണ്ടാകുന്ന മാനസികാഘാതവും, ഭയവും, സങ്കടവുമെല്ലാം തടവറയിൽ കഴിയുന്ന ഏതൊരാളേയും പോലെ അനുഭവിച്ച ഒരാളാണ് ഞാൻ. നിയമത്തെ നേരിടേണ്ടതെങ്ങിനെയെന്ന് അറിയാതിരുന്നതുകൊണ്ട്അവിവേകമായ ഒരു തീരുമാനത്തിന്റെ പുറത്ത് നിയമത്തിന് വിധേയപ്പെടാതെ ഒമ്പതുമാസത്തോളം മുൻകൂർജാമ്യം നേടാമെന്ന വിചാരത്തിൽ ഒളിവിൽപോയവനാണ് ഞാൻ. അതിനായ് ഞാൻ തിരഞ്ഞെടുത്ത സ്ഥലം കുറേനാളായ് പോകണമെന്ന് ആഗ്രഹിച്ചിരുന്ന ഋഷികളുടെ നാടായ ഉത്തരാഘണ്ഡിലെ ഹരിദ്വാറും, ഋഷികേശും ഒരു യഥാർത്ഥ സഞ്ചാരിയുടെ തോളിൽ വലിയ മാറാപ്പ് ഉണ്ടാവരുത് എന്ന തത്വം അക്ഷരാർത്ഥത്തിൽ ഞാൻ പാലിച്ചത് ഋഷികേശിലേക്കുള്ള എന്റെ ഒളിവുയാത്രയിലാണ്. ഞാൻ അതുവരെ കേട്ടിട്ടില്ലാത്ത പോക്സോ എന്ന് ഓമനപ്പേരുള്ള കുറ്റാരോപണത്തിന്റെ ഒരു മാറാപ്പ് മാത്രമാണ് ഭാരമായ് എന്റെ തോളിൽ ഉണ്ടായിരുന്നത്. മുൻകാലങ്ങളിൽ ദുബായിലും, ഇറ്റലിയിലും, ജർമ്മനിയിലുമെല്ലാം യാത്രക്ക് പോകുമ്പോൾ കരുതുന്ന ഭാണ്ഡത്തേക്കാൾ പതിനായിരം മടങ്ങ് ഭാരമുണ്ടായിരുന്നു പോക്സോ എന്ന മാറാപ്പിന്. അത് ചുമന്നാലേ ബോധ്യമാകൂ. അതുകൊണ്ട്തന്നെ ഋഷികേശിലെത്തിയപാടെ ഞാൻ ആ അമിതഭാരമുള്ള മാറാപ്പ് ഗംഗാനദിയിൽ ഒഴുക്കികളഞ്ഞ് ഒരു സ്നാനം പാസാക്കി. ഗംഗയിൽ മുങ്ങിയാൽ സകലതും ഒഴിഞ്ഞുപോകുമെന്ന് അന്നാട്ടുകാർ എന്നോട് പറയുകയും ചെയ്തു. ഞാൻചുറ്റും ഒന്ന് കണ്ണോടിച്ചു. ജീവിതത്തിലെ വലിയ അഭിലാഷം പൂർത്തീകരിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ വീണ്ടും വീണ്ടും ഗംഗയിൽ മുങ്ങിനിവരുന്ന ഭക്തർ ഒരുഭാഗത്ത് ! കടലോരത്ത് ഇളംവെയിൽ കൊണ്ട് മാത്രം കളിച്ച് ശീലിച്ചിട്ടുള്ള യൂറോപ്യൻ സഞ്ചാരികൾ നീരാടുന്നു ഗംഗയുടെ മറ്റൊരു ഭാഗത്ത്. പൂർവ്വികരുടെ വേര് പോർച്ചുഗൽ ആയതിനാൽ എനിക്ക് അൽപം വിദേശീയ മുഖച്ചായ സൃഷ്ടാവ് തന്നത് വലിയ ഭാഗ്യമായി. ദിവസവും നൂറുകണക്കിന് വിദേശസഞ്ചാരികളെത്തുന്ന ഋഷികേശ് എന്നെ വിദേശികളിലൊരാ

ളായി സ്വീകരിച്ചു. പോക്കറ്റിലെ പണം തീർന്നു തുടങ്ങിയപ്പോൾ സൃഷ്ടാവ് എന്നിൽ നിക്ഷേപിച്ചിട്ടുള്ള കലാകാരൻ എന്ന സത്തയെ ഞാൻ പൊടിതട്ടിയെടുത്തു. ഞാൻ വരച്ച ചിത്രങ്ങൾ അനേകം വിറ്റഴിക്കാൻ വഴിതെളിഞ്ഞു. അമേരിക്കകാരനും, ഫ്രഞ്ച്കാരനും, സ്വീഡൻകാരനുമെല്ലാം എന്റെ യൂണിവേഴ്സൽ ഹാർമണിയെന്ന ചിത്രം വലിയ വിലക്കു വാങ്ങി. സായ്ഹങ്ങളിലെ വിനോദങ്ങൾക്കായ് സൃഷ്ടാവ് എന്നിലെ ഗായകന് വേദികളൊരുക്കി. വിദേശികളും വടക്കേ ഇന്ത്യക്കാരും ഗസലുകൾ കേൾക്കാനും അത്താഴമുണ്ണാനും ഒത്തുചേരുന്ന ഗംഗാതീരത്തെ ലിറ്റിൽ ബുദ്ധാ കഫേയിലും, ദേവീ മ്യൂസിക് കൺസേട്ട് സെന്ററിലും യേശുദാസ്ജീയുടെ " ജബ് ദീപ് ജലേ ആനാം, ഗോരിതര ഗാവ്" തുടങ്ങിയ ഗാനങ്ങൾ പാടി കൈയ്യടി നേടി. ഗംഗയിൽ ഒഴുകിയ പോക്സോയെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം ഞാൻ വക്കീലിനെ വിളിച്ച് മുൻകൂർ ജാമ്യം ലഭിച്ചുവോ എന്നു തിരക്കും. 'നോ', 'വേയ്റ്റ്' എന്ന മറുപടി കേട്ടു ഞാൻ മടുത്തു. ചിത്രകാരനായ ഗായകനെ ഋഷികേശിലെ സകലർക്കും, എന്തിനേറെ പോലീസിനു പോലും പരിചയമായ്. ദീപാവലി ആഘോഷങ്ങളിൽ പങ്കെടുക്കാൻ പത്തോളം കുടുംബങ്ങളിൽ നിന്നും എനിക്ക് ക്ഷണം ലഭിച്ചു. എല്ലാം പോക്സോ മാറാപ്പിന്റെ കടാക്ഷത്താലാണെന്നോർത്തപ്പോൾ എനിക്ക് ഗംഗയിൽ ഒഴുക്കിയതിന് ഖേദം തോന്നി. ഭാഷ ഒരു പ്രശ്നമല്ലാതിരുന്നതിനാൽ ഞാനൊരു മലയാളിയാണെന്ന് ആരും തിരിച്ചറിഞ്ഞില്ല.

ഒരു ദിവസം എന്റെ ചിത്രങ്ങൾ വിൽപന ചെയ്യുന്ന ആർട്ട് ഗാലറിയിൽ ഞാൻ ഇരിക്കുമ്പോൾ എവിടെയോ കണ്ട് പരിചയമുള്ള ഒരാൾ റോഡരികിൽ ഒരു യാചകബാലന് നൂറ് രൂപ വച്ചുനീട്ടുന്നത് ഞാൻ കണ്ടു. ഞാൻ പോക്സോ മാറാപ്പ് ഉപേക്ഷിച്ചവനാണെങ്കിലും അതെന്റെ തോളിൽ തന്നെ ഇരിക്കുന്നതുപോലെ അപ്പോൾ എനിക്കു തോന്നിയത് ആ പരിചിത മുഖം പോലീസാണോയെന്ന സംശയം ഉടലെടുത്തപ്പോഴാണ്. ആരാവും അയാൾ എനിക്കറിയാവുന്നവനോ അതോ എന്നെ അറിയുന്നവനോ! എന്റെ സ്രഷ്ടാവേ കാത്തോണേ! യാചകബാലന് നൂറ് രൂപകൊടുക്കാൻ മാത്രം ധനികനും വിശാലമനസ്കനുമായ അയാൾ ആരാണെന്ന് സംശയിച്ച ആർട്ട് ഗാലറിയുടെ വാതിൽ മറവിൽ നിൽക്കുമ്പോൾ അയാൾക്കു പിന്നാലെ മറ്റൊരാൾ നടന്നു വരുന്നത് ഞാൻ കണ്ടു. ഒറ്റ നോട്ടത്തിൽ ഞാനയാളെ തിരിച്ചറിഞ്ഞു. മലയാളികളുടെ പ്രിയ സിനിമ സംവിധായകൻ ലാൽജോസ് ആയിരുന്നു അത്. നൂറ് രൂപ ദാനധർമ്മം നൽകിയത് ശബ്ദം കൊണ്ട് മലയാളികൾ തിരിച്ചറിയുന്ന 'സഞ്ചാരം' പരിപാടിയുടെ അവതാരകൻ സന്തോഷ്കുളങ്ങര. ഒരിക്കൽ ചെന്നൈയിലേക്ക് വിമാന യാത്ര ചെയ്തപ്പോൾ ലാൽജോസിനെ പരിചയപ്പെട്ടിട്ടുണ്ട്. തന്നെയുമല്ല അദ്ദേഹത്തിന്റെ സഹോദരനൊരാൾ എന്റെ സഹപാഠിയുമാണ്. ഒഴിവുകാലത്തെ എന്റെ ജീവിതത്തിന് പെട്ടെന്ന് ഒരു വാട്ടം സംഭവിച്ചതുപോലെ എനിക്ക് തോന്നി. പരിചിതനായ ഒരു വ്യക്തിയെ മറഞ്ഞ് നിന്ന് വീക്ഷിക്കേണ്ടി വന്നതിന്റെ ഗതികേട് ഒരു ആത്മ ദുഃഖമായ് എന്നിൽ മുളപൊട്ടി. ഞാൻ പോക്സോ മാറാപ്പിനെ ഉള്ളിൽ ശപിച്ചു. അന്നുതന്നെ പോക്സോ മാറാപ്പിനെ ഗംഗയിൽ മുങ്ങിത്തപ്പി എടുത്ത് ഞാൻ തോളിലിട്ടു. എന്തു വന്നാലും ഈ സാധനത്തിനെ എത്തിക്കേണ്ടിടത്ത് എത്തിക്കണം എന്നു ഞാനുറച്ചു. താമസിയാതെ നിയമത്തിനു മുന്നിൽ ഞാൻ കീഴടങ്ങുകയാണെന്ന് വക്കീലിനെ വിളിച്ചറിയിച്ചു. പാടുവാനും വരയ്ക്കുവാനും വീണ്ടും ഗംഗാതീരത്ത് വരാമെന്ന് പ്രതിജ്ഞ ചെയ്ത് ഞാൻ ഋഷികേശിലെ പൂത്തുലഞ്ഞ അസ്തിത്വമില്ലാത്ത ഒഴിവുജീവിതത്തെ സ്രഷ്ടാവിനോട് അനുവാദം ചോദിച്ചുകൊണ്ട് വെട്ടിവീഴ്ത്തി.

നിയമത്തിനു മുന്നിൽ വന്ന് ഞാൻ പോക്സോ മാറാപ്പ് വച്ച് നീട്ടിയപ്പോൾ നിയമം അത് തിരിച്ചും മറിച്ചും നോക്കി അന്തംവിട്ടു നിന്നു. എന്റെ യാതൊരു മുഖച്ഛായയും ഇല്ലാത്ത പോക്സോ മാറാപ്പിനെ എന്റെതാണെന്ന് കണ്ടെത്തി കൊണ്ട് നിയമം എനിക്ക് ഇരട്ട ജീവപര്യന്തം സമ്മാനമായി തന്നു. സ്രഷ്ടാവിനോട് ഞാൻ ഇപ്പോഴും ഇടയ്ക്കിടെ അറിയാതെ ചോദിക്കും 'ഒരു ജീവിതമല്ലേ സ്രഷ്ടാവ് എനിക്ക് നൽകിയിട്ടുള്ളൂ. പിന്നെയെങ്ങിനെ ഞാൻ ഇരട്ട ജീവിതത്തിന് അർഹനായി. ഈ പോക്സോ മാറാപ്പിന്റെ ഒരു മിടുക്കേ!'

■



# 6 ചെറുകവിതകൾ

**താജ്**
സി.ഡി. 2023

### 1. ഘർവാപസി

സുബ്ഹിക്ക് കൂകിയിരുന്ന മുക്രിയുടെ കോഴി
ബ്രഹ്മ മുഹൂർത്തത്തിലേക്ക് മാറി.

### 2. തലക്കെട്ട്

എഴുതി കഴിഞ്ഞപ്പോൾ കവിതചോദിച്ചു
തലക്കെട്ടില്ലേന്ന് !
തലവെട്ടുമ്പോഴെന്തിനാണ് തലക്കെട്ട്.

### 3. വാണിംങ്ങ്

ഗുളികയുടെ നടുവിലെ വരകണ്ടപ്പോഴാണ്

ഡോക്ടർ പറഞ്ഞത് ഓർമ്മവന്നത്
“താൻ പാതി ദൈവം പാതി”.

### 4. ചന്ദ്രൻ

വേനൽ നക്കിയ പുഴയിൽ
മുഖം നോക്കിയ മണ്ടൻ.

### 5. പ്രതിരോധം

തന്റെ കൂട്ടിൽ കുയിൽ മുട്ടയിടുമെന്ന്
കാക്കയറിഞ്ഞു
കൂട് പൊളിച്ച് കാക്കവേലികെട്ടി.

### 6. ചിരി

ചിരിക്കുന്നൊരു ഫോട്ടോ കരുതണം
ഫ്ളക്സിനായ്.

# ജിഷയുടെ നിലവിളി

**മുഹമ്മദ് ഷാഫി**
സി. നമ്പർ. 1612

**കു**മിഞ്ഞു കൂടിയ ഓർമ്മകളിൽ നിന്നും രക്ഷപ്പെടാൻ സ്വപ്നങ്ങളല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. പല രാക്കിനാക്കളും അത്ഭുതം നിറഞ്ഞതും സുന്ദരവുമായിരുന്നു. ഊഞ്ഞാലിൽ തൂങ്ങിയാടുന്നത്, ആകാശത്ത് നക്ഷത്രങ്ങൾ കുഞ്ഞുനക്ഷത്രങ്ങളെ പെറ്റുകൂട്ടുന്നത്, പൂമ്പാറ്റകളുടെ ലോകത്ത് കൂടി ഒറ്റക്ക് നടന്നു പോകുന്നത്, മഞ്ഞ് മൂടിയ പ്രദേശത്ത് ഒരപ്പൂപ്പൻ താടിപോലെ പാറി നടക്കുന്നത്. അപ്പോഴെല്ലാം ചുണ്ടു കൂട്ടി ഒരു ചിരി ചിരിച്ച് ഞാൻ കണ്ണടച്ചു കിടക്കും. സ്വപ്നങ്ങൾ കാണാൻ പ്രത്യേകിച്ച് ചിലവൊന്നുമില്ലല്ലോ?

ഈയിടെയായി നല്ല സ്വപ്നങ്ങൾ കാണാറേയില്ല. എങ്ങനെ കാണാനാണ്? അകം നിറയെ സങ്കടങ്ങളുടെ ഉള്ളുരുകുന്ന ചിത്രങ്ങളാണ്, വേദനകളുടെ നഖക്ഷതങ്ങളാണ്, പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കും മസ്തിഷ്ക മരണം സംഭവിച്ച ശരീരങ്ങളാണ് ഇവിടം മുഴുവൻ നിങ്ങൾക്കറിയാമോ? ഉറങ്ങാൻ പോലുമിഷ്ടം തോന്നാത്തത്രയും ഭീകരമായ സ്വപ്നങ്ങളിൽ വരുന്നത് എന്റെ പ്രിയപ്പെട്ടവർ തന്നെയാണ്. പിന്നെ, എനിക്കറിയാവുന്ന ഒരുപാടുപേർ..... എത്ര തവണ! സ്വപ്നങ്ങളുടെ നിഘണ്ടുവിൽ വിശദീകരണം കിട്ടാത്ത ചില സ്വപ്നങ്ങളുമായി എത്ര തവണ വിറച്ചു വീണിരിക്കുന്നു!.

ഇവിടെ പലരും അവരുടെ സ്വപ്നങ്ങളെക്കുറിച്ച് പറയാറുണ്ട്. പരോൾ ഇറങ്ങുന്നത്, ജാമ്യം ലഭിക്കുന്നത്, കേസിന്റെ വിധി അനുകൂലമായി സ്വതന്ത്രമാക്കുന്നത്, ശിക്ഷകഴിഞ്ഞ് കുടുംബത്തോടൊപ്പം സന്തോഷമായി ജീവിക്കുന്നത്. ഈ സ്വപ്നങ്ങളെല്ലാം മണ്ടത്തരമെന്നോ വിഢിത്തമെന്നോ പറഞ്ഞ് തള്ളിക്കളയാനെനിക്കു തോന്നിയിട്ടില്ല. ഇവിടെയുള്ള ഏക ആശ്വാസം അതുമാത്രമാണല്ലോ.

ചിന്തപ്പാടുകൾക്കൊപ്പം ഉറക്കത്തിലേക്കൊഴുകിനീങ്ങിയ ഞാൻ കൊതുകിന്റെ ഇക്കിളിക്കൂട്ടലും മൂളിപ്പാട്ടും അസഹനീയമായപ്പോൾ ഉറക്കമുണർന്നു. പുറത്തെ വരാന്തയിലെ ചുമരിലെ ക്ലോക്കിലേക്ക് നോക്കി. സമയം നാലുമണി പുലരാനിനിയും സമയമുണ്ട്. എഴുന്നേറ്റ് വെള്ളം കുടിച്ചു പെട്ടെന്നെവിടെ നിന്നോ പാലപ്പൂവിന്റെ മണവും ഇളം കാറ്റും ചുറ്റിപ്പിണഞ്ഞ് എന്നെ ബന്ധിച്ച തടവറയിലേക്ക് ഒഴുകിയെത്തി. അന്തരീക്ഷമാകെ എന്തോ ഒരു ഭയാനകത ചിറകുവിടർത്തി നിൽക്കുന്നതായി തോന്നി. അകലെ നിന്നെന്ന പോലെ നായ്ക്കൾ കുരയ്ക്കുന്നുണ്ട്. ഒരു കൊലുസിന്റെ ശബ്ദം എവിടെ നിന്നോ കേൾക്കുന്നു. തടവറയുടെ ഇരുമ്പഴികൾക്കിടയിലൂടെ ഞാൻ പുറത്തേക്ക് നോക്കി. ഇലക്ട്രിക്ക് ലൈറ്റിന്റെ മഞ്ഞവെളിച്ചം വിതറിയ വരാന്തയിൽ ഒരു ഇതര സംസ്ഥാനക്കാരന്റെ കാമാസക്തിക്കിരയായ പെൺകുട്ടി.

ചില്ലുപൊട്ടിയ കണ്ണടക്കുള്ളിലൂടെ അവളെന്നെ

നോക്കുകയാണ്. മുഖത്ത് മുറിപ്പാടുകളിൽ അപ്പോഴും ചോരയുടെ തിളക്കം കാണാം. പിച്ചിച്ചീന്തിയ ചുരിദാർ, അഴിഞ്ഞുലഞ്ഞ് വൃത്തികേടായ മുടിയിഴകൾ.....

എനിക്കെന്റെ കൈകാലുകൾ അനക്കാൻ കഴിയാത്തതുപോലെ തോന്നി. എന്റെ ഹൃദയമിടിക്കുന്നത് എനിക്കുതന്നെ കേൾക്കാമായിരുന്നു.

ചേട്ടാ... എന്റെ ഹൃദയം തകർത്തെറിഞ്ഞ അവൻ എവിടെയാണുള്ളത്? അവളുടെ ചോദ്യത്തിനു മുന്നിൽ എനിക്ക് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല. നെറ്റിത്തടത്തിൽ പൊടിഞ്ഞ വിയർപ്പുകണങ്ങൾ തുടച്ചുകൊണ്ട് ഞാൻ പറഞ്ഞു "രണ്ടാം നമ്പർ സെല്ലിൽ". ആ സെല്ലിന്റെ ഭാഗത്തേക്ക് നോക്കിയ ശേഷം അവൾ പറയാൻ തുടങ്ങി.

"എനിക്കറിയാം ഇപ്പൊ എല്ലായിടത്തും ഞാനാണെന്ന്! പക്ഷേ അന്ന് ആ ദ്രോഹി വന്നുപദ്രവിച്ച നേരത്ത് സഹായിക്കാൻ ഒരൊറ്റയാൾ പോലുമുണ്ടായില്ലല്ലോ? ഞങ്ങളെയെങ്ങിനെ വളർത്തും എന്നതിനെപ്പറ്റി അമ്മ വല്ലാതെ ഉൽകണ്ഠപ്പെട്ടിരുന്നു. എനിക്കൊരു ജോലികിട്ടിയാൽ നിറം കെട്ടുപോയ ഞങ്ങളുടെ ജീവിതം മഴവില്ലിന്റെ ഏഴു നിറങ്ങളുമായി കടന്നു വരുമെന്ന് ഞാൻ ആശിച്ചു. അതല്ലെ ആ ദ്രോഹി നശിപ്പിച്ചത്?".

"എന്റെ അടിയുടുപ്പുവരെ കീറിയെറിഞ്ഞ് ഗർഭപാത്രം കുത്തിക്കീറിയ അവനെ എനിക്കു കൊല്ലണം. ചോരയൊഴുകുന്ന എന്റെ ശരീരത്തെ കടിച്ചുകീറാൻ അവനെങ്ങനെ കഴിഞ്ഞു? കൈകൾ ചേർത്ത് എന്നെ വളഞ്ഞ് പിടിച്ച്... ഹൊ!"

'കുടിക്കാൻ എനിക്കൊരൽപ്പം വെള്ളം തരുമോ?' അവൾ എന്നോട് ചോദിച്ചു. പാത്രത്തിൽ നിന്നും വെള്ളമെടുത്ത് ഇരുമ്പഴികൾക്കിടയിലൂടെ പുറത്തേക്ക് നീട്ടിയപ്പോൾ എന്റെ കൈ വിറയ്ക്കുന്നുണ്ടായിരുന്നു. അവൾ ആർത്തിയോടെ വെള്ളം കുടിച്ച് ഗ്ലാസ്സ് താഴെ വച്ചു. എനിക്കവളോട് ചോദിക്കാനോ പറയാനോ ഒന്നും ഉണ്ടായിരുന്നില്ല. എന്താണ് അവളോട് ചോദിക്കേണ്ടത്? എന്ത് പറഞ്ഞാണ് അവളെ സമാധാനിപ്പിക്കേണ്ടത്? അവൾ വീണ്ടും പറയാൻ തുടങ്ങി.

"ഞാൻ മരിച്ചതേതായാലും നന്നായി അവന് വധശിക്ഷ കിട്ടിയല്ലോ. ഇനി അവൻ ഒരുത്തിയേയും ഇങ്ങനെ ചെയ്യരുത്. അവനെന്നല്ല; ഒരാണിനും ഒരു പെണ്ണിനെ ഇങ്ങനെ ചെയ്യാൻ തോന്നരുത്. പ്രകൃതിയെയും അമ്മയെയും ഒരു കാലത്ത് പൂജിച്ച നമ്മുടെ നാട്ടിൽ പെണ്ണിന്റെ ശരീര ഭാഗങ്ങൾ ഓരോന്നായി വേർത്തിരിച്ചെടുത്ത് ഭാഗം വെച്ച് കടിച്ചുകീറി തിന്നുകയാണ്. പെൺശരീരം ആണിന്റെ കണ്ണുകൾക്ക് എത്രവേണമെങ്കിലും വിഹരിക്കാനും തനിച്ചുകിട്ടിയാൽ കൂട്ടമായ് ചേർന്ന് ആക്രമിക്കാനും ഉള്ളതായി തീർന്നിരിക്കുന്നു".

"അവനെയെനിക്കു കൊല്ലണം. അവന്റെ ശിക്ഷ ഞാൻ നടപ്പിലാക്കും". ബീഭത്സമായി അലറിച്ചിരിച്ചുകൊണ്ട് അവൾ രണ്ടാം നമ്പർ സെല്ലിന്റെ ഭാഗത്തേക്ക് ഓടിപ്പോയി. സെല്ലിന്റെ ഇരുമ്പ് വാതിൽ തുറക്കുന്ന ശബ്ദംകേട്ടു. അവൾ അവന്റെ കഴുത്ത് ഞെരിച്ച് കൊല്ലുമ്പോഴുള്ള നിലവിളിക്കായ് ഞാൻ കാതോർത്തു.

ഫയൽ... ഞാൻ പെട്ടെന്ന് ഞെട്ടിയുണർന്ന് നോക്കിയപ്പോൾ "പുരുഷു സർ!" തടവുകാരുടെ എണ്ണം എടുക്കാൻ വേണ്ടിയുള്ള വിളിയായിരുന്നു. ക്ലോക്കിലേക്ക് നോക്കി സമയം 5.45. സാറു വന്നു പോയതിനു ശേഷം വീണ്ടും കിടന്നു. ഏകാന്തതയും ഭയവും കൊണ്ടു ഞാൻ തളർന്നു കഴിഞ്ഞിരുന്നു. പിന്നീട് മേസ്ത്രി വന്ന് സെല്ല് തുറന്നപ്പോൾ രണ്ടാം നമ്പർ സെല്ലിന്റെ ഭാഗത്തേക്ക് ഞാനുറ്റുനോക്കി. എല്ലാം പഴയ പടിതന്നെ. രണ്ടാം നമ്പർ അയാൾ ബക്കറ്റുമായി ബാത്ത് റൂമിലേക്കുപോകുന്നു. ഇന്നലെ മുറിയിൽ വച്ചിരുന്ന ദേശാഭിമാനി പത്രത്തിന്റെ മുൻപേജിലുള്ള കളർഫോട്ടോയിൽ നിന്നും അവൾ എന്നെ നോക്കി അപ്പോഴും ചിരിക്കുന്നുണ്ടായിരുന്നു.

■

# ഒരു പെണ്ണുകാണൽ

**അരുൺ സുകുമാർ. എം**
സി. നമ്പർ. 3107

**പെ**ണ്ണുകാണാൻ പോകുന്നത് ഏതൊരാണിന്റെയും ജീവിതത്തിലെ വ്യത്യസ്തമായ ഒരനുഭവമാണ്. പ്രത്യേകിച്ചും ഞാൻ പിറന്ന മംഗലശ്ശേരി തറവാട്ടിൽ. അതിനു കാരണം തറവാട്ടിൽ നിലനിന്നിരുന്ന 'മുറക്കെട്ട്' സമ്പ്രദായമാണ്. എന്നുവെച്ചാൽ മംഗലശ്ശേരിയിലെ ആണുങ്ങൾക്കെല്ലാം പെണ്ണ് എള്ളും വാരത്തു നിന്നാണ്. അതുപോലെ അവിടുത്തെ ആണുങ്ങൾക്കും പെണ്ണ് മംഗലശ്ശേരിയിൽ നിന്നും. തലമുറകളായി തുടർന്നുപോരുന്ന സിസ്റ്റമാണത്. ചെറുപ്പം മുതലേ കണ്ടു പരിചയിക്കുന്ന പെണ്ണിനെ കല്യാണം കഴിക്കുവാൻ വേണ്ടി വീണ്ടും കാണുന്നതിൽ വലിയ ത്രില്ലൊന്നും ഇല്ലെന്ന് തറവാട്ടിലെ പെണ്ണുകെട്ടിയ ചെറുക്കൻമാർ പറഞ്ഞ് ഞാൻ അറിഞ്ഞിട്ടുണ്ട്.

ഒരു മൂന്നു തലമുറയുടെ കാലഘട്ടത്തിൽ നോക്കുമ്പോൾ പുറത്തൊരു തറവാട്ടിൽ നിന്നും പെണ്ണുകാണാൻ പോകുന്ന ഏക മംഗലശ്ശേരിക്കാരൻ ഞാൻ മാത്രമാണ്. എനിക്ക് എള്ളും വാരത്തുനിന്നും പെണ്ണു കിട്ടിയില്ല. കാരണം കനത്ത ചൊവ്വാദോഷമാണ് വിവാഹ നിശ്ചയം നടത്തിയാൽ പോലും പങ്കാളിയാവുന്നയാളിന്റെ ജീവന് ആപത്താണെന്നാണു ജാതക ഫലം. അതുപേടിച്ച് എള്ളും വാരത്തെ എന്റെ മുറപ്പെണ്ണുമാരൊന്നും പരീക്ഷണത്തിനു മുതിർന്നില്ല. ഞാനങ്ങനെ കെട്ടാച്ചരക്കായി വീട്ടിൽ നിന്നുപോയി അതുകാരണം എന്റെ അച്ഛായിയും, അമ്മയും, കാരണവൻമാരുമൊക്കെ എനിക്കു ചേരുന്ന ഒരു ചൊവ്വാദോഷക്കാരിയെ തേടി അന്വേഷണം മറ്റുതറവാടുകളിലേക്കും വ്യാപിപ്പിച്ചിരുന്നു.

അങ്ങനെയിരിക്കുന്ന സമയത്താണ് തൃശ്ശൂര് കുട്ടനെല്ലൂർ എന്ന സ്ഥലത്ത് എന്റെ അച്ഛായിക്കൊപ്പം മുമ്പ് ട്രാൻസ്പോർട്ടിൽ ജോലിചെയ്തിരുന്ന ഡ്രൈവർ വാസുദേവൻ ചേട്ടന്റെ മകളേപ്പറ്റി അച്ഛായിയുടെ കൂട്ടുകാരൻ ജോസ് ചേട്ടൻ വിവരം തരുന്നത്. അത്യാവശ്യം നല്ല ചൊവ്വാദോഷമുള്ള പെൺകുട്ടിയാണ്. അന്ന് തൃശ്ശൂർ വിമലാ കോളേജിൽ എം എ രണ്ടാം വർഷം പഠിക്കുന്നു. പേര് ദീപ്തി. അങ്ങനൊരു പെണ്ണുണ്ടെങ്കിൽ പോയി കണ്ടിട്ടുതന്നെ കാര്യം എന്നു വീട്ടുകാരും ഉറപ്പിച്ചു. അങ്ങനെയാണ്

ഒരു ഞായറാഴ്ച ദിവസം നോക്കി- 2007, ആഗസ്റ്റ് മാസം 8- ാം തിയതി ഞാൻ തിരുവനന്തപുരത്തുനിന്നും അവധിയെടുത്ത് വന്ന് തൃശ്ശൂർക്ക് പെണ്ണുകാണാൻ പോവുന്നത്. ഞാനും ബ്രോക്കറായ ജോസ് ചേട്ടനും മാത്രം. എന്റെ കാറിലാണ് യാത്ര. ഓടക്കാലി എന്ന സ്ഥലത്തു നിന്നുമാണ് ജോസേട്ടൻ എനിക്കൊപ്പം കാറിൽ കയറുന്നത്. അപ്പോൾ മുതൽ അങ്ങേർ കൂർക്കം വലിച്ച് ഉറക്കമാണ്. കുട്ടനെല്ലൂർ വരെ എനിക്കു വഴിയറിയാവുന്നതു കാരണം അങ്ങേരെ ശല്യം ചെയ്യാതെ വണ്ടിയിൽ ഉറക്കെ പാട്ടും വച്ച് ഞാൻ വിട്ടടിച്ചുപോന്നു. കുട്ടനെല്ലൂരുനിന്നും ഇളംതുരുരത്തിക്കുള്ള വഴിയിലേക്ക് കാർ തിരിച്ചു നിർത്തിയിട്ടാണ് ഞാൻ ജോസേട്ടനെ വിളിച്ചുണർത്തുന്നത്. അവിടുന്നു കഷ്ടി രണ്ടു മിനിറ്റ് മാത്രം യാത്ര. ഞങ്ങൾ സ്ഥലത്തെത്തി.

വീട്ടിലെത്തി ബെല്ലടിച്ച് ഞങ്ങൾ മുറ്റത്തങ്ങനെ നിൽക്കുമ്പോൾ വീടിന്റെ ഇടതുവശത്തുകൂടി ഒരു പെൺകുട്ടി വന്ന് "ആരാ" എന്നു ചോദിച്ചു. ഞങ്ങൾ നോക്കുമ്പോൾ നല്ല ഒരു പെൺകുട്ടി. ലോങ്ങ് സ്കേർട്ടും അതിനു മുകളിൽ ഒരു ചുരിദാറിന്റെ ടോപ്പും ഇട്ടിരിക്കുന്നു. സ്കേർട്ട് അല്പം എടുത്തു കുത്തിയിട്ടുണ്ട്. ഇടത്തേ കയ്യിൽ ഒരു ചാളമീൻ. വലത്തേ കയ്യിൽ ഒരു കത്തിയും പിടിച്ചാണ് വന്നിരിക്കുന്നത്. കണ്ടപ്പോൾ കരുതി വേലക്കാരിയാണെന്ന്. പക്ഷേ നല്ല മുഖശ്രീ. മീൻ നന്നാക്കാനറിയാവുന്ന കുട്ടിയാണെന്ന് അപ്പോഴേ മനസ്സിലായി. പിന്നീട് ജോസേട്ടൻ നടത്തിയ ചോദ്യോത്തര പരിപാടിയിൽ നിന്നും അവിടെ അടുത്തൊരു മരണം നടന്നതു കാരണം വാസുച്ചേട്ടനും ഭാര്യയും അവിടെ പോയിരിക്കുകയാണെന്നും ഉടനെ വരുമെന്നും, അതുവരെ ഞങ്ങൾ അവിടെ വെയ്റ്റു ചെയ്യേണ്ടി വരുമെന്നും മനസ്സിലായി.

ആ കുട്ടി അകത്തു കയറിപ്പോയ ഉടൻ തന്നെ അകത്ത് ആരോടോ ഫോണിൽ സംസാരിക്കുന്നതു കേട്ടു. അതുകഴിഞ്ഞ് വന്ന് ഞങ്ങളോടു കയറിയിരിക്കാൻ പറഞ്ഞിട്ട് പോയി. ഉടനെ തന്നെ ജോസേട്ടന്റെ മൊബൈലിൽ കോൾ വന്നു. അതിൽ നിന്നും ആരൊക്കെയോ ബന്ധുക്കൾ വരുമെന്നും ചടങ്ങു നടത്തിക്കോളൂ എന്നുമാണ് പറഞ്ഞതെന്നു മനസ്സിലായി. അങ്ങനെ പെണ്ണുകാണാൻ വന്ന ഞാൻ വെറുതെ ജോസേട്ടന്റെ വായിൽ നോക്കി ഇരിപ്പുതുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ജോസേട്ടൻ അവിടെയിരുന്ന് ഉറക്കം തുടങ്ങി. ഞാനതും നോക്കിയിരിക്കുമ്പോൾ ഒരു ചെറിയപയ്യൻ ഒരു ചെറിയ ബാഗും തൂക്കിപ്പിടിച്ചു വന്ന് ഞങ്ങളെ നോക്കിചിരിച്ചു കൊണ്ട് അകത്തേക്കു പോയി. അതിനു പുറകെത്തന്നെ വാസുച്ചേട്ടന്റെ രണ്ട് അനുജൻമാരും അവരുടെ ഭാര്യമാരും ഒരു കൊച്ചമ്മയും വന്നു. അതോടെ പെണ്ണുകാണൽ ചടങ്ങു പോലെയായി.

ഞങ്ങൾ അകത്തുകയറിയിരുന്നു. അപ്പോൾത്തന്നെ വാസുച്ചേട്ടന്റെ അമ്മാവനും വന്നു. അതോടെ അവരും ജോസേട്ടനും ഒറ്റ സെറ്റായി. പിന്നെ ഒച്ചയും ബഹളവും, വർത്തമാനവുമൊക്കെയായി അവരെന്നെയങ്ങു മറന്നു. ഒറ്റാലിൽപ്പെട്ട തവളപോലെയായി ഞാൻ. കൂടെയുള്ളവർ അവരുടെ സർവ്വീസ് സ്റ്റോറിയും, കാർഗിൽ യുദ്ധവും പിന്നെ അമേരിക്കൻ കപ്പൽ പട മെഡിറ്ററേനിയൻ കടലിൽ എന്തിനു നിലയുറപ്പിച്ചിരിക്കുന്നു എന്നുവരെ ചർച്ച ചെയ്തു. അപ്പോൾ ആ കൊച്ചമ്മ വന്ന് "ആ ചെറുക്കന് പെണ്ണിനെ ഒന്നു കാണണ്ടേ" എന്നു ചോദിച്ചപ്പോഴാണ് അവർക്കുതന്നെ ബോധം വീണത്. ഒരു നിമിഷത്തെ നിശബ്ദത. ചായയുമായി പെണ്ണു വന്നു. ആദ്യം കണ്ട അതേ കുട്ടി. റോസ് നിറത്തിലുള്ള സാരി ഉടുത്തിരിക്കുന്നു. അധികം മേക്കപ്പില്ല. കൊള്ളാം എന്നു മനസ്സിൽ പറഞ്ഞ് ഞാൻ അവൾ കൊണ്ടുവന്ന ചായ എടുത്തപ്പോഴേക്കും "ദാ... ഇതാണു പെണ്ണ്" എന്നും പറഞ്ഞ് ജോസേട്ടൻ ആക്കുട്ടിയിടുന്ന ചെരിപ്പിന്റെ അളവുവരെ ഒറ്റ ശ്വാസത്തിൽ പറഞ്ഞു തീർത്തു. എനിക്ക് ആ കുട്ടിയോട് എന്തൊക്കെയോ ചോദിക്കാനുണ്ടായിരുന്നു. അതൊക്കെ വെയ്സ്റ്റായിപ്പോയി. എന്നാലും എന്തെങ്കിലും ചോദിക്കണമല്ലോ എന്നു കരുതി "എന്തേ PG യ്ക്ക് ലിറ്ററേച്ചറെടുത്തത്" എന്നു ചോദിച്ചു. അതിന് ഉത്തരം പറഞ്ഞത് ആ അമ്മാവനാണ്. "അവൾക്കതിനുള്ള മാർക്കേ ഉണ്ടായിരുന്നുള്ളൂ" എന്ന്.

അങ്ങനെ മറ്റൊന്നും പറയാനില്ലാതെ ഞാനിരിക്കുമ്പോൾ അവർ വീണ്ടും വർത്തമാനം തുടങ്ങി. അതിനിടയിൽ ആ കൊച്ചമ്മ വീണ്ടും രക്ഷക്കായി വന്ന് "ദീപ്തിയോടെന്തെ

ങ്കിലും പേഴ്സണലായി സംസാരിക്കണമെങ്കിൽ വരൂ" എന്നു പറഞ്ഞ് എന്നെ വിളിച്ചുകൊണ്ട് അകത്തേക്കുവന്നു. അവിടുന്നു രക്ഷപ്പെട്ട സന്തോഷത്തിൽ ഞാൻ അവർക്കൊരു താങ്ക്സ് പറഞ്ഞു. വീടിന്റെ പുറകുവശത്തെ മുറ്റത്തും, വരാന്തയിലും, അടുക്കളയിലുമൊക്കെ നിന്ന് കുറെനേരം ഞാൻ ആ കുട്ടിയുമായി സംസാരിച്ചു. അടുക്കളയിൽ ആ കൊച്ചമ്മ മീൻ വറുക്കാനുള്ള തയ്യാറെടുപ്പ് ആയിരുന്നു. അതുകാരണം ചാളമീൻ വെളുത്തുള്ളി അരച്ചതും കുരുമുളകുപൊടിയും ചേർത്ത് വറുക്കുന്ന റെസിപ്പി ഞാൻ പറഞ്ഞു കൊടുത്തു. വർത്തമാനം പറഞ്ഞ് നിന്നതുകാരണം നാലഞ്ചു മീൻ അവർ ആ രീതിയിൽ വറുത്തു . അതിൽ ഒരെണ്ണം എനിക്കു കഴിക്കാനും തന്നു. ഞാനതും കഴിച്ച് അടുക്കളയിൽ നിൽക്കുമ്പോഴാണ് പെണ്ണിന്റെ അച്ഛനും അമ്മയും വരുന്നത്. ഞാൻ അടുക്കളയിലായതു കാരണം അവർ നേരെ അവിടേക്കുവന്ന് എന്നെ കണ്ടു. വാസുച്ചേട്ടൻ നേരെ പോയി ബാക്കിയുള്ളവർക്കൊപ്പം കൂടി. ഞാൻ ആ അമ്മയോട് കുടി അടുക്കളയിലായിപ്പോയി. അങ്ങനെ യത്തിനുള്ളിൽ തന്നെ ഞങ്ങളേതാണ്ടൊക്കെ സമ്മതത്തിലെത്തിയിരുന്നു.

അവിടെയും വില്ലനായത് നാൾപ്പൊരുത്തമാണ്. പൂരം നാളിന് അത്തം ഒരിക്കലും ചേർക്കാൻ പറ്റില്ലെന്ന്. അതറിഞ്ഞപ്പോൾ എനിക്കല്പം വിഷമം തോന്നി അങ്ങനാണേൽ അതൊക്കെ ആദ്യം നോക്കിയിട്ടു പെണ്ണു കണ്ടാൽ പോരേ. വെറുതെ രണ്ടു കൂട്ടർക്കും പ്രതീക്ഷകളുണ്ടാകുന്നതിനേക്കാൾ അതല്ലേ നല്ലത്. അന്നൊരു തവണയേ ഞാനാക്കുട്ടിയെ കണ്ടിട്ടുള്ളൂ. എന്നാലും ദീപ്തി ഇന്നും എനിക്കൊരു നല്ലോരു ഓർമ്മയാണ്. അന്ന് വറുത്ത മീൻ മൂന്നാമതും എന്റെ പ്ലേറ്റിൽ വച്ചു തന്നത് ആ കുട്ടിയാണ്. അതിന് കൊച്ചമ്മമാരെല്ലാം അവളെ കളിയാക്കി. അപ്പോഴത്തെ ദീപ്തിയുടെ മുഖം ഒരു ഫോട്ടോ പോലെ ഇന്നും മനസ്സിലുണ്ട്. എന്തൊക്കെയാണേലും പെണ്ണു കാണാൻ പോയിട്ട് മീൻ വറുത്തതു തിന്നു മടങ്ങുന്ന ആദ്യത്തെയാൾ ചിലപ്പോൾ ഞാനായിരിക്കും. ദീപ്തിയെപ്പറ്റി പിന്നീട് അറിവൊന്നുമില്ല. ആ ബന്ധം

**അവിടെയും വില്ലനായത് നാൾപ്പൊരുത്തമാണ്. പൂരം നാളിന് അത്തം ഒരിക്കലും ചേർക്കാൻ പറ്റില്ലെന്ന്. അതറിഞ്ഞപ്പോൾ എനിക്കല്പം വിഷമം തോന്നി അങ്ങനാണേൽ അതൊക്കെ ആദ്യം നോക്കിയിട്ടു പെണ്ണു കണ്ടാൽ പോരേ. വെറുതെ രണ്ടു കൂട്ടർക്കും പ്രതീക്ഷകളാകുന്നതിനേക്കാൾ അതല്ലേ നല്ലത്.**


അവിടെ വർത്തമാനം പറഞ്ഞുനിന്ന് മുഴുത്ത ചാളമീൻ മൂന്നെണ്ണം ഞാൻ തട്ടി.

അങ്ങനെ അഞ്ചു മിനിറ്റ് ആ പെൺകുട്ടിയുമായി പേഴ്സണലായി സംസാരിക്കാൻ പോയ ഞാൻ ഇരുപത് മിനിറ്റ് കഴിഞ്ഞാണ് അടുക്കളയിൽ നിന്നും പോരുന്നത്. അതു കഴിഞ്ഞാണ് ആ കുട്ടിയുടെ മുറിയിൽ പോയി അഞ്ചു മിനിറ്റ് പേഴ്സണലായി സംസാരിച്ചത്. അതിൽ നിന്നും ദീപ്തി നല്ല ഗ്രേഡുള്ള കുട്ടിയാണെന്ന് മനസ്സിലായി. ഉച്ചക്ക് ഒന്നേകാൽ വരെ അവിടെ ചുറ്റിക്കറങ്ങി നടന്നിട്ടാണു ഞങ്ങൾ അവിടെ നിന്നും പോരുന്നത്. ആ സമ വേണ്ടെന്ന തീരുമാനം എന്റേയും, അവളുടെയും വീട്ടുകാർ ഒന്നിച്ചെടുത്തതാണ്. അതുകൊണ്ട് ഞങ്ങൾക്കല്ലാതെ വേറാർക്കും അതിൽ യാതൊരു വിഷമവും ഉണ്ടായിട്ടുണ്ടാവില്ല. എന്തൊക്കെ പറഞ്ഞാലും പെണ്ണുകാണൽ ചടങ്ങ് ഓരോ ആണിനും ഒരു പുതുമ തന്നെയാണെന്ന് അന്നു ഞാനും മനസ്സിലാക്കി.

■

# വേർതിരിച്ചറിഞ്ഞ സ്നേഹം


ലിജോ. കെ. ജോസ് സി.നമ്പർ.3427



**ഞാ**ൻ ഒറ്റയ്ക്കാകില്ലൊരിക്കലും....
സ്നേഹിച്ചു താലോലിച്ചു പരിപാലിച്ചവരെല്ലാം
എന്നെ ആ നെഞ്ചകങ്ങളിൽ നിന്നും
പറിച്ചെറിഞ്ഞാലും..
ഞാൻ ഒറ്റക്കാകില്ലയൊരിക്കലും
എന്നെ പറിച്ചെറിയാത്ത
അണച്ചമർത്തുന്ന ഒരു ഹൃദയം
എനിക്കായ് തുടിക്കുന്നുണ്ടെന്നും
എന്റെ ഹൃദയത്തിന്റെ താളം ആദ്യമറിഞ്ഞതും
ആ ഹൃദയം തന്നെ.....
ഞാൻ ഒറ്റക്കാകില്ലയൊരിക്കലും
അമ്മതൻ ഹൃദയമിടിപ്പിന്റെ താളമാണ്
ഞാനാദ്യം കേട്ട മധുരമാം സംഗീതം
ആദ്യമായ് കൂട്ടുകൂടിയതും പിണങ്ങിയതും
പിന്നെ കെട്ടിപ്പിടിച്ചു ഞാൻ ഏങ്ങലടിച്ചു
കരഞ്ഞു ചേർന്നു നിന്നതും
ആ വാത്സല്യ ചൂടിനോടായിരുന്നു.
എൻ നോവിൽ നീറിയും
ശാഠ്യമകറ്റുന്നതിനുമായി
എത്രയോ ഇരവിന്റെ സുഖവും
പകലിന്റെ നിറവും
അമ്മ അറിയാതെ പോയി
എത്ര പൊള്ളിയാലും... ജീവന്റെ സുഗന്ധമാണെന്നും അമ്മ
എത്ര വേനലിലും എനിക്കായ് ഒരു ചില്ല വാടാതെ
ഇല കൊഴിക്കാതെ.....
നീട്ടി നിൽക്കും... തണലായ്....
ഒരു ദുർബല നിമിഷത്തിലന്നു ഞാൻ
ആ ചില്ല വിട്ടോടിയെങ്കിലും
വീണ്ടും കൊതിച്ചുവന്നു ഞാൻ
ആ ചില്ലയിൽ ചേക്കേറുവാനായ്
അമ്മതൻ ഹൃദയവാതിലൊരിക്കലും
ചാരാതെ എനിക്കായ് തുറന്നു വച്ചിരുന്നു...
അപ്പോഴും.... എപ്പോഴും
എന്റെ പ്രാണന്റെ ചെപ്പുടയുമ്പോഴും
ആ പ്രാണന്റെ കണങ്ങൾ ഒപ്പിയെടുത്ത്
എൻ മുഖം ആ ഹൃദയത്തിലാഴ്ത്തി
എന്റെ പിന്നിലൊരു ആത്മ നിഴലായ്
എന്റമ്മ മാത്രമെന്നും കൂടെയുണ്ടെന്നുമെപ്പോഴും...
ഞാൻ ഒറ്റക്കാകില്ലയൊരിക്കലും

# എന്നെത്തേടി വന്നവൾ

**വർഗ്ഗീസ്**
സി.നമ്പർ :: 3313




ചിത്രം : **ഗിരീഷ്** സി : 1151

കുളിരുള്ളൊരു രാത്രിയിൽ
കുളിച്ചൊരുങ്ങിയവൾ എൻ അരികിൽ വന്നൂ
ഇളം മൂളിപ്പാട്ടവൾ കാതിൽ മൂളി
പുളകമാം എൻ ഇളം മേനി
തളിരിലപോൽ ഇളകിയാടീ...
ചെറു ചുംബനമവൾ എനിക്ക് തന്നൂ
എൻ ചെഞ്ചുണ്ടിൽ ചെറുപുഞ്ചിരി പതിയേവന്നു
ചെറുചൂടിനായ് കൊതിക്കും എൻ മേനിയിൽ
പടർന്ന് കയറിയവൾ..... പരവേശയായ് !!!
ഹൃദയത്തിൻ താളം ഉയർന്ന് താഴ്ന്നൂ....
വലിഞ്ഞു മുറുകി എൻ കൈ കാലുകൾ
ആനന്ദ നൃത്തത്തിൻ പരമോന്നതിയിൽ
പടർന്നു കിടക്കും നാഡീ ഞരമ്പുകൾ
"പതുക്കെ" പടി പടിയായ് തളർന്നുപോയ്
ചുട്ടു തിളച്ച എൻ മേനി
ചെറു വിയർപ്പിൻ തുള്ളികളായ് ഒഴുകീടുന്നു

ചെറുവിരൽ പോലും അനക്കാനാവാതെ
ചെറുമയക്കത്തിലേക്ക് വഴുതീടുന്നൂ......
പുലർക്കാല വേള ഞാനറിഞ്ഞീലാ...
പൂവൻ കോഴി കൂകിയതും ഞാനറീഞ്ഞീലാ....
കൈ കുഴയുന്നു കാൽ കുഴയുന്നു
എൻ മേനിയാകെ വിറച്ചുതുള്ളുന്നു
പരിഭ്രമത്താൽ പതുക്കെ തുറന്ന
എൻ കണ്ണുകൾ "പകച്ചുപോയ്"....!!!
പതിയേ പറഞ്ഞു പരിചരിച്ച ഡോക്ടർ
പനി പിടിച്ചിരിക്കുന്നു..... ചിക്കൻഗുനിയാ
മനസ്സിൽ പതിയേ പറഞ്ഞുപോയ്
ഇന്നലെ വന്നവൾ വെറും കൊതുകായിരുന്നോ?
ചിക്കൻഗുനിയ പരത്തുന്ന
ഒരു ഈഡിസ് കൊതു....

# ആർക്കുവേണ്ടി

സാബു
ആർ.പി. നമ്പർ : 1542

അറിയാതെ വന്ന് എന്റെ അരികത്ത് നിന്നത്
അറിയുമോ എന്ന് ഒരു പതിവു ചോദ്യം
അയലത്തു നിന്ന് ആണോ അകലത്തു നിന്ന് ആണോ
അറിയില്ല ഇവിടം നിറം വീണ പാടു കണ്ടോ (2)

പൂക്കൾ ഇറുക്കുമ്പോൾ പൂത്തുമ്പിയെ പിടിക്കുമ്പോൾ
പണ്ട് ആരോ പിറകിൽ വന്ന് ഒളിഞ്ഞു നിന്നോ
ചുണ്ടത്ത് വിരൽ ചേർത്ത് ഒറ്റക്ക് ഇരുന്നപ്പോൾ
വിരൽ ഞൊടിച്ച് എന്നെ വിളിച്ചത് ആര്

അറിയാതെ വന്ന് എന്റെ....
നെഞ്ചകം ചാലിച്ച് ചിത്രം വരച്ചു ഞാൻ
ചിത്രത്തിൽ ആരോ പതുങ്ങി നില്പ്പായ്
ഓർമ്മയിൽ കോർത്ത് ഓരോന്നും അക്കമിട്ട് എണ്ണി
അക്കങ്ങള് എന്തോ തടഞ്ഞു വീഴുന്നു.

അറിയാതെ വന്ന് എന്റെ...
ജയിലറക്ക് ഉള്ളിൽ ഞാൻ ഏകനായ്
കണ്ണാടി കൂട്ടിലെ കളിപ്പാവ പോലെ ഞാൻ
അനങ്ങാതെ അറിയാതെ മിഴിച്ചു നിൽക്കുന്നു
മിഴികളിൽ മഷിപുരട്ടി ചുണ്ടുകളിൽ നിറംകൂട്ടി
മൺചിരാതിൻ വെളിച്ചം ആർക്കുവേണ്ടി
മിഴികളിൽ മഷിപുരട്ടി ചുണ്ടുകളിൽ മുനക്കൂട്ടി

അറിയുമോ എന്നൊരു പതിവു ചോദ്യം
അയലത്തു നിന്ന് ആണോ അകലത്തു നിന്ന് ആണോ
അറിയില്ല ഇവിടം നിറം വീണ പാടുകണ്ടോ



ചിത്രം : ജിബി



# വിലാപം

പ്രസാദ്.
സി.നമ്പർ :2891

ആറ്റ് നോറ്റുണ്ടായ മുട്ടകൾ രണ്ടെണ്ണം
കൂട്ടിലിട്ടതും നോവിൻ സുഖമറിഞ്ഞു ആ അമ്മക്കിളി
ഇടക്കൊന്നു പുറത്തിറങ്ങി വന്നപ്പളോ കാണുന്നില്ലൊരെണ്ണം
എവിടെപ്പോയി... ചങ്ക് പിടഞ്ഞ് നോക്കി
പാവം... ദാ കിടക്കുന്നു താഴെ
പൊട്ടിയൊലിച്ച്.... ഹാ...ഹാ... കഷ്ടം!
ആ മാതൃഹൃദയം വിതുമ്പി......
സങ്കടം തീരില്ലൊരിക്കലും.....




ചിത്രം : അനീഷ്കുമാർ കലാ സാഗർ



# ദൈവങ്ങളുടെ സഭയിലെ ഒരു ചർച്ച

**എം.ആർ. മധുകുമാർ**
സി.നമ്പർ :4051

എല്ലാത്തരക്കാരെയും "അകത്തെ" അകങ്ങളിലേക്ക് ഉത്തരവാദിത്വപ്പെട്ടവർ, ആഹാരവും കൊടുത്ത് എണ്ണവുമെടുത്ത്, കയറ്റി പൂട്ടിയെന്നുറപ്പാക്കിയതിന്റെ ആശ്വാസത്തിലായിരുന്നു, അവർ അന്നും !

അസ്തമയശേഷം പതിവ് പോലെ വലിയ മതിൽകെട്ടിടത്തിനകത്തെ വിശാലമായ പച്ചക്കറി തോട്ടത്തിനും ഭംഗിയുള്ള പൂന്തോട്ടത്തിനും മദ്ധ്യേ സ്ഥിരം ഇരിപ്പിടങ്ങളിലേക്ക്, ദൈവ നാമധേയധാരികളായ "അവർ" ഓരോരുത്തരായി എത്തിതുടങ്ങി.

ഇന്നത്തെ വിഷയം എന്തായിരിക്കും എന്നുള്ളതിനെക്കുറിച്ച് മുൻധാരണ ഉണ്ടായിരുന്നതു പോലെ, ഗൗരവമേറിയ മുഖഭാവത്തോടെ എന്നാൽ തീർത്തും നിസ്സഹായരെപ്പോലെ അന്നത്തെ അവലോകനയോഗം "അവർ" ആരംഭിക്കുകയും ചെയ്തു. അപ്പോൾ അവിടെ കൂടിയിരുന്ന ആരിലും, വലിപ്പ ചെറുപ്പമോ, കഴിവോ, തൻപ്രമാണിത്വമോ, മനുഷ്യഗണത്തിൽ കൂടുതൽ വരുന്ന അത്യയായി വൃന്ദവും എന്റെ പാത പിൻതുടരുന്നവർ എന്ന ഹുങ്കോ, അഹങ്കാരമോ, ഗർവ്വോ ലവലേശം ഇല്ലാതെ തുല്ല്യരായിരുന്നു "അവർ".

ജനസഹസ്ര കോടികളുടെ "ആരാധനാ മൂർത്തികൾ"

അവരുടെ അന്നത്തെ വിഷയം തന്നെ അവരോരോരുത്തരുടെയും സ്വന്തം ഭക്തശിരോമണകളെന്നും, തങ്ങളിലൂടെ മാത്രമാണ് തങ്ങളുടെ ഓരോ ദൈവങ്ങൾക്കും നിലനിൽപ്പുള്ളു എന്നുള്ള മിഥ്യാധാരണ വച്ച് പുർത്തിയിരുന്നൊരു ജനതയെക്കുറിച്ചായിരുന്നു. കാരണം ഇന്നത്തെ പ്രവേശനോത്സവത്തിൽ ഏറിയ പങ്കും ഭക്ത പ്രിയരായിരുന്നെന്ന് തോന്നുന്നു. അതിന്റെ ആളനക്കക്കൂടുതൽ സ്വന്തം ആരാധനാലയങ്ങളിലും വന്നിരുന്നതായി അവരിലോരോരുത്തർക്കും തോന്നിയതിനാലാവണം ഇതേ കോമ്പൗണ്ടിലെ ഒതുങ്ങിയ മൂലയിൽ പഴയ പള്ളിക്കൂടങ്ങളുടെ ക്ലാസ്സ് പോലെ തോന്നിപ്പിക്കുന്ന ഒരു കെട്ടിടത്തിലെ ഒരു മേൽക്കൂരയ്ക്ക് താഴെ കേവലം ഓരോ ഭിത്തികളുടെ മാത്രം മറവിൽ വ്യത്യസ്ത മതവിഭാഗങ്ങളായ ജനകോടികളുടെ കൺകണ്ട വിവിധ ആരാധനാ മൂർത്തികൾ. അന്യോന്യം ദിനവും തൊട്ടപ്പുറത്തെ പ്രാർത്ഥനാ ഗീതങ്ങൾ, ശ്ലോകങ്ങൾ , വചനങ്ങൾ, യാസിൻ ഓത്തുകൾ എന്നുവേണ്ട എല്ലാം എല്ലാവരും ഒരുപോലെ ആസ്വദിച്ച് കഴിയുന്നു. അപ്പുറവും ഇപ്പുറവും ആര്, എന്തിന്, എങ്ങിനെ വരുന്നു, നടത്തുന്നു, എന്നിട്ടെന്തായി എന്നൊന്നും നോക്കാതെ അതിനൊന്നും തീർത്തും നേരമില്ലാതെ തങ്ങളുടെ മുമ്പിൽ അശരണരായി വന്നിരിക്കുന്നവരുടെ "ഈ" ദുഖത്തിന് അറുതി എങ്ങിനെ വരുത്താം എന്ന് കുലംകക്ഷമായി ചിന്തിച്ചിരിപ്പാണ്.

"അകത്ത് " ഇവർക്ക് മറ്റൊന്നിനും നേരമില്ല കാരണം തങ്ങളെ കാണാൻ വരുന്ന ഈ മനുഷ്യ

രൂപികളുടെ "പുറത്തേ " ചെയ്തികൾ അഥവാ പ്രവൃത്തികൾ എന്തുമായിരുന്നിരിക്കട്ടെ അകത്ത് വരാൻ നിർബന്ധിതരായ ഈ കൂട്ടരുടെ ദൈന്യതയാർന്ന രൂപഭാവങ്ങളും, മനസ്സും ശരീരവും ചിന്തകളും എന്നുവേണ്ട എല്ലാം അവരോരോരുത്തരുടെയും രക്ഷകരായ ദൈവഹൃദയങ്ങളെ അത്രമാത്രം വേദനിപ്പിക്കുന്നുണ്ടാവാം.

ഇവിടുത്തെ അമ്പല മണിയുടെ ശബ്ദവും, നെയ്തിരിയുടെ പുകയും, പള്ളികളിലെ കുന്തിരിക്കത്തിന്റെയും സുഗന്ധവും, ബൈബിൾ വചന പ്രഘോഷണങ്ങളും, ഖുറാൻ സൂക്ത പാരായണങ്ങളും, സപ്താഹരാമായണ മാസാചരണങ്ങളുമെല്ലാം, ഈ ചുവരിലും മേൽക്കൂരയിലും തട്ടി തളം കെട്ടി നിൽക്കുന്ന ഈ അന്തരീക്ഷമാണോ "അകത്തെ" ഈ തമ്പുരാൻമാർക്ക് ഏറെ ഇഷ്ടമെന്ന് തോന്നിപ്പിയ്ക്കും വിധമാണെന്ന് തെളിയിക്കുന്നതാണ്. ദിവസേന വൈകുന്നേരങ്ങളിലെ ഇവരുടെ ഈ ഒത്ത് ചേരലും അവലോകന യോഗവും.

" എന്താണിവർ പുറത്തിങ്ങനെ"

ദൈവങ്ങൾ അകത്തെയും പുറത്തെയും ഒരേ മനുഷ്യരുടെ മാറ്റങ്ങളെക്കുറിച്ചോർത്ത് ഗൂഢമായ് ഉള്ളാലെ ചിരിച്ചു!

പുറത്ത് വ്യത്യസ്ത ജാതി മത വിഭാഗങ്ങൾ ആയതിനാലാവാം ഇവർ തരാതരം പോലെ അവസരം ലഭിക്കുമ്പോളെല്ലാം ദൈവങ്ങളുടെ അനുചരൻമാരെന്നും, പ്രതിപുരുഷന്മാരെന്നും സ്വയം അവരോധിക്കയും, നല്ലതോ ചീത്തയോ ആയ കാര്യമില്ലാത്ത കാര്യങ്ങൾക്ക് പോലും പസ്പരം ഭീഷണിമുഴക്കുകയും, തമ്മിൽ തല്ലുകയും അവസാനം എതിരാളിയുടെയോ, സിൽബന്ധി കളുടെയോ മരണത്തിനോ, അതിനടുത്തോ വരെ കാര്യങ്ങൾ എത്തിക്കഴിയുമ്പോഴേക്കും എല്ലാം കയ്യിൽനിന്നും വഴുതിപ്പോയിട്ടുണ്ടാവും എല്ലാ രീതിയിലും. ഈ പലതരക്കാരും വ്യത്യസ്തത പുലർത്തുന്നവരുമെല്ലാം കുടിയനും, കുറഞ്ഞവനും, ഉള്ളവനും, ഇല്ലാത്തവനും എന്നുവേണ്ട സർവ്വരും "അകത്തേ" ഭാഷയിൽ ഒരു വിഭാഗം മാത്രം "അന്തേവാസികൾ" പുറത്ത്. മതം, ദൈവം, രാഷ്ട്രീയം എന്നിവയുടെ പേരിൽ കാലും, കൈയ്യും, ജീവനുമെല്ലാം ആർക്കോ വേണ്ടി എടുക്കുന്നവന്മാർ, അകത്തായി കുറച്ച് ദിവസങ്ങൾക്കുള്ളിൽ മറ്റ് മതവിശ്വാസികളുടെ ആഘോഷവേളകളിൽ ആത്മാർത്ഥമായി എല്ലാ രീതിയിലും സഹകരിച്ച് വിജയിപ്പിക്കുന്നു. ഇതിലൊന്നും പെടാതെ ഒരു ദൈവത്തിനും പിടികൊടുക്കില്ലെന്ന ഉറച്ച വിശ്വാസത്തിൽ എല്ലാം ശരിയാവുമെന്നും വിചാരിച്ച് ഒരു കൂട്ടർ. ഒന്നും ശരിയായിട്ടോ നന്നായിട്ടോ ഒരു കാര്യവുമില്ലെന്ന് വിചാരിച്ച് മാനസികമായ് എല്ലാരീതിയിലും തകർന്ന മറ്റൊരു കൂട്ടം.

പ്രകൃതിയിൽ ജീവജാലങ്ങളിൽ തിരിച്ചറിവും, വിശേഷബുദ്ധിയും ലഭിച്ച മനുഷ്യൻ ഇവയെല്ലാം കൈവിട്ട്, എതിരാളിയുടെ അവസാന തുള്ളി രക്തത്തിനായി ആയുധങ്ങൾ ഉയർത്തി ആക്രോശിച്ചിരുന്ന ആ നടുക്കുന്ന ഭീകര മനുഷ്യമുഖമാണോ! ദൈന്യതയാർന്ന ശരീര ഭാഷയും, വിറയാർന്ന അധരങ്ങളും, ദൃഷ്ടികൾ മേലോട്ടുയർത്തി, വിങ്ങുന്ന ഹൃദത്തോടെ, നനവാർന്ന കണ്ണുകളിൽ നിന്നും അടർന്ന് വീഴാറായ നീർതുള്ളിയും ദൈവത്തിനായ് അർപ്പിച്ച് മുൻകാല സ്വന്തം ചെയ്തികൾ മൂലമുണ്ടായ ഈ അവസ്ഥയെ ഓർത്ത് പശ്ചാത്തപിക്കുന്ന ഈ പച്ച മനുഷ്യനെയോ?

ജീവിതത്തിൽ എന്ത് കാരണമായാലും ഒരുവനെതിരെ, ചിന്തിക്കുകയോ, പറയുകയോ, പ്രവർത്തിക്കാൻ തുടങ്ങുകയോ ചെയ്യുമ്പോൾ അതും സഹജീവിയാണെന്നും, അയാൾക്കും തന്നെപ്പോലെ തന്നെ എല്ലാവരും ഉണ്ടെന്നും, എല്ലാ വികാര വിചാരങ്ങൾ അയാൾക്കുമുണ്ടെന്നും ഒരു നിമിഷം ചിന്തിച്ചാൽ?! സ്നേഹവും കരുണയും, അലിവും, ആർദ്രതയുമുള്ള ദൈവങ്ങൾക്കുമുണ്ടല്ലോ പരിധികൾ അതുകൊണ്ട് അവർ അന്യോന്യം ചോദിച്ചു ഇതെവിടെയാണ് കുഴപ്പം?

അകത്തോ അതോ പുറത്തോ?

ഈയിടെ ആരോ പറഞ്ഞു. പുറത്തേക്കാൾ ഭേദം അകമാണെന്ന്, പക്ഷേ പുറത്തിരുന്ന് മാത്രമേ അത് പറയാൻ പറ്റൂ.

നാളെ ഇനി പുതിയ മറ്റെന്തെങ്കിലും വിഷയവുമായി പതിവ് സമയത്ത് വീണ്ടും കാണാം എന്നും പറഞ്ഞ് കൊണ്ട് അന്നത്തേയ്ക്ക് അവർ പിരിഞ്ഞു!



# അന്തരീക്ഷം


**രാജേഷ്. പി. ആർ**
അസിസ്റ്റന്റ് പ്രിസൺ ഓഫീസർ
സബ്ബ് ജയിൽ


**ക**നത്ത മഞ്ഞായിരുന്നു എങ്ങും. മഞ്ഞിനിടയിലൂടെ മനുഷ്യർ പ്രേതങ്ങളെപ്പോലെ പ്രത്യക്ഷ പ്പെടുകയും അതിനെക്കാൾ വേഗത്തിൽ അപ്രത്യക്ഷരാവുകയും ചെയ്തു. നഗരവീഥികളിൽ വാഹനഗതാഗതം പാടേ സ്തംഭിച്ചിരുന്നു. കുഞ്ഞുങ്ങളും വൃദ്ധരും തണുപ്പ് സഹിക്കാനാവാതെ മരിക്കുകയും തൊഴിലിന് പോകാതെ മനുഷ്യർ കഷ്ടപ്പെടുകയും പട്ടിണി കിടക്കുകയും ചെയ്തു. ദിക്കേതെന്നും, ദിശയേതെന്നും അറിയാതെ മനുഷ്യർ കുഴങ്ങി. വാഹനങ്ങൾ പരസ്പരം കൂട്ടിയിടിക്കുന്നതിന്റെയും പരിക്കേറ്റ മനുഷ്യർ ദയനീയമായി നിലവിളിക്കുന്നതിന്റെയും ശബ്ദം എങ്ങും കേൾക്കാമായിരുന്നു. ജനങ്ങുടെ ദൈനം ദിന ജീവിതം സ്തംഭിച്ച് എന്തെന്നും എന്തിനെന്നുമില്ലാതെ അവരുടെ പരക്കം പാച്ചിലിന് കൂച്ചുവിലങ്ങിടാനും ദൈവം പറ്റിച്ച പണിയായിട്ടാണ് അന്നെനിക്ക് തോന്നിയത്.

മരണത്തിന്റെയും ഒറ്റപ്പെടലിന്റെയും ഭീതിയെ ആ മഞ്ഞ് അന്വർത്ഥമാക്കി. അത് കുടിലുകളിലേക്കും കൊട്ടാരങ്ങളിലേക്കും നിശ്ശബ്ദമായി ഒരുപോലെ കടന്നുചെന്നു. മഞ്ഞിന്റെ തേർവാഴ്ച്ചയായിരുന്നു കുറച്ചുനാളുകൾക്ക് മുൻപ് ഞാൻ ചെന്നിറങ്ങുമ്പോൾ മഹാരാഷ്ട്രയിലെങ്ങും.

നാട്ടിൽ നിന്ന് അതിവിദൂരമായ മറ്റൊരു നാട്ടിൽ നല്ലൊരു ജീവിതം കരുപ്പിടിപ്പിക്കാമെന്നുള്ള പ്രതീക്ഷയിലാണ് ഞാൻ അവിടെ എത്തിയത്. മഞ്ഞ് അവിടത്തെ വിചിത്രമായ ഭാഷ പോലെ എന്നെ കൂടുതൽ പരിഭ്രാന്തനാക്കി. എന്റെ ശരീരത്തിനും മനസ്സിനും തീരെ പൊരുത്തപ്പെടാനാകുമായിരുന്നില്ല.

ഞാൻ താമസിക്കുന്ന സ്ഥലമായ ജൽഗാവിൽ നിന്നും നൂറിലേറെ കിലോമീറ്റർ ദൂരമുള്ള സ്ഥലങ്ങളിലേക്ക് എനിക്ക് ജോലിയുടെ ആവശ്യത്തിനായി സഞ്ചരിക്കേണ്ടതുണ്ടായിരുന്നു. ആ ദിവസം എത്ര കിണഞ്ഞ് ശ്രമിച്ചിട്ടും എനിക്ക് കൃത്യസമയത്ത് ബസ്സ് സ്റ്റോപ്പിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. പകൽ എപ്പോഴോ സൂര്യൻ വന്ന് മഞ്ഞിനിടയിലൂടെ എത്തിച്ചു നോക്കി സ്ഥിതി ഗതികൾ വിലയിരുത്തി തിരിച്ചു

പോയിരുന്നു. അടുത്ത മഞ്ഞുകാലത്തേക്കും താനും തന്റെ പെട്ടിക്കിടക്കയും അവശേഷിക്കുമെന്ന് വെല്ലുവിളിക്കുന്ന മട്ടിൽ ആ പടുവൃദ്ധൻ എന്നെ ആശ്വസിപ്പിച്ചത്, അവസാന ബസ്സിന് ഇനിയും ഒരു മണിക്കൂർ സമയമുണ്ടെന്നാണ്. ഞാൻ വെയിറ്റിംഗ് ഷെഡിലേക്ക് കയറിയിരുന്നു. വൃദ്ധന്റെ ചായക്കടയിൽ നിന്നു വാങ്ങിയ കടലപ്പൊതി തുറന്ന് ഓരോന്നായി തിന്നുകൊണ്ട് ഞാൻ ചുറ്റിലും നിരീക്ഷിച്ചുകൊണ്ടിരുന്നു. അവിടെ എന്നെ കൂടാതെ നാലു പേരാണുണ്ടായത്. പ്രായാധിക്യമില്ലെങ്കിലും വൃദ്ധരെപ്പോലെ തോന്നിച്ചിരുന്ന ഒരു കർഷകനും ഭാര്യയും അവിടെ കുന്തിച്ചിരുന്ന്, ഗുട്ക ചവച്ച് വെയിറ്റിംഗ് ഷെഡിന്റെ മൂലയിലേക്ക് തുപ്പിക്കൊണ്ടിരുന്നു. അതിനിടയിൽ അവർ സങ്കടങ്ങളും തർക്കങ്ങളും പങ്കുവച്ചു. കുറച്ചുനേരം മിണ്ടാതിരിക്കും. പിന്നെയും തുടങ്ങും. ആ മണ്ണിന്റെ സാരവും സത്തും മുഴുവൻ അവരുടെ ഓരോ നഖത്തിനിടയിലും മുടിയിഴകളിലും മുഖത്തെ ചുളിവുകൾക്കിടയിലും ആഴത്തിൽ പതിഞ്ഞുകിടപ്പുണ്ട്. ഒരു ക്യാമറ സ്വന്തമായി ഇല്ലാത്തതിനാൽ എനിക്ക് അതിയായ വിഷമം തോന്നി.

ഇരുട്ടുന്നതിന് മുമ്പ് വീടെത്താൻ സാധിക്കില്ല. ഇല്ലെങ്കിലും മഞ്ഞും ഇരുട്ടും അന്ധതയും എല്ലാം ഒന്നുതന്നെ. എനിക്ക് പക്ഷേ ഇരുട്ടിനെയായിരുന്നില്ല പേടി. റബ്ബർ വിറ്റതിന്റെ കളക്ഷൻ മുഴുവൻ എന്റെ കൈയിലുണ്ടായിരുന്നു.

മൂന്നാമൻ ഒരു പയ്യനായിരുന്നു. അവൻ ആരോടോ മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് മറ്റൊരു ലോകത്തായിരുന്നു. അവന്റെ ഭാവി ജീവിതം രൂപപ്പെടുത്താനുള്ള കഠിനമായ പ്രയത്നത്തിലാണ് അവനെന്ന് അവന്റെ ചേഷ്ടകളിൽ നിന്ന് എനിക്ക് മനസ്സിലായി.

നാലാമനെ ഞാൻ ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾതന്നെ അയാൾ എന്നെയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നെ മാത്രമല്ല ചുറ്റുമുള്ള എല്ലാത്തിനെയും. അയാൾ എന്തിനെയോ ഭയപ്പെടുന്നുണ്ടായിരുന്നതുപോലെ. അയാൾ കടല തിന്നുന്നത് കണ്ടാൽ അത് തിന്നുന്നതുകൊണ്ട് അയാൾക്കെന്തെങ്കിലും ഭവിഷ്യത്ത് ഉണ്ടാവുമോ എന്നാലോചിക്കുന്നത് പോലെ തോന്നും. മൂടിമൂടി വരുന്ന ഇരുട്ടും, അയാളുടെ ഭയവും ചുറ്റുമുള്ള ഏകാന്തതയും എന്നെ വല്ലാതെ ഭയപ്പെടുത്തി. എന്റെ കൈയിലുള്ള പണം അതിലേറെ എന്നെ ഭയപ്പെടുത്തി. അതെന്റേതല്ല എങ്കിലും. ഒരു മനുഷ്യന് വില നൽകുന്നത് എന്താണ്? പണമോ? ആഭരണങ്ങളോ? ഞാൻ ആഭരണമൊന്നും ധരിക്കാറില്ല. കാരണം ഇക്കാലത്ത് ആഭരണം ശരീരത്തിൽ അണിയുന്നത് വീട് തുറന്നിട്ട് പോരുന്നതിന് തുല്യമാണ്. ശരീരം, ജ്വല്ലറിയിലെ ഡിസ്പ്ലേ പോലെ ഒരു പ്രദർശനമാക്കാൻ ഞാൻ ശ്രമിക്കാറില്ല. ഈ പണം, അതെന്റേതല്ല. ഞാൻ ഒരു വാഹകൻ മാത്രമാണ്. പക്ഷേ ഈ പണം മുതലാളിക്ക് കൈമാറുന്നതുവരെ ഞാൻ ആക്രമിക്കപ്പെടാൻ സാധ്യതയുണ്ട്. ആലോചനകൾ പലതായിക്കൊണ്ടിരിക്കുമ്പോഴൊക്കെ എന്റെ ഭയം എന്റെ പണത്തിലേക്കുള്ള ശ്രദ്ധ ആകർഷിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.


ബസ്സിൽ പത്തിൽ താഴെ ആളുകളേ ഉണ്ടായിരുന്നുള്ളൂ. വളരെ ദൂരേയ്ക്ക് പോകേണ്ടിയിരുന്നതിനാൽ എല്ലാവരും ഒരു മയക്കത്തിന് തയ്യാറെടുക്കുകയായിരുന്നു. ബസ്റ്റോപ്പിൽ വച്ച് കണ്ട എല്ലാവരും- ഒരാളൊഴികെ- ബസ്സിൽ കയറിയിട്ടുണ്ട്. നാലാമൻ മാത്രം കയറിയിട്ടില്ല. അതെന്നെ വല്ലാതെ ആശ്വസിപ്പിച്ചു. എന്റെ സീറ്റിൽ ഒരു പ്ലാസ്റ്റിക്ക് കവർ ഇരുപ്പുണ്ടായിരുന്നു. അതെടുത്ത് വെറുതെ ഒന്ന് തുറന്ന് നോക്കി. അതിൽ ഒരു സ്ത്രീയുടെ മെടഞ്ഞിട്ട മുടിയും ഒരു ജോഡി ചെരുപ്പുകളുമുണ്ടായിരുന്നു. അത് വേഗം ഇരുന്നിടത്തു തന്നെ തിരികെ വച്ച് ഞാൻ പിറകിലെ സീറ്റിലേക്ക് മാറിയിരുന്നു. മഞ്ഞിന്റെ തണുപ്പ് അരിച്ചിറങ്ങുന്നുണ്ടായിരുന്നു. ഞാൻ എന്റെ വശത്തെ ചില്ലുവാതിൽ അടച്ച് സീറ്റിൽ തല ചായ്ച്ചിരുന്നു. കണ്ണടയ്ക്കില്ല എന്ന് സ്വയം പ്രതിജ്ഞ ചെയ്തിരുന്നെങ്കിലും ക്ഷീണത്താൽ കണ്ണുകൾ അടയാൻ പോകുന്നത് ഞാൻ അറിഞ്ഞു. കുറച്ചുനേരത്തെ ശ്രമക്രമായ പിടിവലിക്കു ശേഷം ഞാൻ ഉറക്കത്തിനു കീഴടങ്ങി.

ഉറങ്ങിയെണീറ്റപ്പോൾ ഞാൻ ചുറ്റിലും നോക്കി. ജീവിതത്തിൽ ആദ്യമായിക്കണ്ട ജീവികളെപ്പോലെ ഞാൻ അവരെ ഉറ്റുനോക്കി. പോക്കറ്റിൽ കയ്യിട്ട് അത് അവിടെത്തന്നെ ഉണ്ടെന്ന് ഉറപ്പുവരുത്തി. ബാക്കിയുണ്ടായിരുന്ന കടലയും തിന്നതിനുശേഷം കടലാസ് ചുരുട്ടി ചില്ല് ജനാലയിലൂടെ പുറത്തേയ്ക്കിട്ടു. അത് നിസ്സാരമായ പ്രവർത്തിയായിരുന്നെങ്കിലും നഷ്ടപ്പെടരുത്താ

ത്തത് നഷ്ടപ്പെടുത്തി എന്ന ദുഃഖം എന്നിലുണ്ടാക്കി. വീണ്ടും ബസ്സിൽ അവശേഷിക്കുന്ന വരെ നിരീക്ഷിച്ചു. ബസ്റ്റോപ്പിൽ വച്ച് കണ്ട ദമ്പതികളായ മറാഠികൾ പരസ്പരം തല ചായ്ച്ചുറങ്ങുകയായിരുന്നു. എന്റെ ഇടതുവശത്തെ സീറ്റിന്റെ രണ്ട് സീറ്റ് പിറകിലായി ആ നാലാമൻ എന്നെ സാകൂതം നിരീക്ഷിക്കുന്നത് ഞാൻ ഞെട്ടലോടെ തിരിച്ചറിഞ്ഞു. അയാൾ വസ്ത്രം കൊണ്ട് തല മൂടിക്കെട്ടിയിരുന്നു, എന്നെ പിന്തുടരുകയാണെന്ന് ഞാൻ ഉറപ്പിച്ചു. അയാൾ മുൻസീറ്റിന്റെ കമ്പിയിൽ തല ചായ്ച്ച് അതിനിടയിലൂടെ ഒരു കള്ളനെപ്പോലെ എന്നെ നോക്കിക്കൊണ്ടിരുന്നു. ഝൽഗാവിലെത്താൻ ഇനിയും ഒരു മണിക്കൂർ കൂടിയെടുക്കും. മഞ്ഞ്, കാലത്തിനെയും സമയത്തെയും തടഞ്ഞുനിർത്തിയത് പോലെ തോന്നി. നിശ്ചലമായ ഈ ലോകത്ത് ഞാനും എന്റെ ബസ്സും എങ്ങനെ ചലിക്കാനാണ്? ഈ ബസ്സിനൊരു ഡ്രൈവറുണ്ടോ? അയാളെത്ര സമർത്ഥനായിരിക്കണം! അയാളെ ഈ ബസ്സിലുള്ളവർ എല്ലാവരും വിശ്വസിക്കുന്നു. ഒരുപക്ഷേ ദൈവമാണോ ഇതോടിക്കുന്നത്? ആയിരിക്കാം- അല്ലാതെ ശവമഞ്ചം പോലുള്ള ഈ ബസ്സിനെ മരണം പോലെ വിളറിയ ഈ മഞ്ഞിൽ ആർക്ക് ഓടിക്കാൻ സാധിക്കും?

ചിന്തകൾക്കിടയിൽ ഒരു അശരീരി പോലെ ജൽഗാവ് ജൽഗാവ് എന്ന് കണ്ടക്ടർ പറയുന്നതുകേട്ടു. ഞാൻ എണീറ്റ് മുൻവശത്തേക്ക് നടന്നു. അറിയാത്ത ഭാവത്തിൽ ഞാൻ നാലാമനെ നോക്കി. അയാൾ തന്റെ പാന്റ് കേറ്റിയിടുകയായിരുന്നു.

ബസ്സിറങ്ങി അയാൾ എങ്ങോട്ടാണ് എന്നറിയാൻ മാത്രം ഞാൻ മൂത്രമൊഴിക്കാൻ ഒരിടത്തേക്ക് നീങ്ങി. അയാൾ എന്തോ തന്റെ തോൾ സഞ്ചിയിൽ എന്തോ എടുത്തുവയ്ക്കുകയാണ്. ഞാൻ വീട്ടിലേക്ക് ആദ്യം നടക്കുകയായിരിക്കണം അയാളുടെ ആവശ്യം. ഞാൻ വേഗം വ്യവസായമേഖലയിലേക്ക് കടന്നു. ഇലക്ട്രിക്ക് പോസ്റ്റുകളിൽ നിന്ന് മഞ്ഞ വെളിച്ചം പ്രസരിച്ചു. ഞാൻ ഇടക്കിടെ തിരിഞ്ഞുനോക്കിക്കൊണ്ട് നടത്തത്തിന്റെ വേഗത കൂട്ടി. അയാൾ എന്നെ പിന്തുടരുന്നുണ്ട്. എന്റെ ഹൃദയമിടിപ്പ് ഏറുകയും കാലുകൾ കുഴയുകയും ചെയ്തു. മഞ്ഞവെളിച്ചത്തിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ അയാളെ തൊട്ടുപിന്നിലെ മഞ്ഞവെളിച്ചത്തിൽ കണ്ടു. എന്നാൽ അടുത്ത പ്രാവശ്യം നോക്കിയപ്പോൾ അയാളെ കാണാനില്ല. കുറച്ചു ദൂരം ചെന്ന് തിരിഞ്ഞുനോക്കിയപ്പോൾ അയാൾ വീണ്ടും പ്രത്യക്ഷപ്പെട്ടു. എന്തുവില കൊടുത്തും ഓടുകതന്നെ വേണം. രക്ഷയില്ല, മറ്റു മാർഗ്ഗമില്ല. വലതുവശത്തേക്കുള്ള വഴിയിലൂടെ പോയാലോ എന്ന് ആലോചിച്ചെങ്കിലും എളുപ്പം വീടെത്താനുള്ള വ്യഗ്രതയിൽ ഞാൻ നേരെ ഓടുകയാണുണ്ടായത്. പിന്നീട് വീട്ടിലെത്തി അകത്തേക്കു പ്രവേശിക്കുന്നതുന്നതു വരെ ഞാൻ തിരിഞ്ഞു നോക്കിയില്ല. എന്റെ സംഭ്രമം കണ്ട് പേടിച്ച് മുതലാളി എന്നോട് കാര്യം തിരക്കിയപ്പോൾ, 'ഒന്നുമില്ല' എന്ന് പറഞ്ഞുകൊണ്ട് വേഗം വാതിൽ അടക്കുവാൻ പറഞ്ഞതുമാത്രം എനിക്കോർമ്മയുണ്ട്. ■




**ചിത്രം : സഫ്വാൻ**
ആർ.പി. 2131

# വേനൽ മഴ

കൃഷ്ണൻ
സി.നമ്പർ :.3787

പീടികത്തിണ്ണയിലെ ചാക്കിൽ ചുരുണ്ടു കൂടി മയങ്ങിയപ്പോഴും അയാളുടെ മനസ്സിൽ ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ എങ്ങനെ താനൊരു ധനികനാവും. പല ആലോചനകളും വന്ന് നിറഞ്ഞു എവിടെ തുടങ്ങണം, എങ്ങിനെ തുടങ്ങണം എന്ന് മാത്രം കിട്ടുന്നില്ല സ്ഥലം മാറി കിടന്നാലോ. അയാൾ തന്റെ സ്വന്തമെന്ന് പറയാവുന്ന ചാക്കും ഭാണ്ഡവുമെടുത്ത് ഭാണ്ഡം തോളിൽ തൂക്കിയ ആ നിമിഷം തന്നെ ചാവാലി പട്ടിയുടെ ഓരിയിടൽ കേട്ടു. ലക്ഷണം ശരിയല്ലെന്നു കരുതി അവിടെ തന്നെ കിടക്കാൻ ശ്രമിച്ചപ്പോഴാണ് ഭാണ്ഡം താഴെ വീണത്. അതിൽ നിന്നും പാത്രത്തിന്റെയും ചില്ലറ പൈസയുടെയും ശബ്ദം കേട്ട മാത്രയിൽ തന്നെ താഴെ കിടന്ന രാഘവന്റെ കോപം കലർന്ന ചീത്തവിളി. എടോ താൻ പകലും എനിക്ക് സമാധാനം തരില്ല. രാത്രി ഉറങ്ങാനും സമ്മതിക്കില്ലേടേ, രണ്ട് വർഷമായിട്ടില്ല ഇവിടെ വന്നിട്ട് എന്നിട്ടാ വർഷങ്ങളായ തന്നോടുകളി. രാജൻ, കോരൻ എന്നും പറഞ്ഞ് കുറെ വന്നു കൊള്ളും നാളെ വേറെ പീടികത്തിണ്ണ കണ്ടു പിടിച്ചോണം പിന്നെ കുറെ തെറിയായിരുന്നു. രാഘവന് രാജനെ തെറിവിളിക്കാൻ കാരണമുണ്ടായിരുന്നു. രാഘവന്റെ റൂട്ടിൽ രാജൻ പോയ് ഭീക്ഷയാചിച്ചതിന്റെ അറിവ് രാഘവന് കിട്ടിയിരുന്നു. അതുകൊണ്ട് രാഘവനു പിരിവ് കുറവായിരുന്നു രാജന് കൂടുതൽ കിട്ടിയതുമില്ല.

രാജന് ഇപ്പോൾ പലമാറ്റങ്ങൾ വന്നതായി സഹപ്രവർത്തകരായ ഭിക്ഷക്കാർ പറയാറുണ്ട്. അയാൾ അതിർത്തികടന്നു ഭിക്ഷയാജിക്കുന്നുണ്ട്. പക്ഷേ മാളുവിന്റെ റൂട്ടിൽ മാത്രം പോവില്ല കാരണം മാളുവിന്റെ അസഭ്യവും ചെരുപ്പ് ഏറും അയാൾക്ക് സഹിക്കാൻ കഴിയില്ല. അയാൾക്കിപ്പോൾ വല്ലാത്തൊരു ആർത്തിയാണ് എല്ലാം സ്വന്തമാക്കണമെന്ന ചിന്ത. രണ്ട് വർഷമായി അയാൾ ഈ തെരുവിൽ വന്നതെങ്കിൽ പോലും ആർക്കും അയാളെക്കുറിച്ച് ഒര് അറിവുമില്ല. അറിയപ്പെടാൻ ആഗ്രഹിക്കുന്നുമില്ല. പാതിരാ കഴിഞ്ഞുകാണും ഒന്ന് ഉറങ്ങാൻ അപ്പോൾ തന്നെ പലപ്പോഴായി കാണാറുള്ള ആ സ്വപ്നം അയാൾ പിന്നെയും കണ്ടു. താൻ ധനികനായതിന്റെ എല്ലാ ലക്ഷണങ്ങളുമുള്ള ഒരു സ്വപ്നം പ്രൗഢിയിലും പ്രഭാതത്തിലും തിളങ്ങുന്ന വീട് തനിക്കു ചുറ്റും ഭൃത്യന്മാർ താൻ പറയുന്നതു കേൾക്കാൻ കാതോർത്ത് നാട്ടുകാർ എല്ലാ രാജകീയസുഖങ്ങളും അനുഭവിച്ച ചാരുകസേരയിൽ ഇരിക്കുമ്പോഴായിരിക്കും വീടിന്റെ ഗേറ്റിന്റെ മുന്നിൽ കുതിര വണ്ടിയുടെ ശബ്ദം കേൾക്കുന്നത്. കുതിര കുളമ്പടിയുടെ ശബ്ദം തന്റെ ചെവിയിലേക്ക് എത്തുന്ന ആ നിമിഷം അയാൾ ഞെട്ടി ഉണരും പിന്നെ ഉറങ്ങാൻ കഴിയില്ല. ആ കുതിര വണ്ടിയുടെ ശബ്ദം കേൾക്കാനല്ലാതെ ആ വണ്ടി കാണാൻ അയാൾക്ക് കഴിഞ്ഞിട്ടില്ല. പിന്നീട് അയാൾ അയാളെ തന്നെ ഓർത്ത് കിടന്നു. തന്റെ ദുർനടപ്പും, വാശിയും, വിവരമില്ലായ്മയും കാരണം തന്റെ സമ്പാദ്യവും കുടുംബവും എല്ലാം നശിപ്പിച്ച ഓർമ്മകൾ കാട് കയറിയപ്പോഴാണ് പാദസ്വരത്തിന്റെ കിലുക്കം അലമേലു രാത്രി സവാരി കഴിഞ്ഞു വരികയാണ്. എത്ര തിരക്കാണെങ്കിലും അലമേലു അഞ്ച് മണിക്കുതന്നെ എത്തും. പിന്നെ കുറച്ച് തെറിയോട് കൂടിയുള്ള കഥപറച്ചിലും കാര്യം പറച്ചിലുമാണ്. അലമേലുവിനെ കണികണ്ട ഇന്നത്തെ ദിവസം നന്നായി ഇരിക്കട്ടെ എന്ന് കരുതിയപ്പോഴാണ് പെട്ടെന്നു പീടികക്കാരന്റെ ശകാരം എണീറ്റ് പോവിനെടാ ഇവിടെനിന്ന്. തറവാട്

ആണെന്നാ വിചാരം എത്ര പറഞ്ഞാലും കേറിവന്ന് കിടന്നോളും നാണം കെട്ടവന്മാർ ആ പിന്നെ ഒരു ഗുണം കള്ളൻമാരെ പേടിക്കണ്ട എന്നാണ്. ചാക്ക് ഒരു ഭാഗത്ത് വെച്ചു ഭാണ്ഡവുമെടുത്ത് നടന്നു. ആദ്യം കണ്ടയാളിൽ നിന്ന് തന്നെ ഭിക്ഷയാചിച്ചു പോടാ അവിടെന്ന് രാവിലെ തന്നെ തെണ്ടാനിറങ്ങിക്കോളും നേരം വെളുക്കോന്നും വേണ്ടേ തെണ്ടികൾ എന്ന് പറഞ്ഞ് അയാൾ നീങ്ങി. പെട്ടെന്നാണ് ഒരുത്തൻ അയാളെ തട്ടിമാറ്റി ഓടിയത് അയാളെ പിടിക്കാൻ രണ്ട് പോലീസുകാരും പിടിയെടാ പിടിയെടാ എന്ന് പറയുന്നുമുണ്ട്. കൈതട്ടി താഴെവീണ അയാളുടെ ശരീരത്തിലേക്ക് പേപ്പറുപോലെ എന്തോ വന്ന് വീണു കാശാണെന്നുകരുതി ആർത്തിയോടെ അത് എടുത്തുനോക്കിയപ്പോൾ അത് ഒരു ലോട്ടറി ടിക്കറ്റായിരുന്നു. അത് ഭാണ്ഡത്തിൽ വെച്ചു ഭാഗ്യദേവത പിറ്റേദിവസം ആ ടിക്കറ്റിനു നൂറ് രൂപ കടാക്ഷിച്ചു അയാളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഇത് തന്റെ ഭാഗ്യമെന്ന് അയാൾ കരുതി അന്ന് ഭിക്ഷയാചിച്ചുകിട്ടിയ കാശ് മുഴുവൻ ലോട്ടറി ടിക്കറ്റെടുത്തു ഫലം വന്നപ്പോൾ നിരാശയായിരുന്നു. ടിക്കറ്റ് എടുക്കുന്നതിൽ അയാൾ വല്ലാത്തൊരു ആർത്തികണ്ടു. ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു പൈസകൊടുക്കാതെയും. അതിര് കടന്നുള്ള ഭിക്ഷാടനവും കാരണം അയാൾക്ക് അടികൊള്ളുക പതിവായി ലോട്ടിറി ടിക്കറ്റിന്റെ കനം കൂടുംതോറും ശരീരം ക്ഷയിക്കാനും തുടങ്ങി അയാൾ ശരിക്കും ഒരു വെറുക്കപ്പെട്ട ഭിക്ഷക്കാരനായി മാറുകയായിരുന്നു. ആ ഇടക്കാണ് ന്യൂ ഇയർ ബംബർ അയാളുടെ കണ്ണിൽ പെട്ടത്. മുഴുവൻ പൈസയും കൊടുത്ത് ബംബർ സമ്മാനമെടുത്തു ഭാണ്ഡത്തിൽ പെട്ടെന്നു ആർക്കും കണ്ടുപിടിക്കാൻ പറ്റാത്ത ഒരു അറ അയാൾ ഉണ്ടാക്കിയിരുന്നു. ടിക്കറ്റ് അതിൽ വെച്ചു. ഫലം വരുന്നതിന്റെ തലേദിവസം ആ പഴയ പീടിക തിണ്ണയിൽ കിടന്നു എന്നു പറയാൻ പറ്റില്ല വീഴുകയായിരുന്നു അത്രക്കും അവശനായിരുന്നു. അന്നും അയാൾ ആ സ്വപ്നം കണ്ടു എല്ലാ സുഖ സൗകര്യങ്ങളുമുള്ള ആ വീട്ടിലെ ചാരുകസേരയിലിരിക്കുമ്പോഴാണ് ഗേറ്റിനുമുന്നിലെ ആ കുതിര കുളമ്പടിയുടെ ശബ്ദം ആ വണ്ടി കാണാൻ ആഗ്രഹിച്ച അന്ന് അയാൾ ഞെട്ടി ഉണർന്നില്ല. വണ്ടിയിലേക്ക് പോവാൻ ഒരുങ്ങുമ്പോഴേക്കാണ് തേരാളി എന്ന് തോന്നിപ്പിക്കുന്ന ആജാനുബാഹുവായ ഒരാൾ അയാൾക്കരികിലേക്ക് വന്നത്. ആ തേരാളി അയാളെ കുതിരവണ്ടിയിലേക്കാനയിച്ചു. രണ്ട് വെള്ളക്കുതിരയെ പൂട്ടിയ സ്വർണ്ണ നിറത്തിലുള്ള കുതിരവണ്ടി തേരാളി ആദ്യം കയറി അയാളോട് കയറാൻ ആംഗ്യം കാണിച്ചു. പക്ഷേ അയാൾക്ക് കയറാൻ കഴിഞ്ഞില്ല. തേരാളി കൈ കൊടുത്ത് ആ വണ്ടിയിൽ കയറ്റിയ ആ നിമിഷം പീടികത്തിണ്ണയിലെ ആ ഭിക്ഷക്കാരന്റെ ശരീരം ഒന്ന് ഞെട്ടിവിറച്ചു നിശ്ചലമായി. പിറ്റേദിവസം ആ ഭിക്ഷക്കാരന്റെ നിശ്ചലമായ ശരീരവും ഭാണ്ഡവും അതിലുള്ള സാധനസാമഗ്രികളും അഗ്നിക്കിരയായി.

■





# ശത്രു ആര്

സി.എ.സുധീർ
സി.നമ്പർ : 304

വർഷങ്ങളായി സലാം ദുബായിൽ ജോലി ചെയ്തുവരികയാണ്. പല നന്മകളും ചെയ്യുന്ന സലാം ഒറ്റയ്ക്കും സുഹൃത്തുക്കളുമായും ഇലാഹി ബീച്ചിൽ പോകാറുണ്ട്.

ഒരു ദിവസം ദുബായ് ഇലാഹി ബീച്ചിൽ സലാം ടീ സ്റ്റാളിൽ നിന്നും ചായകുടിച്ചുകൊണ്ടിരിക്കുമ്പോൾ മുടിയും താടിയും നീട്ടിവളർത്തിയ ഒരാൾ സലാമിന്റെ അടുത്ത് വന്ന് എനിക്ക് ഒരു ചായ വാങ്ങിതരാമോ ? എന്ന് ചോദിച്ചു. ശരി എന്ന് പറഞ്ഞ് സലാം വൃദ്ധന് ടീസ്റ്റാളിൽ നിന്ന് ഒരു ചായ വാങ്ങിക്കൊടുത്തു. മലയാളി ആണോ എന്ന് വൃദ്ധനോട് ചോദിച്ചപ്പോൾ മലയാളത്തിലല്ലേ ഞാൻ ചായ ചോദിച്ചത് എന്ന് പറഞ്ഞു. ചമ്മലോടെ സലാം വൃദ്ധനോട് കുശലങ്ങൾ ചോദിച്ച് തുടങ്ങി. ചായ കുടിച്ച് കഴിഞ്ഞ് സലാം വൃദ്ധനോട് നാട്ടിൽ എവിടെയാണ് വീട്, എന്താണ് പേര് എന്നൊക്കെ ചോദിച്ചു. പേര് ഗോപാലൻ, നാടും വീടും പറഞ്ഞുതരാൻ എനിക്ക് അവിടെ ആരും ഇല്ല. എന്നു പറഞ്ഞ് ഗോപാലൻ പതിയെ നടന്നുതുടങ്ങി. സലാം വൃദ്ധന്റെ പുറകെ നടന്നു ചെന്ന്, കുറച്ചു ദിവസം എന്റെ കൂടെ തമസിച്ചുകൂടെ എന്ന് ചോദിച്ചു. അപ്പോൾ വൃദ്ധൻ എത്രനാൾ ? എന്ന് ചോദിച്ചു. താങ്കൾക്ക് എന്ന് വരെ വേണമെങ്കിലും എന്റെ കൂടെ താമസിക്കാം എന്ന് സലാം പറഞ്ഞു.

സലാമിന്റെ കൂടെ ഗോപാലൻ റൂമിലേക്ക് പോയി, റൂമിൽ ചെന്നുകഴിഞ്ഞ് ഡ്രസ്സ് എടുത്ത് കൊടുത്ത് കുളിച്ചു വരാനായി പറഞ്ഞു. ഗോപാലൻ കുളികഴിഞ്ഞ് വരുമ്പോഴേക്കും ഹാളിലെ ടേബിളിൽ ഭക്ഷണം എടുത്തു വച്ചിരുന്നു. രണ്ടുപേരും ഭക്ഷണം കഴിച്ചുകഴിഞ്ഞശേഷം ഗോപാലനോട് സലാം വീണ്ടും കാര്യങ്ങൾ ചോദിച്ചു. എന്റെ കഥ കേൾക്കുവാനും, നാട് എവിടെയാണെന്ന് അറിയുന്നതിനുമാണോ എന്നെ ഇവിടെ കൊണ്ടുവന്നത് എന്ന്. അപ്പോൾ ഒരു ചെറുപുഞ്ചിരിയോടെ ഗോപാലനോട് പറഞ്ഞു. മറ്റുള്ളവരുടെ വിഷമങ്ങളും കാര്യങ്ങളും മറ്റൊരു വ്യക്തിയുമായി പങ്കുവെച്ചാലെ എന്താണെന്ന് മനസ്സിലാക്കാൻ പറ്റൂ. താൽപര്യമുണ്ടെങ്കിൽ പറയാം. ഗോപാലൻ പറഞ്ഞുതുടങ്ങി.

ഞാൻ ആലപ്പുഴ ജില്ലക്കാരനാണ്. മാവേലിക്കരയാണ് എന്റെ വീട്. വീട്ടിൽ ഭാര്യയും ഒരുമകളുമാണ് ഉള്ളത്. ഞാൻ സ്വന്തമായി ട്രാവലർ ബോഡി വർക്ക്ഷോപ്പ് നടത്തി വരികയായിരുന്നു. എന്റെ മകൾ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നതുവരെയാണ് വർക്ക്ഷോപ്പ് നടത്തിയത്. അവൾ ജനിച്ചതു മുതൽ 5-ാം ക്ലാസ്സുരെയും എന്നെ പിരിഞ്ഞ് ഇരിക്കുന്നത് ഇഷ്ടമല്ലായിരുന്നു. അവളുടെ അമ്മയെക്കാളും സ്നേഹം എന്നോടായിരുന്നു. ഭാര്യ സുമ മകൾ അശ്വതിയെ താലോലിച്ചാലും എന്റെ അരികിൽ കഴിയാനാണ് അശ്വതിക്ക് ഇഷ്ടം. ആ സമയത്ത് ദുബായിൽ സ്ഥാപനങ്ങൾ ഉള്ള ലാസർ മുതലാളിയുടെ 'ട്രാവലർ' വർക്കിനായി എന്റെ അടുത്ത് വരികയും, വർക്ക് കണ്ട് ഇഷ്ടപ്പെടുകയും എന്നോട് ദുബായിലേക്ക് പണിക്ക് വരു

വാൻ താൽപ്പര്യം ഉണ്ടോ എന്ന് ചോദിച്ചപ്പോൾ വീട്ടിൽ ഭാര്യ ക്കും, മകൾക്കും സമ്മതമാവില്ല അതിനാൽ ഞാൻ വരുന്നില്ല എന്നു പറഞ്ഞു. ഭാര്യക്കും, മകൾക്കും സമ്മതമാണെങ്കിൽ നിങ്ങൾ വരാൻ തയ്യാറാണോ എന്ന് ലാസർ മുത ലാളി ചോദിച്ചു. എന്നിട്ട് അദ്ദേഹത്തിന്റെ വിസി റ്റിങ്ങ് കാർഡ് എന്റെ കയ്യിൽ തന്ന് എപ്പോൾ വേണമെങ്കിലും എന്റെ അടുത്തേക്ക് വരാം എന്ന് പറഞ്ഞ് അദ്ദേഹം തിരിച്ചുപോയി. ഉടൻ ഞാൻ ദുബായിൽ എത്തി അമ്മക്കും മകൾക്കും പൂർണ്ണ സമ്മതമായതിനാലും. ഞാൻ ദുബായിൽ പോകു ന്നതിൽ ഏറ്റവും സന്തോഷം അവർക്കായതിനാ ലും ആണ് ഞാൻ പോകാൻ തയ്യാറായത്. അവർ തന്നെയാണ് ലാസർ മുതലാളിയെ വിളിച്ചതും കാര്യങ്ങൾ പറഞ്ഞതും. മുതലാളിയുടെ കമ്പനി യിലെ ഏറ്റവും നല്ല പണിക്കാരനായി മാറി ഗോപാലൻ. ശിവൻ എന്ന സുഹൃത്തിനൊപ്പം താമസവും തുടങ്ങി. ശിവനോടൊപ്പമാണ് ഞാൻ ആദ്യമായി ഇലാഹി ബീച്ചിൽ വരുകയും ടീ സ്റ്റാളിൽ നിന്ന് ചായ കുടിക്കുകയും ചെയ്തിട്ടു ള്ളത്.

6 മാസം കൂടുമ്പോൾ ഒരു മാസത്തേക്ക് കമ്പനി എന്നെ നാട്ടിൽ വിടാറുണ്ടായിരുന്നു, ആ ജീവിതം സ്വർഗം പോലെയായിരുന്നു. നാട്ടിൽ ഞാൻ നടത്തിയിരുന്ന വർക്ക്ഷോപ്പ് ഭാര്യതന്നെ പണിക്കാരെ വച്ച് നടത്തിവന്നിരുന്നു. അവസാ നമായി ഞാൻ നാട്ടിൽ പോയത് എന്റെ മകൾ പ്ലസ്സ് ടു വിന് പഠിയ്ക്കുമ്പോഴായിരുന്നു. അന്നും പതിവ്പോലെ കളിതമാശകൾ പറയുകയും പുറത്ത് പോയി കറങ്ങിവരികയുമുണ്ടായി. പണ്ട് ഇടിവെട്ടോ, മിന്നലോ ഉണ്ടായാൽ ചെറുപ്പത്തിൽ അശ്വതി എന്നെവന്നാണ് കെട്ടിപിടിച്ച് പേടി മാറ്റി യിരുന്നു. ആ കാര്യം അമ്മയും മകളും പറഞ്ഞ് ചിരിക്കുന്നുണ്ടായിരുന്നു.

അന്ന് നല്ല മഴയുള്ള രാത്രി ആയിരുന്നു. രാത്രി ഭക്ഷണം കഴിഞ്ഞ് ഉറങ്ങാൻ ഭാര്യയും ഞാനും ഒരു മുറിയിലും, മകൾ മറ്റൊരു മുറിയിലുമായി രുന്നു. ശക്തമായ ഇടിയും,മിന്നലും ഉണ്ടായ പ്പോൾ മകൾ ഒറ്റയ്ക്കാണല്ലോ എന്നു കരുതി ഞാൻ ചാടി റൂമിൽ നിന്നും എഴുന്നേറ്റ് മകളുടെ റൂമിൽ ചെന്ന് തുറന്നു കിടക്കുന്ന ജനലും, വാതിലും അടച്ച് പുതപ്പെടുത്ത് മകളെ പുതപ്പി ക്കാൻ നോക്കിയപ്പോൾ മകൾ ചാടി എഴുന്നേറ്റ് അമ്മേ എന്ന് ഒച്ചവച്ച് പുറത്തേയ്ക്ക് ഓടി. അമ്മയുടെ അരികിലെത്തി എന്റെ മകൾ അമ്മയെ കെട്ടിപ്പിടിച്ച് കരയാൻ തുടങ്ങി. അമ്മ മകളെയും കൂട്ടി മകളുടെ റൂമിൽ എത്തിയപ്പോൾ വിറച്ച് നിൽക്കുന്ന എന്നെയാണ് കണ്ടത്, ഉടനെ സുമ എന്നോട് പറഞ്ഞു. നിങ്ങളുടെ കാമഭ്രാന്ത് മകളുടെ അടുത്താണോ തീർക്കേണ്ടത്. നിങ്ങൾ ഒരു മനുഷ്യനാണോ എന്നൊക്കെ ചോദിച്ചതു. ഒന്നും മനസ്സിലാകാത്ത ഞാൻ നമ്മുടെ മോൾ എന്നു പറയുമ്പോഴേക്കും സുമ തട്ടിക്കയറി എന്നോട് ഇറങ്ങിപ്പോവാൻ പറഞ്ഞു. എന്നെ തള്ളി പുറത്തിട്ട് വാതിലടച്ചു. അല്പനേരം കഴിഞ്ഞ് സുമ വാതിൽ തുറന്ന് എന്റെ ഒരു ബാഗും - പാസ്പോർട്ടും പുറത്തിട്ട് ഇനി ഞങ്ങളെ കാണുവാൻ ശ്രമിച്ചാൽ ഞങ്ങൾ ആത്മ ഹത്യ ചെയ്യുമെന്ന് പറഞ്ഞ് വാതിലടച്ചു. ഞാൻ അവർ മരിക്കണ്ട എന്നു കരുതി അന്നുതന്നെ പുറപ്പെട്ടു. വിസാകാലാവധി തീരാത്തതിനാൽ ഞാൻ ദുബായിൽ വീണ്ടും എത്തി ഇലാഹി ബീച്ചിൽ വന്ന് കമ്പനിയിലേക്ക് പോകാൻ മന സ്സില്ലാതെ മരണത്തെക്കുറിച്ച് മാത്രം ചിന്തിച്ച് പാസ്പോർട്ട് എടുത്ത് കടലിലേക്ക് എറിഞ്ഞു. 20 വർഷമായി എല്ലാം ഉണ്ടായിട്ടും അനാഥനെ പ്പോലെ ഇവിടെ കഴിഞ്ഞുവരുന്ന സമയത്താണ് സലാമിനെ കണ്ട് മുട്ടുകയും ഇവിടെ എത്തു കയും ചെയ്തത്. എന്റെ കഥ കേട്ടു കഴിഞ്ഞ ല്ലോ, സലാമെ ഞാൻ നാളെ തന്നെ തിരിച്ച് പോവുകയാണ് അപ്പോൾ സലാമ് പറഞ്ഞു. നിങ്ങളുടെ കഥ കേൾക്കുവാനാ ഞാൻ ഇവിടെ കൂട്ടികൊണ്ടു വന്നത്. റൂമിൽ പോയി കിടന്നു കൊള്ളൂ എന്ന്. എന്നെ കൊണ്ട് പറ്റുന്ന സഹാ യങ്ങൾ ചെയ്തു തരാം, എനിയ്ക്ക് ദുബാ യിയിൽ ചെറിയ പിടിപാടുകൾ ഉണ്ട്. സലാമ് രാവിലെ എഴുന്നേറ്റ് നോക്കിയപ്പോൾ ഗോപാ ലനെ എവിടെയും കാണാനില്ലായിരുന്നു. അവിടെ ഒരു എഴുത്ത് ഗോപാലൻ എഴുതി വച്ചി ട്ടുണ്ടായിരുന്നു. അതിൽ എഴുതിയത് ഇങ്ങനെ യാണ് - എനിയ്ക്ക് കുടുംബവും, പുതിയ ജീവിതം ജീവിയ്ക്കണമെന്നുള്ള ആഗ്രഹവുമില്ല. എന്നെ ഇനി അന്വേഷിച്ചു നടക്കേണ്ട- സലാ മിന്റെ ഓർമ്മക്കായി ഒരു ജോഡി ഡ്രസ്സ് ഞാൻ എടുത്തിട്ടുണ്ട്. എന്റെ ശത്രു ആരാണെന്ന് എനിയ്ക്ക് അറിയേണ്ട.

■



# ഒരു പ്രണയലേഖനത്തിന്റെ ഓർമ്മ കുറിപ്പ്

**ഹക്കീം കെ.വൈ. ആർ.പി. 713.**

**ഞാ**ൻ പറയാൻ പോകുന്ന സംഭവം നടന്നത്- 1994- തളിക്കുളം ഹൈസ്ക്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. എന്റെ പേര് ഹക്കീം. ഞങ്ങൾ നാല് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. മുത്തു, വിക്രമൻ, ഷെഫീക്ക്, പിന്നെ ഞാനും. തൊട്ടടുത്ത ക്ലാസ്സിലെ ഷബീനയെന്ന പെൺക്കുട്ടിയോട് മുത്തുവിന് പ്രണയം തോന്നി. വിഷയം അവൻ ഞങ്ങളുമായി ചർച്ചചെയ്തു. ഞങ്ങൾ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. അവനു സന്തോഷമായി. എല്ലാവരോടുമായി അവൻ പറഞ്ഞു 'നമുക്ക് ഓരോ ചായ കുടിച്ചാലോ?' കേൾക്കേണ്ട താമസം ഗ്രൗണ്ടിനടുത്തുള്ള ചായക്കടയിലേക്ക് നടക്കുകയല്ല, ഓടുകയായിരുന്നു. അതൊരു തുടക്കമായിരുന്നു. ഞങ്ങൾ ചായക്കടയിലെ സ്ഥിരം സന്ദർശകരായി. മുത്തുവിനുള്ള പിന്തുണ ശക്തമായി അറിയിച്ചു കൊണ്ടിരുന്നു. അവളെ വളയ്ക്കുവാനുള്ള വഴി പലതും നോക്കി, പരാജിതന്റെ മുഖവുമായി മുത്തു ഞങ്ങളുടെ ഇടയിലിരുന്നു. അന്നു ചായക്കടയിലേക്ക് ക്ഷണിച്ചില്ല. ഞങ്ങൾ ഗൗരവത്തിലായി. ഇതങ്ങനെ വിട്ടാൽ പറ്റില്ല. ചായകുടി മുട്ടാൻ പാടില്ല. ഞാൻ പെട്ടെന്നൊരു ഐഡിയ പറഞ്ഞു. 'മുത്തൂ നീ വിഷമിക്കണ്ട, നമുക്ക് ഒരു പ്രേമ ലേഖനം കൊടുത്താലോ?' 'അവൾ വേടിക്കില്ലെടാ'. മുത്തു പെട്ടെന്നു പറഞ്ഞു' ഞാൻ അവനെ ആശ്വസിപ്പിച്ചു. 'ഒന്നു ശ്രമിച്ചു നോക്കാം, പ്രണയലേഖനം ഞാൻ എഴുതി നാളെ കൊണ്ടുവരാം.' അങ്ങനെ പറഞ്ഞു. അന്നു പിരിഞ്ഞു പിറ്റേദിവസം ക്ലാസ്സിൽ ഞങ്ങൾ ഒത്തുകൂടി. ഞാൻ എഴുതി കൊണ്ടുവന്ന കത്ത് മുത്തു വായിച്ചു. തൃപ്തിയോടെ എന്നെ നോക്കിയിട്ട് പറഞ്ഞു. 'കലക്കിയിട്ടുണ്ട്, ഇതിനു പൊറോട്ടയും, ഇറച്ചിയും വാങ്ങിതരും ഞാൻ' ഉള്ളിലെ സന്തോഷം പുറത്തു കാട്ടാതെ ഞാൻ പറഞ്ഞു. 'ഉച്ചക്കു ഷബീന ഭക്ഷണം കഴിക്കുമ്പോൾ ക്ലാസ്സിൽ കയറി കൊടുത്താൽ മതി കത്ത്. ആ സമയത്ത് അധികംപേരുണ്ടാകില്ല'. അവൻ തലയാട്ടി. ഉച്ചക്ക് ഞാൻ നാലായി മടക്കിയ കത്ത് മുത്തുവിന്റെ കയ്യിൽ കൊടുത്തു. അവളുടെ ക്ലാസ്സിലേക്ക് കയറ്റിവിട്ടു. ഭക്ഷണം കഴിച്ച ശേഷം ബെഞ്ചിലിരുന്ന് കൂട്ടുകാരികളുമായി സംസാരിക്കുകയായിരുന്നു ഷബീന. വിറക്കുന്ന കൈകളോടെ മുത്തു അവളോടടുത്തു. കത്ത് അവൾക്കു നേരെ നീട്ടി. അവൾ വാങ്ങിയില്ല. മുത്തു കത്ത് അവളുടെ മടിയിലേക്ക് ഇട്ടു. ഞങ്ങളുടെ അടുത്ത് എത്തി. വിജയഭാവത്തിൽ ചിരിച്ചു. ഞങ്ങളും ചിരിച്ചു. അത് അധികനേരം നീണ്ടില്ല. ഷബീനയും രണ്ടുകൂട്ടുകാരികളും കൂടി സ്റ്റാഫ് റൂമിനകത്തേക്ക് നടക്കുന്നത് കണ്ടു.

കുറച്ച് സമയം കഴിഞ്ഞപ്പോൾ, ഒരു കുട്ടി വന്നു പറഞ്ഞു ' മുത്തുവിനെ ടീച്ചർ വിളിക്കുന്നു.' ഞങ്ങൾ അപകടം മണത്തു. മുത്തു ദയനീയ മായി ഞങ്ങളെ നോക്കി. ഒന്നും സംഭവി ക്കില്ലെന്ന് അവന് ധൈര്യം നൽകി പറഞ്ഞയ ച്ചു. പത്തു മിനിട്ടു കഴിഞ്ഞപ്പോൾ എന്നെയും സ്റ്റാഫ് റൂമിലേക്ക് വിളിച്ചു. ഞാൻ ചെല്ലുമ്പോൾ മുത്തുവും, ഷബീനയും, കൂട്ടുകാരികളും റൂമിൽ ഒതുങ്ങി നിൽക്കുന്നു. ടീച്ചർമാർ അഞ്ചിൽ കൂടു തൽ ഉണ്ട്. പ്രണയലേഖനത്തിന്റെ വിചാരണ നട ക്കുകയാണ്. കുറ്റവാളിയെ കണ്ടുപിടിച്ചതു പോലെ അവരുടെയെല്ലാം നോട്ടം എന്നിൽ തറഞ്ഞുനിന്നു. ' ഞാൻ അറിയാത്ത ഭാവത്തിൽ ചോദിച്ചു ' എന്നെ വിളിച്ചിരുന്നോ. ?' മറുപടി എന്റെ ക്ലാസ്സ് ടീച്ചറുടേതായിരുന്നു. ' നീയാണോ പ്രയണയലേഖനം എഴുതിയത് ? ' പിടിക്കപ്പെട്ടു എന്ന് ബോധ്യമായപ്പോൾ ഞാൻ തലകുനിച്ചു നിന്നു. എനിക്കുള്ള ശിക്ഷയും അപ്പോൾതന്നെ വിധിച്ചു. കൈ നീട്ടുവാൻ പറഞ്ഞു. പത്തടിയെന്നു പറഞ്ഞുതുടങ്ങി. അഞ്ചെണ്ണം കഴിഞ്ഞപ്പോൾ, വേദന സഹിക്കാതെ, ആറാ മത്തെ അടിക്കു മുമ്പ് കൈ വലിച്ചു. അടി തെറ്റിയ ടീച്ചർക്കു കലികയറി. പിന്നെ, പൊതിരെ തല്ലി. പത്തെന്നുള്ളത്, ഇരുപതായി. ഇതെല്ലാം കണ്ടു ചിരിക്കുന്ന മറ്റുള്ള ടീച്ചർമ്മാർക്കരികിൽ മുത്തുവും, ഷബീനയും പരസ്പരം നോക്കി ചിരി ക്കുന്നത് കണ്ടു. ഒരു പ്രണയത്തിന്റെ തുടക്കമാ യിരുന്നു അത്. പുറത്തിറങ്ങിയപ്പോൾ, എന്റെ മുഖത്തെ കോപം കണ്ടു, മുത്തു പറഞ്ഞു ' പൊറോട്ടയും, ഇറച്ചിയും ഇപ്പം തന്നെ വാങ്ങി ത്തരാം. ' എന്റെ കോപം തണുത്തു. ഞാൻ പിന്നെയും പ്രണയലേഖനങ്ങൾ എഴുതികൊടു ത്തു. മുത്തുവിന്റെയും ഷബീനയുടെയും പ്രണ യംപൂത്തുലഞ്ഞു. കാലങ്ങൾ കടന്നുപോയി.

കുറേ വർഷങ്ങൾക്കു ശേഷം ഞാൻ ടാക്സി ഡ്രൈവറായി ജോലി ചെയ്യുമ്പോൾ അവിചാരി തമായി മുത്തുവിന്റെ വീടിനുമുന്നിലൂടെ പോകേ ണ്ടിവന്നു. റോഡിലിറങ്ങിനിൽക്കുന്ന മുത്തു വിനെ കണ്ടു കാർ നിർത്തി. എന്നെ കണ്ടപ്പോൾ, അത്ഭുതവും സന്തോഷവും കൂടികലർന്ന മുഖ വുമായി അടുത്തു വന്നു. വീട്ടിലേക്കു ക്ഷണിച്ചു. അകത്തെ കസേരയിൽ എന്നെ ഇരുത്തി.അടു ക്കളയിലേക്കു നോക്കി മുത്തു വിളിച്ചുപറഞ്ഞു ' ഇങ്ങോട്ടൊന്നു വന്നേടീ ഒരു വിരുന്നുകാരൻ വന്നിട്ടുണ്ട്. ' വാതിലിൽ തല കാട്ടിയ ആളെ കണ്ടു ഞാൻ ഞെട്ടി. അതവളായിരുന്നു ഷബീ ന. ഞാൻ എഴുതികൊടുത്തിരുന്ന പ്രണയലേഖ നത്തിലെ നായിക. അത്ഭുതം നിറഞ്ഞ കണ്ണു മായി മുത്തുവിന്റെ അരികിൽ വന്നു നിന്നു. എന്നെ നോക്കി അവൾ പറഞ്ഞു. ' ഇതു നിങ്ങൾക്കു പ്രണയ ലേഖനം എഴുതിതന്ന ആള ല്ലേ. '. അവർ രണ്ടുപേരും പൊട്ടിച്ചിരിച്ചു. എന്റെ മുഖം വിളറിയെങ്കിലും ഞാനും ചിരിച്ചു. അന്ന വർ ഭക്ഷണം കഴിക്കാതെ എന്നെ വിട്ടില്ല. യാത്ര പറഞ്ഞ് കാറിൽ കയറുമ്പോൾ കണ്ടു. ഇറയത്തു നിന്നു തന്നെ നോക്കി മുത്തുവും, ഷബീനയും കൈ വീശി കാണിക്കുന്നു. എന്റെ മനസ്സ് നിറ ഞ്ഞിരുന്നു. അവരെ രണ്ടുപേരെയും ഒന്നാക്കു ന്നതിൽ ഞാൻ വഹിച്ച പങ്ക്, അവർ തിരിച്ചറി ഞ്ഞതിൽ ഞാൻ സന്തോഷിച്ചു. ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഓർമ്മയായി അത് മാറിയിരു ന്നു. നഷ്ടപ്പെട്ടു പോയ ആ വസന്തകാലത്തിന്റെ ഓർമ്മകളുമായി, ഇന്നു ജീവിതത്തിൽ ഒറ്റപ്പെട്ടു പോയ, ഈ സുഹൃത്തിന്റെ ഓർമ്മക്കുറിപ്പ് തൽക്കാലം ഇവിടെ നിർത്തുന്നു.

■




ചിത്രം : **സഫ്വാൻ**
ആർ.പി. 735



# പച്ചപ്പച്ച പച്ചക്കറിത്തോട്ടത്തിൽ നിന്ന് ഒരു പുരാണം

**രാധാകൃഷ്ണൻ** സി. 3787

**നി**ശബ്ദമായ കാറ്റിന്റെ ലാളനം ഏറ്റാണ് മുരിങ്ങകായ ഒന്ന് ആടിയത്. ആടിയപ്പോൾ തന്നെ മകൾ പൂവ് ചെന്ന് വീണത്ശത്രുവായ വെണ്ടക്കയുടെ മുകളിലും. വെണ്ടക്ക ഒന്ന് ചിരിച്ചു. ആ ചിരിയിൽ താഴെ പോയ പൂവ് മുകളിലേക്ക് ഒന്ന് നോക്കി. മുരിങ്ങക്ക മകളെ കാണാതിരിക്കാൻ വെണ്ടക്ക തന്റെ കൈകൾ ഒന്നുകൂടെ നിവർത്തി. പൊതുവേ വെണ്ടക്ക അസൂയാലുവാണ്. ഇവർ ശത്രുക്കളാവാൻ കാരണവുമുണ്ട്. എവിടെ പോയാലും മുരിങ്ങയ്ക്കക്കാണ് മുൻഗണന. മാർക്കറ്റിൽ പോയാൽ നല്ല വിലക്ക് അവനെ ലേലത്തിൽ വാങ്ങും. ഞാനാണെങ്കിൽ ആകെ വാടിതളർന്ന് അങ്ങിനെ ഇരിക്കും. അത് കാണുമ്പോൾ അവന് ഒരു പരിഹാസമാണ് ഞാനൊരു പെണ്ണായിപോയില്ലെ പ്രതികരിക്കാൻ പാടില്ലല്ലോ. അവന്റെ അടുത്ത് നിൽക്കാൻ തന്നെ എനിക്ക് മടിയാണ്. കാരണം അവൻ നല്ല ഉയരവും സൗന്ദര്യവും ഉണ്ട്. അതിന്റെ അഹങ്കാരം അവനുണ്ട്. പിന്നെ ഞങ്ങൾ രണ്ട് പേരും 'ക'ന്റെ വീട്ടുപേരായതുകൊണ്ടാണ് പിടിച്ചുനിൽക്കുന്നത്. കല്ല്യാണങ്ങളിലും മറ്റ് വിശേഷ അവസരങ്ങളിലും അവനേക്കാൾ ക്ഷണിക്കുന്നത് ഞങ്ങളെയാണ്. അത് അവനൊരു ചമ്മലാണ്. എന്തോ ഓർത്താണ് അയൽപക്കകാരി വിളിച്ചത്. ചീരേടത്തി, ചീരേടത്തി, വിളികേട്ട ചീര ഒന്ന് തിരിഞ്ഞു. ഓ എന്ത് പറയാനാ ശരീരമൊക്കെ ആകെ വരണ്ടു തുള വീണതു കണ്ടില്ലെ എന്റെ വെണ്ടു. വെണ്ടക്കയെ വെണ്ടു എന്നാണ് ചീര വിളിക്കാറ്. അപ്പോഴാണ് ചന്തക്ക് സഞ്ചിയിൽ പോകുന്ന തക്കാളിയെ കണ്ടത്. തക്കാളി പോകുന്ന പോക്കിൽ വെണ്ടക്കയെ കളിയാക്കുന്ന നോട്ടം നോക്കിയാണ് പോയത്. വെണ്ടക്കക്ക് അടിമുടി ദേഷ്യം വന്നു. കണ്ടോ സുന്ദരികോതയുടെ പോക്കുകണ്ടോ പറമ്പ് വലിയ സുന്ദരി എന്നാ വിചാരം. ചീരുവേടത്തി അറിഞ്ഞില്ലെ കഴിഞ്ഞ പുതുമഴയത്ത് മുളക് പേരുദോഷം ഉണ്ടാക്കിയത്. രണ്ട് ദിവസം മുളകിന്റെ മേളിലാ ചാഞ്ഞ് കിടന്നത് ഏമാൻ വന്നാ പിന്നെ എടുത്ത് മാറ്റിയതെന്നാ കുട്ടികളുടെ അച്ഛൻ വന്ന് പറഞ്ഞത്. എന്നിട്ടാ അവളുടെ പോക്ക് കണ്ടില്ലെ ചത്തു കിടന്നാലും ചമഞ്ഞ് കിടക്കണം എന്നാണല്ലോ. അപ്പോഴാണ് കുഞ്ഞു വെണ്ടക്ക ഒന്ന് ആടിയത്. ഒന്ന് അടങ്ങിയിരിക്കെന്റെ പെണ്ണേ. എന്ത് പറയാനാ പോളിയോ എടുക്കാൻ ഏമാൻ വന്നില്ല. അതിന്റെ ഒരസുഖമുണ്ടവൾക്ക്. കുറച്ച് ദിവസമായി എനിക്ക് സുഖമില്ല വെണ്ടു എന്ന് പറഞ്ഞ് ചീര പതു ക്കെ മാറി. എന്താണ് ചീരെ വെണ്ടയ്ക്കക്ക് എല്ലാവരോടും ഇത്ര അസൂയ. ഈ സംസാരം കേട്ടുകൊണ്ടുനിന്ന പയറിന്റെ ചോദ്യം. അത് അവളുടെ ശരീരം കണ്ടില്ലെ എവിടെയെങ്കിലും പൊട്ടിയാൽ ഒരു വഴുവഴുപ്പ് അവളെ പിന്നെ തൊട്ടാൽ കൈകഴുകണം അതുകൊണ്ടാ അവൾക്ക് എല്ലാവരോടും ഇത്ര അസൂയ, അപ്പോഴാണ് വേലിപുറത്ത് നിന്ന് ഒരു എത്തിനോട്ടം ആരാ ചീര എത്തിനോക്കുന്നത്. അത് നമ്മുടെ കണിവെള്ളരിയല്ലേ. കണിയല്ല അവൻ കെണിയാ എന്ന് പറഞ്ഞ് പയറ് ഒര് അങ്കത്തിന് തയ്യാറായി. കഴിഞ്ഞ പ്രാവശ്യം ചേട്ടൻ തലനീട്ടി തലനീട്ടി എന്റെ പുരയിടത്തിൽ വന്ന് എന്നെ ഇല്ലാതാക്കി. പിന്നെ കുറെ കഷ്ടപ്പെട്ടാ ഞാൻ ഇത്രെയെങ്കിലും ആയത്. ഇനി ഇങ്ങോട്ടൊന്നും വരാൻ നിക്കണ്ട അങ്ങോട്ട് എവിടേക്കെങ്കിലും പോയാമതി. എന്റെ പൊന്ന് പയറെ നീ പറയു

ന്നതിനേക്കാളും കഷ്ടപ്പാടാ എനിക്ക് ആ മത്ത ന്റെയും കുമ്പളത്തിന്റെയും ശല്യം സഹിക്കാൻ വയ്യ. ഞങ്ങൾ ഒരു പുതുമഴയത്താണ് ഇവിടെ കുടില് വെച്ച് താമസം ആരംഭിച്ചത്. മൂന്നുപേരും ജ്യേഷ്ഠൻ അനുജൻ മക്കളാണല്ലോ എന്ന് കരുതി ഞാനും സന്തോഷിച്ചു. കുടുംബമൊക്കെ യായപ്പോൾ അവർക്ക് എന്റെ പുരയിടംകൂടി എന്ന ചിന്തയായി. രണ്ടുപേരും എന്നെ തിരകി തിരകി ഞാൻ ഇല്ലാതായി അവർ രണ്ടുപേരും കെട്ട്പിണഞ്ഞ് അങ്ങനെ കിടക്കുന്നുണ്ട്. അതു കൊണ്ടാ നിന്റെ പുരയിടത്തിൽ കുറച്ച് സ്ഥല മുണ്ടോ എന്ന് നോക്കുന്നത്. ഇത് കേട്ട് പയർ എന്റെ പുരയിടത്തിന്റെ കാര്യം ചേട്ടൻ നോക്കണ്ടാ ചേട്ടന്റെ പുരയിടത്തിന്റെ കാര്യം നോക്ക്. സ്വന്തം കാര്യം നോക്കാൻ പ്രാപ്തിയി ല്ലെങ്കിൽ ഇങ്ങനെ ഇരിക്കും എന്ന് പറഞ്ഞ് തിരി ച്ചപ്പോഴേക്കും വെള്ളരി തലവലിച്ച്കഴിഞ്ഞ്. ഒരു ബഹളം കേൾക്കുന്നുണ്ടല്ലോ, പയറേ ആരാ നോക്കിക്കേ. അത് നോക്കാനൊന്നുമില്ല അത് മുളകിന്റെ വീട്ടീന്നാ. അക്കരെ നിന്ന് മകൻ ആ ക്യാപ്സിക്കയെ കല്ല്യാണം കഴിച്ചുകൊണ്ടു വന്നേ അന്ന് തുടങ്ങി അമ്മായി അമ്മയും മകളും തമ്മിലുള്ള സൗന്ദര്യമത്സരം. ഇവിടെ ജീവിക്കാൻ ഭക്ഷണം കിട്ടുന്നില്ല അപ്പോഴാ അവരുടെ സൗന്ദ ര്യമത്സരം എന്നുംപറഞ്ഞ് ചീര മാറി. ആരെ ങ്കിലും വരും എന്ന പ്രതീക്ഷയിൽ പയർ വേലി ക്കരികിൽ നിൽക്കുമ്പോഴാണ് സംശയത്തിന് ഗവേഷണം നടത്തുന്ന ബീൻസിന്റെ ചോദ്യം. അല്ല പയറെ ഇവിടെ നിന്നും സഞ്ചിയിൽ പോവു ന്നവരൊന്നും തിരിച്ചുവരുന്നില്ലല്ലോ എന്താ കാര ണം. അതുപിന്നെ ഇവിടെ നിന്ന് പോയവ രൊക്കെ നേരത്തേ പോയവരെ കണ്ട് ചിരിച്ചും കളിച്ചും അവിടെ ജീവിക്കുന്നുണ്ടാകും എന്നാ എന്റെ വിശ്വാസം. പോയവരാരും തിരിച്ചുവരാ ത്തതിന്റെ കാരണം ശരിക്കറിയണമെങ്കിൽ തനിക്കും സഞ്ചിയിലൊന്നു പോണം എന്ന് സംശയരോഗിയായ ബീൻസ് കൊതിച്ചു. തിരിച്ച് വന്ന് പോയവരെ കുറിച്ചുള്ള കാര്യം ഇവിടെ വന്ന് പറയാമല്ലോ എന്ന് ബീൻസ് ആഗ്രഹിച്ചു. അതിനായി ബീൻസ് കാത്തിരുന്നു. അങ്ങിനെ ആ ദിവസം വന്നു. ഏമാൻ വന്ന് ബീൻസിനെ കുളിപ്പിച്ചു ഒന്ന് തൊട്ട്തലോടി സഞ്ചിയിലാക്കി ചന്തയിലേക്ക് പോയി. അവിടെ പോയപ്പോൾ പയറ് പറഞ്ഞത് ശരിയായിരുന്നു. ആദ്യം വന്ന വർ കുറേപേർ അവിടെ ഉണ്ടായിരുന്നു പക്ഷേ പറമ്പിൽ കാണുന്ന സന്തോഷം അവർക്കുണ്ടാ യിരുന്നില്ല. ഓരോരുത്തരേയും നോക്കി ഗവേ ഷണം നടത്തുകയായിരുന്നു ബീൻസ്. കാരണം ഇവിടെ കണ്ടകാര്യം പറമ്പിൽ പോയി പറയണ മല്ലോ ആ അവകാശം തനിക്കിരിക്കണ്ടേ അത് പേരിലാകുമ്പോൾ തന്റെ സംശയരോഗി എന്ന പേര് മാറികിട്ടും. ആരോ ബീൻസിന്റെ പേര് വിളി ച്ചപ്പോഴാണ് നോക്കിയത്. ആ രൂപങ്ങളെ ബീൻസ് കണ്ടിട്ടുണ്ട് തുള്ളിമരുന്നും ഭക്ഷണവും തരാൻവരുന്ന ഏമാൻമാരെ പോലുള്ളവർ. അതി ലൊരു രൂപം ബീൻസിനെ സഞ്ചിയിലാക്കി. സംശയരോഗിയായ ബീൻസ് സന്തോഷിച്ചു പറ മ്പിൽപോയാൽ എന്തെല്ലാം തനിക്ക് പറയാം കുറെ കഴിഞ്ഞപ്പോൾ ബീൻസിനെ സഞ്ചി യിൽനിന്ന് ഇറക്കിവെച്ചു. അവിടെയും പറ മ്പിൽകണ്ട കുറേപേർ അവിടെയും ഉണ്ടായിരു ന്നു. ഒര് രൂപം ആ ബീൻസിനെ ഇങ്ങ് എടുത്തേ എല്ലാം പെട്ടന്നാവട്ടെ ചെക്കന്റെ വീട്ടുകാർ നേരത്തെ എത്തും എല്ലാം പെട്ടന്നാവട്ടെ എന്ന് പറയുന്നത് ബീൻസ് കേട്ടു. എന്റെ ഭഗവാനെ എന്ന് പറഞ്ഞ ബീൻസ് മുകളിലേക്ക് ഒന്ന് നോക്കി. എന്തെല്ലാം അറിവാണ് എനിക്ക് ഇനിയും അറിയാൻ പോകുന്നത്. ഞാൻ ഭാഗ്യം ചെയ്തവൾ തന്നെ. ബീൻസിനെ എടുത്ത് ടേബി ളിൽ കെട്ടി അടുത്ത അറിവിനായ് സംശയരോ ഗിയായ ബീൻസ് കൊതിച്ചു. പെട്ടന്ന് ആരു ടെയോ കൈതട്ടി ബീൻസ് തക്കാളിമുറിച്ചുവെച്ച പാത്രത്തിലേക്ക് വീണത്. പറമ്പിൽ നിന്നും സഞ്ചിയിലായിപോയവരൊന്നും തിരിച്ച് വരാത്ത തിന്റെ കാരണം എന്താണെന്ന് തനിക്ക് കിട്ടും എന്ന് ചിന്തിച്ചു തക്കാളി മുറിച്ചുവെച്ച പാത്ര ത്തിൽ ആരും കാണാതങ്ങനെ ഇരിക്കുമ്പോ ഴാണ് ഒരുശബ്ദം ആ സാമ്പാറിലേക്ക് തക്കാളി മുറിച്ചുവെച്ചത് എടുത്തിട് സമയം ഒരുപാടായി. പെട്ടന്നാണ് തക്കാളി മുറിച്ച് വെച്ച പാത്രം സാമ്പാറിലേക്ക് കമഴ്ത്തിയത് ഒപ്പം നമ്മുടെ ബീൻസും അതിന്റെ കൂടെ ആ തിളച്ചുമറിയുന്ന സാമ്പാറിലേക്ക് വീണു. പാവം സംശയരോഗി യായ ബീൻസിന്റെ ശരീരം രണ്ടായി അതിന്റെ കുരു താഴെ പോയതോടുകൂടി നമ്മുടെ ബീൻ സിന്റെ സംശയവും തീർന്നു.

■



# അറിവിന്റെ തിരിച്ചു വരവ്

**കെ.എൻ. പൊന്നപ്പൻ**
സി.നമ്പർ :3920

സന്തോഷകരമായ ഒരു സംഭവമാണ് അഭിപ്രായം സൃഷ്ടിക്കുവാനുള്ള സാഹചര്യം അന്തേവാസികൾക്കുണ്ടായത്. അക്ഷരങ്ങൾ വാക്കുകളും, വാക്കുകൾ വാക്യങ്ങളുമായി മാറി സമ്പന്നമായ മലയാളത്തിന്റെ രചനകൾ എല്ലാം ഇന്ന് ലോകത്തിന്റെ നെറുകയിലാണ്. സാധാരണ രക്ഷകർത്താക്കൾ വരെ ആഗ്രഹിക്കുന്നത് എന്റെ മക്കൾ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കണമെന്നാണ്, അവർക്ക് അറിവുണ്ടാകണമെന്നാണ്. എന്നാൽ അവർ സമ്പാദിക്കുന്ന അറിവുകൾ പരിമിതമാണ്. കാതലായ പലതും നഷ്ടപ്പെടുത്തികൊണ്ടാണ് അതിനുപിന്നാലെ പോകുന്നത്. 10-ാം ക്ലാസ്സിലെ മലയാളം മീഡിയം വിദ്യാഭ്യാസം കഴിയുമ്പോൾ സമ്പന്നമായ അറിവുകൾ സംഭരിക്കുവാനുള്ള സമഗ്രമായ ശക്തിയുടെ ആരംഭം ലഭിക്കുന്നു. ലോകത്ത് ഇത്രയും ബൃഹത്തായ ലോക കാര്യങ്ങൾ, രാജ്യാന്തര കാര്യങ്ങൾ, ആത്മീയ കാര്യങ്ങൾ, യുക്തി വളരുവാനുള്ള വ്യക്തി പരമായ കാര്യങ്ങൾ, ലോക രാജ്യങ്ങളിൽ നിലനിൽക്കുന്ന ഭരണങ്ങൾ, ഇന്ത്യൻ ഭരണ ഘടനയുടെ 19-ാം അനുച്ഛേദം അനുവദിച്ചു തന്നിരിക്കുന്ന, അഭിപ്രായ സ്വാതന്ത്ര്യം, സ്വതന്ത്രമായ തൊഴിൽ തിരഞ്ഞെടുക്കുവാനും, ഭാരതത്തിൽ എവിടെയും യാത്ര ചെയ്യുവാനും, ഏതു മതത്തിൽ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം, ആ സ്വാതന്ത്രത്തിൽ എന്റെ മതം ശരി, മറ്റു മതങ്ങൾ തെറ്റ് എന്നു പറയുമ്പോഴാണ് അഭിപ്രായം അഭിപ്രായ വ്ത്യാസമായി മാറുന്നത്. അത് കൂടുതൽ മലയാളത്തിൽ അടിസ്ഥാന പരമായ കാര്യങ്ങൾ പഠനവിധേയമാകേണ്ടതുമാണ്. ഇത്രയും പറയുന്നത് മലയാളം എന്നുള്ളത് സാധാരണക്കാരന്റെ അറിവിന്റെ സമുദ്രമാണ്. ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച് വരുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ നമ്മുടെ മലയാള കൃതികളുടെ ഒരു പേജ് പോലും വായിച്ച് മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഉദാഹരണത്തിന് സംസ്കൃതത്തിൽ ധാരാളം വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. ജർമ്മനിയിലെല്ലാം സംസ്കൃതത്തിൽ ആയുർവേദ മരുന്നുകളും ചികിത്സകളും നൽകുന്നു. നമ്മുടെ എല്ലാ ആയുർവ്വേദ മരുന്നുകളും അവർ നന്നായി ശുദ്ധിയായി നല്ല ലേബലോടെ പുറത്തുവിടുന്നു. അതു വാങ്ങിച്ച് വായിച്ചു നോക്കുമ്പോഴാണ് മനസ്സിലാകുന്നത്. കേരളത്തിൽ നാം അല്പം പോലും ശ്രദ്ധ കൊടുക്കാത്ത പച്ച മരുന്നുകളാണെന്ന്. ഇത്രയും പറയാൻ കാരണം മലയാളത്തിനോടുള്ള അവരുടെ സ്വന്തം അറിവിനെ നിന്ദിക്കലായിരിയ്ക്കും.

കോഴിക്കോട് സാമൂതിരി കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് ശ്രീ. എൻ.വി. കൃഷ്ണ വാരിയർ (മലയാളത്തിന്റെ അച്ചടിയുടെ പുതിയ ലിപിയുടെ ഉപജ്ഞാതാവ്) ഭാരതത്തിന്റെ ആരാധ്യനായ പ്രസിഡന്റ് സർവ്വശ്രീ ഡോക്ടർ എസ്. രാധാകൃഷ്ണന്റെ പ്രസംഗം മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്. ഇന്ന് ഡിഗ്രി കഴിഞ്ഞവരിൽ എത്രപേർക്ക് അതുപോലൊരു പ്രസംഗം മലയാളത്തിലേക്ക് തർജ്ജമ ചെയ്യാൻ സാധിക്കും? ഇതാണ് ചിന്തിക്കേണ്ടത്.

സമർത്ഥനായ ശ്രീ ബാബു പോൾ ഐ.എ.എസ്., സഹോദരനായ ശ്രീ റോയി പോൾ ഐ.എ.എസ്, ഇവരുടെയെല്ലാം വിദ്യാഭ്യാസം മലയാളം മീഡിയത്തിലായിരുന്നു. അവർ ഇന്നെവിടെ നിൽക്കുന്നു. ശ്രീ ബാബു പോളിന്റെ

പ്രസംഗങ്ങൾ എല്ലാം സാധാരണക്കാർക്കു മന സ്സിലാകുന്ന രീതിയിലാണ്. ശ്രീ ബാബു പോളിന്റെ പരേതയായ മാതാവ് അധ്യാപിക യായ ശ്രീമതി മേരി പോളിന്റെ അധ്യാപികയുടെ ഒരു വിദ്യാർത്ഥിയായിരുന്നു ഈ ലേഖകൻ. ആ ഗുരുവിന്റെ ഓർമ്മയാണ് ഈ കാര്യം ഇവിടെ ഓർക്കുവാൻ ഇടയാക്കിയത്.

നമ്മുടെ കുട്ടികളോട് (ഇംഗ്ലീഷ് മീഡിയത്തി ലെ) തെങ്ങിന്റെ ഓലമടലിന് ഇംഗ്ലീഷിലും, മല യാളത്തിലും പറയുവാൻ പറ്റാത്ത അവസ്ഥ യിലാണ് (frond). നമ്മുടെ നാട്ടിൽ സാധാരണ യുള്ള ചായക്കടയിൽ മധുരമില്ലാത്ത ചായ വേണ മെന്നു പറഞ്ഞാൽ, ചായ തരുന്ന ആൾ "വിത്ത് ഔട്ട്" (with out) അല്ലെ എന്ന് തിരിച്ചു ചോദി യ്ക്കുന്ന അവസ്ഥയായി മാറിയിരിക്കുന്നു. നാട്ടിൻ പുറങ്ങളിൽ ഉണ്ടാകുന്ന പച്ചക്കറിയുടെ പേരും, മരുന്നു ചെടികളുടെ പേരും അറിയാതെ വരുന്നു. നാലുകാലിൽ നടക്കുന്ന നായയ്ക്കും, പൂച്ചയ്ക്കും മുത്തങ്ങ തിരിച്ചറിയാൻ സാധിയ്ക്കു ന്നു. ആ ജീവികൾ വിര ശല്ല്യം ഉണ്ടായാൽ അനേകം പുല്ലുകളുടെ ഇടയിൽ മുത്തങ്ങയുടെ ഇല കണ്ടു പിടിച്ച് കഴിച്ച് ഛർദ്ദിക്കും ആ ജീവി കൾക്ക് ഒരിക്കലും അതു മാറുകയില്ല. മലയാളി കളുടെ മൃഗങ്ങൾക്കുള്ള അറിവ് വളർന്ന് വരുന്ന തലമുറയിൽ ഉണ്ടാകുമോ?

ശിക്ഷയനുഭവിക്കുന്ന കുറ്റവാളികൾക്ക് അനുഭവിക്കേണ്ടിവരുന്ന അവനവന്റെ മനസ്സിന്റെ വേദനകൾ പല രീതിയിലാണ്. ഏകാഗ്രതയിൽ മനോവിഷമം പുറത്ത് പറയാൻ സാധിക്കാത്ത അവസ്ഥകൾ അവർണ്ണനീയമാണ്. അതിനു പരി ഹാരമായി മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും "കൗൺസിലിംഗിന്" അന്തേവാസികളെ വിധേ യമാക്കണം. മനസ്സിന് ആവശ്യമായ ഉറപ്പ് (ചഞ്ച ലിപ്പ് മാറുന്നതിന്) വരുത്തുവാൻ "യോഗ" പരി ശീലനം കൊടുക്കുന്നതും നന്നായിരിക്കും. (ഇ ങ്ങനെ ചെയ്യുന്ന

ത്കൊണ്ട്, ജയിലിൽ കഴിയുന്ന ചില അന്തേ വാസികൾ ആവശ്യമില്ലാതെ മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ഒരുങ്ങുന്ന അവസ്ഥ പലപ്പോഴും കണ്ടുവരുന്നുണ്ട്. അതു പരിതാപ കരമായി അനുഭവപ്പെടുന്നു. അവർ ഉപയോഗി ക്കുന്ന വാക്കുകൾ കേൾക്കുമ്പോൾ വിഷമം സൃഷ്ടിക്കുന്നു. അങ്ങനെ വരാതിരിക്കാൻ നല്ലൊരു സ്വഭാവരൂപീകരണ പ്രക്രിയ അത്യന്താ പേക്ഷികമാണ്).

ശിക്ഷ കൊടുക്കുന്ന എല്ലാ നീതി കോടതി കളും "ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിയും ശിക്ഷിക്ക പെടരുത്. ആകാശം ഇടിഞ്ഞുവീണാലും നീതി പാലിക്ക ണം. ഈ തത്വാധിഷ്ഠിത നിർവചനത്തിലാണ്.

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവ രിച്ച സംസ്ഥാന ജില്ലകൾ പൂർണ്ണമായുണ്ട്. എന്നിട്ടും ബ്ലാങ്ക് ചെക്കുകൾ വാങ്ങിയശേഷം തുകകൾ എഴുതി കേസ്സു കൊടുകക്കുന്ന രീതി സാധാരണമാണ്. ആ ചെക്കിൽ ഒപ്പും ശരിയാ യിരിക്കും തുക എഴുതിയിരിക്കുന്ന തീയതിയും തുകയും വേറെ കയ്യക്ഷരമായിരിക്കും. കേരള ത്തിൽ പലസ്ഥലത്തു നിന്നും ബ്ലാങ്ക് ചെക്കു കളും മുദ്രപത്രങ്ങളും അന്വേഷണ ഉദ്യോഗ സ്ഥർക്ക് സുലഭമായി ലഭിച്ചതായി പത്രദ്വാര മന സ്സിലാക്കാൻ കഴിഞ്ഞു. വ്യത്യസ്ത കയ്യക്ഷര ത്തിൽ ചെക്ക് സമർപ്പിക്കുന്നവർ. എന്തുകൊണ്ട് ഇങ്ങനെയുള്ള കേസുകൾ ഫോറൻസിക്ക് പരി ശോധനക്കു വിധേയമാക്കുന്നില്ല. വരുന്ന ചെക്കു കേസുകൾ ഫോറൻസിക്ക് പരിശോധന നിർബ ന്ധമാക്കിയാൽ അനേകം നിരപരാധികൾ രക്ഷ പ്പെടും എന്നെങ്കിലും അതുണ്ടാകും എന്നാശ്വ സിക്കാം. വൻ തുകകൾ എഴുതി വിട്ടുകഴിയു മ്പോൾ അപ്പീൽ പോകണമെങ്കിൽ ആ തുക യുടെ വലിയ ശതമാനം കെട്ടിവെക്കേണ്ടി വരു ന്നു. ഈ അധർമ്മത്തിന് ശാശ്വതപരിഹാരം ഉണ്ടാകട്ടെ, അതിനുള്ള കാരുണ്യം ഉണ്ടാകട്ടെ എന്നും ആഗ്രഹിക്കാം.

ജയിലിൽ നിന്നും പുറത്തുപോകുന്നവർ ഉത്തമ പുരുഷന്മാരായില്ലെങ്കിലും, നല്ല വ്യക്തി ത്വത്തിന്റെ പ്രവേശന പാത്തിലേക്ക് അവർ പ്രവേശിക്കട്ടെ അതിനുള്ള സാധ്യതകൾ ഉണ്ടാ കട്ടെ, അതിനുവേണ്ടി ഉണരട്ടെ, വളരട്ടെ, ആശിർവാദങ്ങൾ ചൊരിയുമാറാവട്ടെ!

■

# നിഴൽ

**സുരേഷ് .കെ.കെ**
അസി. പ്രിസൺ ഓഫീസർ
സബ് ജയിൽ

ഇരുളുതിർക്കും കരിംപുതപ്പിനുള്ളിൽ
ചെറുവെളിച്ചത്തിലെന്നെ നോക്കീടുന്നു
നിറനിലാവുകൾ പൊഴിയുന്ന വർണ്ണത്തിൽ
കരിയിലക്കാറ്റു മാത്രമെൻ നിഴലുകൾ..........
ചിതലരിക്കാത്ത ചിന്തകൾ തീർക്കുന്ന
നിഴലുമാത്രം നിരത്തുകളിലലയുന്നു
തലതിരിഞ്ഞിടക്കലറിക്കരുത്തനായ്
മെലിവുതട്ടി ചുരുണ്ടുണങ്ങീടുന്നു
പുലരിവന്നെത്തിയിരുൾ മൂടിടും വരെ
തെരുവിലലയുന്ന ലക്ഷ്യമാം നിഴലുകൾ
കപടമാം കാലമൊക്കെയും തീർക്കുന്ന
കനിവുവറ്റുന്ന കരിനിഴൽപ്പാടുകൾ
നിറനിലാവാലെയനുഗമിച്ചെന്നിൽ
നിന്നകലുകില്ലെന്നിലോർമതൻ നൊമ്പരം
കടലിരമ്പങ്ങൾ തോരാതെ പെയ്യവെ!
ദുരിതമായോരോ നിഴൽ മുഖങ്ങളും
എന്റെ പാദക്കുതിപ്പുകൾക്കൊപ്പമായ്
എന്റെ സ്വപ്ന വേഗങ്ങൾക്ക് കൂട്ടായി
മണ്ണടിഞ്ഞ സുഖ ദു:ഖങ്ങൾ തീർക്കുന്ന
ചിത്രമായെന്നിൽ നൃത്തമാടീടവെ
മുഖമമർത്തി കദനം പൊഴിച്ചിടും
പതിയുമെന്നിൽ നിന്നകലുന്ന മാത്രയിൽ
ഒടുവിൽ ദേഹിയും വേർപ്പെട്ടുപോകവെ
ഉടലിനൊപ്പമെൻ നിഴലുമാത്രം............
ഉയിരുപൊങ്ങിതിരിച്ചു വന്നെത്തവെ
ഉണരുകില്ലെന്നിലടിയുന്ന നിഴലുകൾ





# ചെയിഞ്ച് ഓഫ് നെയിം

പ്രസാദ്
സി. നമ്പർ. 1660

പട്ടീ.... എന്ന പേര് കേട്ട് മടുത്തൂ...
എന്റെ വർഗ്ഗത്തിന് എന്തിനാ ഈ വൃത്തികെട്ട പേര്?
കള്ള് ഷാപ്പിൽ കള്ളുകുടിയന്മാർ തല്ലു കൂടിയാലും
കവലയിൽ തെമ്മാടികൾ തല്ലുണ്ടാക്കിയാലും
നാട്ടുകാർ പറയും ഈൗ.... പട്ടികളെക്കൊണ്ട് തോറ്റൂ....
ഏമാൻമാർ പറയും കേറടാ പട്ടി ജീപ്പിലോട്ട്
മടുത്തു... ഞങ്ങൾ എന്തു പിഴച്ചൂ...
ഈ വൃത്തികെട്ട പേര് കാരണം.

മനുഷ്യരാണല്ലോ പേര് ഇടുന്നത് അവരെ
ശരണം പ്രാപിക്കാം...!! ഈ പേര് ഒന്ന് മാറ്റിത്തരാനായ്...
കാര്യം നേടാൻ കഴുതക്കാൽ പിടിക്കണം എന്ന ചൊല്ലിൽ
അവരുടെ മുമ്പിൽ വാലാട്ടി നിന്നൂ
വീടിനും സ്വത്തിനും കാവലാളായ്
കള്ളൻമാരും ശത്രുക്കളും കടക്കാതെ
രാത്രിയില്ലാ പകലില്ലാതെ അടിമ പണിയെടുത്തൂ
കാലങ്ങൾ കടന്നുപോകവേ മനുഷ്യന്റെ സ്നേഹം
പതിയേ പിടിച്ചു പറ്റീ.....

കാലാന്തരത്തിൽ പഴയ പേര് മാറിവന്നൂ
പുതിയ പേര് പതിയേ വിളിച്ചു തുടങ്ങീ......

ഡോബർമാൻ, ജർമ്മൻ ഷെപ്പേർഡ്, പഗ്ഗ്
അങ്ങനെയങ്ങനെ പല പല പേരുകൾ
ഞങ്ങളെ പോലീസിലും എടുത്തു
ഉന്നത പേരും കിട്ടി "ഡോഗ് സ്ക്വാഡ്"
വീട്ടിലും നാട്ടിലും സ്ഥാനമാനങ്ങൾ കിട്ടി തുടങ്ങി
ഞങ്ങളിൽ ചെറിയൊരു അഹങ്കാരം വന്നുതുടങ്ങി....

കൂട്ടത്തിലുണ്ട് ചില പഴയ പേര് ഉള്ളവർ
അവരുടെ വാല് ഇന്നും അങ്ങനെ തന്നേ
ഒറ്റക്ക് നടക്കുന്നവരെ ഓടിച്ച് കടിച്ചു
സ്ത്രീകളെയും കുട്ടികളേയും കടിച്ച് കീറി...
മനുഷ്യർക്ക് പൊറുതി മുട്ടി
മറന്നുപോയ പേര്... പുതിയതായി പതുക്കേ
പുറത്തുവന്നു "തെരുവു പട്ടികൾ"
സഹികെട്ട മനുഷ്യർ ഒത്തുകൂടി
കൊന്നുകളയാം ഈ പട്ടികളേ...
പതറിയ മനസ്സുമായ് ഞങ്ങൾ ചിതറിയോടി
പരിഹാരമെന്നോണം പുതിയ
ദൈവത്തിൻ മുമ്പിൽ അഭയം തേടി
രക്ഷിക്കണമേ.....!!
ഞങ്ങളുടെ പ്രാർത്ഥന കേട്ടനേരം
പ്രത്യക്ഷമാം ദൈവം വരമൊന്നു തന്നീടുന്നു
"കൊല്ലരുത്".......
ഇവരും ഭൂമിയിലെ അവകാശികൾ... വേണമെങ്കിൽ?
വന്ധ്യകരണം നടത്തിക്കോളൂ...

വരം കിട്ടിയമാത്രയിൽ വീണ്ടും അഹങ്കാരം മുളപൊട്ടി
കടപ്പുറത്ത് നടക്കും അമ്മച്ചിയെ കടിച്ചു കീറി
ഒരു പിഞ്ച് കുഞ്ഞിനെ വലിച്ച് ഇഴച്ചു.....
പഞ്ചായത്തിൽ പദ്ധതിക്കുള്ള പണി പാതി
തുടങ്ങി... സംഭവത്തിന്റെ ഗൗരവം അറിയാത്ത
തിനാൽ ഞങ്ങൾ പരിഭ്രമിച്ചീലാ....

കൂട്ടത്തിൽ പലരേയും പദ്ധതി നടപ്പിലാക്കി
ഒരുനാൾ ആ കൂട്ടത്തിൽ ഗമയോടെ ഞാനുമുണ്ടായി....
എന്നിലും പദ്ധതി നടപ്പിലാക്കി.....
സഹതാപത്തോടെ എന്നെ നോക്കി എൻ ഗേൾഫ്രണ്ട്
പപ്പി... പതുക്കെ പറഞ്ഞു
നീ ഇപ്പോഴാണ് ശരിക്കും പട്ടിയായത് വെറും
കൊടിച്ചി പട്ടീ..... ഞാൻ പകച്ചുപോയ്....!

# ജീവിത മുന്നേറ്റം

**ഗിരീഷ്**
സി. നമ്പർ. 4320

ജയിലിലെ സിമന്റ് തറയിൽ തിരിഞ്ഞും, മറിഞ്ഞും കിടക്കുന്ന അനിൽ തന്റെ ജീവിതത്തിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ ഓരോന്നായി മനസ്സിൽ ഓർക്കുകയാണ്. കോളേജ് വിദ്യാഭ്യാസത്തിനിടയിൽ അന്യജാതിക്കാരിയായ പെൺകുട്ടിയുമായി പ്രണയത്തിലാകുന്നതും ഇരു വീട്ടുകാരുടെയും എതിർപ്പിനിടയിലും ഒന്നിച്ച് ജീവിക്കാൻ തീരുമാനിക്കുന്നു. ഒരു വാടക വീടെടുത്ത് അവിടേക്ക് രജിസ്റ്റർ ചെയ്ത് വിളിച്ചുകൊണ്ടുവന്ന് ജീവിതം ആരംഭിക്കുന്നു. അഛന്റെ കുലത്തൊഴിലായ കള്ള് ചെത്ത് ചെറുപ്പത്തിലേ പഠിച്ചിരുന്നത് ഉപകാരപ്പെട്ടു. ടൗണിലെ ഷാപ്പിൽ തന്നെ ചെത്തുതൊഴിലാളിയായി ജോലി ചെയ്യുന്നതിനിടയിൽ ജാൻസി രണ്ടു പ്രസവിക്കുന്നു. രണ്ടും ആൺകുട്ടികൾ. ഇതിനിടെ പ്രാരാബ്ദങ്ങൾ കൂടുമ്പോഴും തന്റെ മദ്യപാനവും കൂടുന്നുണ്ടായിരുന്നു. അങ്ങിനെ ജീവിതം മുമ്പോട്ട് പോകുമ്പോഴാണ് പ്രതീക്ഷിക്കാതെ അത് സംഭവിക്കുന്നത്. കള്ള് അളക്കുന്ന ഷാപ്പിലെ ജീവനക്കാരൻ മണിയുമായി ഉണ്ടായ ഒരു വാക്കുതർക്കത്തിൽ കത്തി എടുത്ത് വീശേണ്ടി വരുന്നു.

പേടിപ്പിക്കാനാണ് ചെയ്തത് എങ്കിലും കത്തി കൊണ്ട് മണിയുടെ കൈ അറ്റുപോയിരുന്നു. ആശുപത്രിയിൽ കൊണ്ടുപോയി മണിയുടെ ജീവൻ രക്ഷിക്കാനായെങ്കിലും അയാളുടെ വലത് കൈ പൂർണ്ണമായി നഷ്ടപ്പെട്ടിരുന്നു. സംഭവം കഴിഞ്ഞ് മൂന്നു വർഷങ്ങൾക്ക് ശേഷമാണ് കേസിന്റെ വിധി വന്നത്. ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഐ.പി.സി. 307-ാം വകുപ്പിൽ ചാർജ്ജ് ചെയ്ത കേസിൽ 10 വർഷം കഠിന തടവും 1 ലക്ഷം രൂപ പിഴ അടക്കുവാനുമാണ് ശിക്ഷിച്ചത്. താനിപ്പോൾ ജയിലിൽ വന്നിട്ട് ഒരു വർഷത്തോളമായി. ഇതിനിടയിൽ ആദ്യത്തെ ഒരു മാസക്കാലം ഭക്ഷണം കഴിക്കാൻപോലും കഴിഞ്ഞിരുന്നില്ല. കാരണം വീട്ടിലെ അവസ്ഥ ഓർക്കുമ്പോൾ വായിലേക്ക് വെയ്ക്കുന്ന ഭക്ഷണം തൊണ്ടയ്ക്ക് കീഴ്പ്പോട്ട് ഇറങ്ങുന്നില്ലായിരുന്നു. വാടകയ്ക്ക് താമസിക്കുന്ന ജാൻസിയും, 6ഉം, 8ഉം പ്രായമുള്ള മക്കളും വല്ലതും കഴിച്ചു കാണുമോ ? അവരിപ്പോൾ എന്തെടുക്കുകയായിരിക്കും. എന്നുള്ള ചിന്ത മനസ്സിലേക്ക് വരുമ്പോൾ ഭക്ഷണം കഴിക്കാൻ തോന്നില്ല. അതിന് ഒരു ആശ്വാസം വന്നു തുടങ്ങിയത് ജയിലിൽ വന്ന് അതികം താമസിക്കാതെ തന്നെ ജയിലിൽ ഒരു ജോലി കിട്ടിയതും അതിൽ ഒരു മാസത്തെ വേജസ് ജയിലിലെ എല്ലാ സെക്ഷനിലേയും ഉദ്യോഗസ്ഥരുടെയും കാരുണ്യംകൊണ്ട് ഒരു മാസം തികയുന്ന അന്നു തന്നെ തന്റെ വീട്ടിലേക്ക് അയക്കുകയും ചെയ്തപ്പോഴാണ് വീട്ടിൽ നിന്നും ഭാര്യയും മക്കളും എന്നെ കാണാൻ വന്നപ്പോൾ അവരുടെ മുഖത്തുണ്ടായിരുന്ന സന്തോഷം കണ്ടപ്പോൾ തന്നെ എനിക്ക് മനസ്സിലായി ജയിലിലെ തന്റെ അധ്വാനത്തിന്റെ ഫലം വീട്ടിൽ കിട്ടിയെന്ന്. അന്നാണ് ഞാൻ ജയിലിൽ തരുന്ന ഭക്ഷണത്തിന്റെ സ്വാദ് അറിയുന്നതും മനസമാധാനത്തോടെ ഉറങ്ങിയതും. അഞ്ചാറുമാസം ഞാൻ ജയിലിൽ ക്ലീനിങ്ങ് സെക്ഷനിൽ ജോലി ചെയ്തു. ജയിലിലെ സഹതടവുകാർ ചിക്കൻ ബിരിയാണിയും ബേക്കറി ഐറ്റംസും വാങ്ങി കഴിക്കുമ്പോൾ ഞാൻ ജയിലിലെ റേഷൻ മാത്രം കഴിച്ച് ഒരു രൂപ പോലും ചിലവാക്കാതെ മാസാമാസം വീട്ടിലേക്ക് പണം അയച്ചുകൊണ്ടിരുന്നു. അപ്പോൾ പുറത്ത് എന്റെ ഭാര്യയും മക്കളും എന്നെപ്പോലെ തന്നെ കഷ്ടിച്ചാണ് ജീവിച്ചുപോന്നിരുന്നത്. അതിനുള്ള തെളിവാണ് അവളുടെ കയ്യിലുണ്ടായിരുന്ന ബാലൻസ് പൈസ. മാസം ഞാൻ അയക്കുന്ന 1950 രൂപയിൽ വാടകയും

അവരുടെ ചിലവും കഴിഞ്ഞ് 500 രൂപ മാറ്റി വച്ചാണ് അവരും ജീവിച്ചിരുന്നത്. അങ്ങിനെ അഞ്ചാറുമാസം കഴിഞ്ഞപ്പോൾ എനിക്ക് ജയിലിലെ സോപ്പ് നിർമ്മാണ യൂണിറ്റിൽ ജോലി ലഭിക്കുകയും എന്റെ കഠിനപരിശ്രമംകൊണ്ട് സോപ്പുണ്ടാക്കാൻ വേഗം പഠിക്കുകയും അത് എഴുത്തിലൂടെ എന്റെ ഭാര്യയെ പഠിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ദിവസമാണ് ജാൻസിയും മക്കളും കാണാൻ വന്നത്. അവർ പറഞ്ഞതനുസരിച്ച് ഇന്ന് അവളൊരു സ്വയം തൊഴിൽ നിലവിലുള്ള വാടകവീട്ടിൽ തുടങ്ങുകയാണ്. ഞാൻ അയച്ചു കൊടുത്ത തുകയിൽ നിന്നും സൊരുക്കൂട്ടിവെച്ച തുകകൊണ്ടാണ് അവൾ സോപ്പു നിർമ്മാണത്തിനുള്ള സാധനസാമഗ്രികൾ വാങ്ങിയത്. തനിക്ക് അവളെകുറിച്ച് അഭിമാനം തോന്നി. ഫയൽ എന്ന് വിളിക്കുന്ന ജയിൽ ഉദ്യോഗസ്ഥന്റെ ഒച്ചകേട്ടാണ് അനിൽ ഓർമ്മയിൽ നിന്നും ഉണർന്നത്. രാവിലെ 6 മണിക്ക് ജയിലിലെ അന്തേവാസികളുടെ കണക്കെടുപ്പുണ്ട്. അതു കഴിഞ്ഞ് സെല്ലു തുറന്ന് എന്നത്തെ പോലെ ഇന്നും തന്റെ ജീവിതത്തിലേക്ക് അനിൽ കടന്നു. മാസങ്ങളും വർഷങ്ങളും കൊഴിഞ്ഞുപോയ്കൊണ്ടിരുന്നു. പുറത്ത് അനിലിന്റെ ഭാര്യയുടെ സോപ്പു നിർമ്മാണ കമ്പനി വിപുലപ്പെട്ടുകൊണ്ടിരുന്നു. കുട്ടികളും സ്കൂൾ വീട്ടുവന്ന അവളെ സഹായിക്കുന്നു. വിശ്വസ്ഥരായ ഏതാനും തൊഴിലാളികളെ വെയ്ക്കുന്നു. അതു പിന്നീട് വാട കെട്ടിടത്തിൽ നിന്നും സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിത് അതിലേക്ക് മാറുന്നു. അപ്പോൾ ജയിലിൽ അനിൽ തന്റെ ജോലി സോപ്പു നിർമ്മാണത്തിൽ നിന്നും മാറി ബിരിയാണി യൂണിറ്റ് ചപ്പാത്തി യൂണിറ്റ് ഒക്കെ ആയി. എല്ലാം അനിൽ പഠിക്കുകയും ഭാര്യയെ എഴുത്തിലൂടെ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പുറത്ത് അവരുടെ ബിസിനസ്സും മാറി ബിരിയാണി, ചപ്പാത്തി, കറികൾ ഇവയെല്ലാം കുറഞ്ഞ ചിലവിൽ ഉണ്ടാക്കി വിറ്റ് ജീവിതം മാറ്റി മറിച്ചു. പത്ത് വർഷം ശിക്ഷ വാങ്ങി ജയിലിലെത്തിയ അനിൽ ജയിലിലെ നല്ല നടപ്പിന്റെയും മറ്റും മാർക്ക് വാങ്ങി എട്ടര വർഷം കഴിഞ്ഞു. പുറത്തിറങ്ങാനുള്ള ദിവസം ഒരു ലക്ഷം രൂപ ഫൈൻ അടക്കാനുള്ള തുകയുമായി സ്വന്തം കാറിൽ വരുന്ന ജാൻസിയും മക്കളും നല്ലവരായ ജയിൽ ഉദ്യോഗസ്ഥരോടും തടവുകാരോടും യാത്ര പറഞ്ഞ് സ്വന്തം കാറിൽ കയറി വിയ്യൂർ സെൻട്രൽ ജയിൽ എന്ന ബോർഡും കഴിഞ്ഞതും പ്രധാന റോഡിലേക്ക് പ്രവേശിച്ചു.



# എന്റെ ഗ്രാമക്കാഴ്ച്ചകൾ

*സജിത്ത്*

മണ്ണും മനസ്സും ഒരുപോലെ മരവിച്ച ഒരു മഞ്ഞുകാലത്താണ് ഞാൻ ഈ ഗ്രാമത്തിലെത്തിയത്. ഗ്രാമം എന്നാൽ വെറും ഗ്രാമമല്ല. ഒരു ആഗോള ഗ്രാമം. മലയാളിയും തമിഴനും, ബംഗാളിയും, മറാത്തിയും, മാത്രമല്ല. ആഫ്രിക്കനും വടക്കേ അമേരിക്കക്കാരനുമൊക്കെയുണ്ട്. ഈ ചെറു ഗ്രാമത്തിൽ എണ്ണൂറോളം പേരാണ് ഗ്രാമവാസികൾ. എണ്ണം നിയതമൊന്നുമല്ല. പലരും വന്നും പോയിക്കൊണ്ടിരുന്നവർ.

അച്ചടക്കമാണ് ഈ ഗ്രാമത്തിന്റെ മുഖ മുദ്ര. എന്തിനും നാഴിക മണി മുഴങ്ങും. സമയമറിയാൻ മാത്രമല്ല ഉണരാനും ഉറങ്ങാനും ഭക്ഷണം വാങ്ങാനുമൊക്കെ മണി മുഴങ്ങും. അച്ചടക്കം ലങ്കിച്ചാൽ കടുത്ത ശിക്ഷയും കിട്ടും. ട്ണോം... ട്ണോം... ട്ണോം...ട്ണോം... പുലർച്ചെ നാഴിക മണി ആറു വട്ടം അടിച്ചു. മുറി വിട്ട് പുറത്തിറങ്ങുവാനുള്ള സമയമാണിത്. ആദ്യമായാണ് ഇങ്ങനെയൊരു സ്ഥലത്ത്. അപരിചിതത്വം വേണ്ടുവോളം ഉണ്ടെങ്കിലും അതൊന്നും വകവെക്കാതെ ഞാൻ ഇറങ്ങി നടന്നു. പച്ചക്കറിത്തോട്ടങ്ങൾ, നിർമ്മാണ യൂണിറ്റുകൾ, ഓഫീസുകൾ, ഹോസ്പിറ്റൽ, കാന്റീൻ ഒറ്റ നോട്ടത്തിൽ തന്നെ ഗ്രാമത്തിന്റെ സ്വയം പര്യാപ്തത ബോധ്യം വരും.

പല വഴികൾ എല്ലാ വഴികളും തുടങ്ങുന്നതും ഒടുങ്ങുന്നതും ഗാർഡോഫീസ് കവലയിലാണ്. ഗ്രാമത്തിന്റെ ദൈനംദിന കാര്യങ്ങളുടെ നിയന്ത്രണം മുഴുവൻ ഈ ഓഫീസിനാണ്. നടന്നു നടന്ന് മറ്റൊരു വഴിയിലെത്തി. വഴി അവസാനിക്കുന്നിടത്താണ് ലൈബ്രറി. വായനക്കുള്ള ഇടം മാത്രമല്ല ഇവിടത്തെ ലൈബ്രറി. ശരിക്കും ഒരു സാംസ്കാരിക നിലയം ഈ ഗ്രാമത്തിന്റെ തുടിപ്പാണ് ലൈബ്രറി. വായനയുണ്ട്, സംഗീത പഠനമുണ്ട്, സാക്ഷരതാ ക്ലാസ്സുണ്ട്, നിയമോപദേശമുണ്ട്, കൃഷിപഠനം സ്വയം തൊഴിൽ പരിശീലനങ്ങളുമുണ്ട്. എല്ലാം സൗജന്യമായി ഞാനും ഒരു ഗിറ്റാർ കയ്യിലെടുത്തു. ചില സ്വരങ്ങൾ കേൾപ്പിച്ചു. ഒന്നേ രണ്ടേ മൂന്നേ ...... കേൾവിക്കാർ കൂടി കൂടി വന്നു. ചിലർ സംശയങ്ങൾ ചോദിച്ചു. ഈ ഗ്രാമം അങ്ങിനെയാണ്. കഴിവും സന്നദ്ധരും ഉണ്ടെങ്കിൽ സാധ്യതകൾ തേടി വരും.


അങ്ങിനെ ഇരിക്കെയാണ് മണ്ഡല കാലം തുടങ്ങിയത്. മാലയിട്ട് ഞാനും സ്വാമിയായി മാറി. പെരിയ സ്വമിയുടെ നേതൃത്വത്തിൽ കഠിന കഠോര വൃതമാണ് നടക്കുന്നത്. നാഴിക മണി മുഴങ്ങി. ഉണർന്നെണീറ്റാൽ ഉടനെ പല്ലു തേപ്പും കുളിയും. ശീലങ്ങൾ അപ്പാടെ മാറി. ആകെ ഭക്തിമയം. സീനിയർ സ്വാമിമാർ എല്ലാം പഠിപ്പിച്ചു തന്നു. രാത്രി ഭജനസമയത്താണ് മുഴുവൻ ഭക്തിയും പുറത്തെടുക്കുന്നത്. ചില സങ്കീതോപകരണങ്ങളുടെ അകമ്പടിയോടെയാണ് ഭജന.

ഗ്രാമകാഴ്ച്ചകൾ പറഞ്ഞുതീരുന്നതിനു മുമ്പേ എഴുത്ത് ഭക്തി മാർഗത്തിലേക്ക് തിരിഞ്ഞു. അതിരിക്കട്ടെ ഞങ്ങളുടെ ഗ്രാമത്തിലെ ആരാധനാലയങ്ങളെകുറിച്ച് പറഞ്ഞില്ലല്ലോ. ഇവിടത്തെ ആരാധനാലയങ്ങൾ ഒരു വേറിട്ട കാഴ്ച്ചയാണ്. ക്ഷേത്രവും പള്ളികളും ഒരേ മതിൽക്കെട്ടിനകത്തുള്ള സ്ഥലങ്ങളെ കുറിച്ച് ഒരു പക്ഷേ നിങ്ങൾ കേട്ടിരിക്കും, ചിലപ്പോൾ കണ്ടിട്ടുമുണ്ടായിരിക്കും. പക്ഷേ ഇവിടെ അതെല്ലാം ഒരേ മേൽകൂരയ്ക്ക് കീഴിലാണ്. ഉന്നത ചിന്തയാൽ നിർമ്മിക്കപ്പെട്ട ഒരു സൂപ്പർ ഇൻസുലേഷൻ ഇവിടെ എല്ലാ കാര്യങ്ങളും അങ്ങിനെയാണെന്ന് പിന്നീടാണ് എനിക്ക് മനസ്സിലായത്. ഓണമാവട്ടെ, ഈദ് ആവട്ടെ, ക്രിസ്തുമസ്സ് ആവട്ടെ. ഇവിടത്തെ എല്ലാ ആഘോഷങ്ങളും എല്ലാവരുടേതുമാണ്. ഗ്രാമത്തിന്റെ ഉത്സവങ്ങൾ.

അന്ന് ഞങ്ങളുടെ മണ്ഡലകാലം തീരുന്ന ദിവസമായിരുന്നു. നാൽപത്തൊന്നാം വിളക്കിന്റെ ദിവസം. ഗ്രാമാങ്കണത്തിൽ തെങ്ങോല മെടഞ്ഞ്

ഓലപ്പുര കെട്ടി മുളയും വാഴയും കുരുത്തോലയും കൊണ്ട് മനോഹരമായ ഒരു ക്ഷേത്ര മാതൃകയുണ്ടാക്കി ചെണ്ടമേളത്താൽ നാടുണർത്തി കോമരം തുള്ളിയാണ് പുറപ്പാട് ജനം തടിച്ചുകുടി ലൈബ്രറിയുടെ മുന്നിൽ നിന്ന് തുടങ്ങി ക്ഷേത്രത്തിലേക്കാണ് ഘോഷയാത്ര. ലൈബ്രറിയെ മുൻനിർത്തി നടക്കുന്ന ചടങ്ങുകൾ ആൾത്തിരക്കിനിടയിൽ അകലകാഴ്ചയായി ഞാൻ കണ്ടു. ഒരിക്കൽകൂടി ഈ ഗ്രാമം എന്നെ അത്ഭുതപ്പെടുത്തി. ഇതാ ഇവിടെ ആരാധനയുടെ വേറിട്ടൊരു മാതൃക. ആ കാഴ്ച ഒന്നുകൂടെ അടുത്ത് കാണാൻ ആൾക്കൂട്ടത്തിനിടയിൽ നിന്ന് തിക്കിതിരക്കി ഞാൻ മുന്നിലെത്തി.

ജനുവരി 28 ന് ആ ഗ്രാമജീവിതത്തിന് വിരാമമായി. അപ്പോളേക്കും മൂന്നുമാസം തികഞ്ഞിട്ടുണ്ടായിരുന്നു എന്റെ ഈ ഗ്രാമ ജീവിതത്തിന്. ഗർഭസ്ഥശിശുവിനെ ഗർഭപാത്രം പുറന്തള്ളുന്നതു പോലെ ഈ ഗ്രാമവും അങ്ങിനെയാണ്. മടക്കയാത്രക്ക് സമയമായാൽ പിന്നെ ഒരു നിമിഷവും ആ ഗ്രാമത്തിൽ താമസിക്കാനാവില്ല. ഇതു പറയട്ടെ ഈ ഗ്രാമമേതാണെന്ന്... വിയ്യൂർ സെന്ട്രൽ ജയിൽ & കറക്ഷണൽ ഹോം.



# ശ്രുതി


സനിഷ്
സി. നമ്പർ 2229


കുളിരണിയുന്നൊരാ ശിശിരനിലാവത്ത്
ഇല കൊഴിയുന്നൊരാ ആലിൻചുവട്ടിൽ
വെറുതെയിരുന്നു ഞാൻ ആർദ്രമായ് മൂളി.
ശതകാല സ്മരണതൻ ശോകഗാനം.

ഗ്രീഷ്മങ്ങൾ വർഷങ്ങളെൻ വഴിത്താരയിൽ
പലകാല പുഷ്പങ്ങളായ് കൊഴിഞ്ഞു
ശ്രുതി മീട്ടുന്നു എൻഹൃദയവിപഞ്ചിക.
മധുരമാം ഓർമ്മയിൽ സമോഹനമായ്.

തളിരാർന്നിടുന്ന താരിളം മുല്ലയിൽ
സുഗന്ധം പരത്തുന്ന മാരുതനീവഴി
ഈരാവിലെൻ ഗാനപല്ലവിക്ക്
താളം പിടിക്കുന്നു ദുഖാർദ്രമായ്...

# തടവുകാരുടെ സാമൂഹിക പുനരധിവാസം

**ഹബീബ്**
സി.നമ്പർ :2228

**ജീ**വിക്കാനുള്ള അവകാശത്തോളം പ്രധാനമാണ് വ്യക്തിസ്വാതന്ത്ര്യം. നിയമവിധേയമായി മാത്രമേ ആ അവകാശത്തെ പരിമിതപ്പെടുത്താനാവൂ. നിയമം അനുവദിക്കുന്ന സ്വാതന്ത്ര്യനിഷേധമാണ് ജയിൽവാസം. കുറ്റം ചെയ്തതിനുള്ള ശിക്ഷയാണത്. നീതിയുക്തമായ വിചാരണയിലൂടെയാണ് കുറ്റം തെളിയിച്ച് ഒരാളെ ജയിലിലയക്കേണ്ടത്. മനുഷ്യസമുഹത്തോളെ പഴക്കമുണ്ട് കുറ്റകൃത്യങ്ങൾക്ക്. ആദ്യകാല സമൂഹങ്ങൾക്ക് കേട്ടുകേൾവി പോലുമില്ലാത്ത കുറ്റകൃത്യങ്ങളാണ് പിൽക്കാല സമൂഹങ്ങളിൽ വ്യാപിച്ചത്. വിശപ്പിന് പ്രതിവിധിയായി ഭക്ഷണസാധനങ്ങൾ മോഷ്ടിച്ചതായിരുന്നു പഴയകാല സമൂഹങ്ങളിൽ നിലനിന്ന വലിയ കുറ്റകൃത്യമെങ്കിൽ കാലക്രമേണ സംഘടിത കുറ്റകൃത്യങ്ങളും ഇപ്പോൾ സൈബർ കുറ്റങ്ങളിലേക്കും ക്രൈമുകൾക്ക് പരിണാമം സംഭവിച്ചിരിക്കുന്നു. നിയമങ്ങളും അങ്ങനെതന്നെയാണ്. വിവിധ കാലഘട്ടങ്ങളിലൂടെ നിയമങ്ങളും ഒരുപാട് രൂപപരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ട്. ചെറിയ കുറ്റങ്ങൾക്കു പോലും കഠിനമായ ശിക്ഷ നൽകിയിരുന്ന ആദ്യകാല സമൂഹങ്ങളിൽ നിന്ന് കുറ്റകൃത്യങ്ങളുടെ ഗൗരവത്തിനനുസരിച്ച് ശിക്ഷകൾ വിധിക്കുന്ന ആധുനിക ക്രിമിനൽ നിയമങ്ങളിലേക്കുള്ള വളർച്ച ഒരുപാട് പരിവർത്തനങ്ങളിലൂടെ സംഭവിച്ചതാണ്. കുറ്റം ചെയ്തവരെ ഒറ്റപ്പെടുത്തി സമൂഹത്തിൽനിന്ന് പുറന്തള്ളിയിരുന്ന ഒരുകാലത്ത് നിന്ന് ജയിൽ നിയമങ്ങളും വളരെയധികം പരിവർത്തന വിധേയമായി. 'സ്വഭാവപരിവർത്തനവും സാമൂഹിക പുനരധിവാസവും ആത്യന്തികലക്ഷ്യമായി അംഗീകരിക്കുന്നതാവണം തടവുകാരോടുള്ള സമീപനമെന്ന്' ഐക്യരാഷ്ട്രസഭയുടെ ആഗോള മനുഷ്യാവകാശ പ്രഖ്യാപനം പറയുന്നു.

## മനുഷ്യാവകാശങ്ങൾ

ഏതെങ്കിലും ഒരു കാലഘട്ടത്തിന്റെയോ ജനതയുടെയോ മതവിഭാഗത്തിന്റെയോ സംസ്കാരത്തിന്റെയോ മാത്രം സംഭാവനയല്ല മനുഷ്യവകാശങ്ങൾ. ലോകത്ത് ഇന്നുവരെ നിലവിൽവന്ന ഓരോ സ്ഥാപനങ്ങളും സിദ്ധാന്തങ്ങളും ജീവിതദർശനങ്ങളും മനുഷ്യാവകാശങ്ങളുടെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്.

ആധുനിക കാലഘട്ടത്തിന്റെ മനുഷ്യാവകാശനിയമങ്ങളുടെ തുടക്കം 1215ൽ ഒപ്പുവെക്കപ്പെട്ട മാഗ്നാകാർട്ടയാണ്. ഇംഗ്ലണ്ടിലെ ജോൺ രാജാവിനെ സമ്മർദ്ദത്തിലകപ്പെടുത്തി ഒപ്പിടുവിച്ചതാണ് ഈ ഉടമ്പടിയെങ്കിലും ആധുനിക ജനാധിപത്യത്തിന്റെ ആണിക്കല്ലായി ഇത് നിലകൊള്ളുന്നു. 1688ലെ മഹത്തായ വിപ്ലവവും 1776ലെ അമേരിക്കൻ സ്വാതന്ത്ര പ്രഖ്യാപനവും ഫ്രഞ്ച് വിപ്ലവവും മനുഷ്യന്റെ അവകാശങ്ങളുടെ ഉണർത്തുപാട്ടുകളായി. സ്വാതന്ത്രം സമത്വം സാഹോദര്യം എന്നതായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ മുദ്രാവാക്യം. പ്രകൃതി നിയമം എന്നതിൽ നിന്ന് ഭരണഘടന പരിരക്ഷ നൽകുന്ന മൗലികനിയമം എന്ന അവസ്ഥയിലേക്കുള്ള മനുഷ്യാവകാശങ്ങളുടെ പരിണാമത്തിന് ഇത്തരം വിപ്ലവങ്ങൾ പങ്കുവഹിച്ചു.

എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുകയും മഹത്വത്തിലും അവകാശത്തിലും തുല്യത പുലർത്തുകയും ചെയ്യുന്നു എന്ന പ്രകൃതി തത്വമാണ് സകല മനുഷ്യാവകാശങ്ങളുടെയും അടിസ്ഥാനം. മനുഷ്യവംശത്തിലെ അംഗമെന്ന നിലയിൽ ഓരോ വ്യക്തിക്കും അന്തസ്സുറ്റ ജീവിതം നയിക്കാനുള്ള അർഹത ജന്മസിദ്ധവും അനിഷേധ്യവുമാണ്. ഈ അർഹതയുടെ അടിസ്ഥാനത്തിൽ വിവേചനരഹിതമായി ഉറപ്പു വരുത്തേണ്ട ഒന്നാണ് മനുഷ്യാവകാശങ്ങൾ. പരിമിതപ്പെടുകയോ അന്യാധീനപ്പെടുകയോ പാടില്ലാത്ത സാർവജനീനമായ ഒന്നാണിത്.

ഈ അവകാശങ്ങൾ കുറ്റകൃത്യങ്ങൾ

ചെയ്തതിന്റെ പേരിൽ തടവുജീവിതം നയിക്കുന്നവർക്കും പരിമിതപ്പെടുത്താൻ പാടില്ലെന്നതാണ് ആധുനികമായ കാഴ്ചപ്പാട്. അവരുടെ സാമൂഹികപുനരധിവാസം സാധ്യമാക്കുന്ന വിധത്തിലുള്ള തെറ്റുതിരുത്തൽ പ്രക്രിയയിലൂടെ അവരിൽ മാറ്റം വരുത്തണമെന്നാണ് ഈ വീക്ഷണത്തിന്റെ അർഥം. 1948 ഡിസംബർ 10ന് ഐക്യരാഷ്ട്രസഭ അതിന്റെ അംഗരാഷ്ട്രങ്ങൾക്കിടയിൽ നടപ്പാക്കുന്നതിനുവേണ്ടി ആഗോള മനുഷ്യാവകാശ പ്രഖ്യാപനം നടത്തുകയുണ്ടായി ആമുഖവും 30 അനുച്ഛേദങ്ങളും അതിൽ ഉൾപ്പെടുന്നു. ഈ ചാർട്ടർ പ്രകാരം വിവിധ അനുച്ഛേദങ്ങളിലായി നിയമത്തിനു മുന്നിലെ തുല്യത(7) ന്യായമായ വിചാരണക്കുള്ള അവകാശം(10) കുറ്റകൃത്യം തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയായി പരിഗണിക്കപ്പെടാനുള്ള അവകാശം(11) നിർണയിക്കപ്പെട്ടതിലേറെ കടുത്ത ശിക്ഷ നൽകുന്നതിനെതിരായ സംരക്ഷണം(11) എന്നിവ ഓരോരുത്തർക്കും ഉറപ്പുനൽകണമെന്ന് പ്രഖ്യാപിക്കുന്നു.


നാലു ലക്ഷത്തോളം പേരാണ് രാജ്യത്തെ വിവിധ ജയിലുകളിലായി കഴിയുന്നത്. അവരിലധികവും വിചാരണത്തടവുകാരാണ്. ആരോപിതകുറ്റത്തിന് ലഭിക്കാവുന്ന പരമാവധി ശിക്ഷയുടെ പകുതി വിചാരണത്തടവുരകാരനായി കഴിഞ്ഞാൽ 436(എ) പ്രകാരം അവരെ സ്വന്തം ജാമ്യത്തിൽ വിടാമെന്ന് ക്രിമിനൽ നടപടി നിയമം പറയുന്നു.

## സാമൂഹിക പുനരധിവാസം

ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട് ഇന്ന് ജയിലുകൾ. ശിക്ഷാകേന്ദ്രത്തിൽ നിന്ന് തെറ്റുതിരുത്തൽ കേന്ദ്രങ്ങളിലേക്കുള്ള പരിവർത്തനം വിവിധ കാലങ്ങളായി സംഭവിച്ചതാണ്. വളർന്നുവന്ന ജനാധിപത്യബോധവും സാമൂഹികപ്രസ്ഥാനങ്ങളുടെയും കോടതികളുടെയും ഇടപെടലും അതിന് പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യയിൽ ജയിൽ നവീകരണ പ്രവർത്തനങ്ങിൽ സുപ്രധാനമായ ചുവടുവെയ്പായിരുന്നു സുനിൽ ബാത്ര കേസിൽ (AIR 1979 (1) SCR 392) സുപ്രീംകോടതി നടത്തിയത്. സേലം ജയിൽ തടവുകാരനായിരുന്ന കാലത്തെ തന്റെ അനുഭവങ്ങളാണ് ഇത്തരമൊരു വിധി പ്രഖ്യാപിക്കാൻ തന്നെ പ്രാപ്തനാക്കിയതെന്ന് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞിട്ടുണ്ട്.

തടവുകാരുടെ തെറ്റുതിരുത്തലും സാമൂഹിക പുനരധിവാസവും പ്രധാനപ്പെട്ട ഒരു കർത്തവ്യമായി ജയിലുകളിൽ നടന്നു വരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കിയും സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകിയും ഇതിനായി തടവുകാരെ പ്രാപ്തരാക്കുന്നു. നല്ല സ്വഭാവം പ്രകടിപ്പിക്കുന്ന തടവുകാർക്ക് പരോൾ അനുവദിച്ചും ശിക്ഷാ ഇളവുകൾ നൽകിയും സമൂഹമായുള്ള ബന്ധം നഷ്ടപ്പെടാതെ നിലനിർത്തുന്നു. ജയിലുകളിൽ ഭക്ഷണ നിർമാണയുണിറ്റുകൾ സ്ഥാപിച്ച് കുറഞ്ഞ നിരക്കുകളിൽ കൗണ്ടറുകളിലൂടെ വിപണനം ചെയ്ത് സമൂഹത്തിന് ഉപകാരപ്രദമാവുന്ന നിലയിലും ജയിലുകൾ ഇന്ന് പ്രവർത്തിക്കുന്നു.

ജനാധിപത്യസമൂഹത്തിലെ പൗരന്മാർ എന്ന നിലയിൽ നിയമം മൂലം നിയന്ത്രിക്കപ്പെട്ട അവകാശങ്ങൾ പുനസ്ഥാപിച്ച് തടവുകാരെ സമൂഹത്തിന് തിരികെ കൈമാറുന്ന ഒരു സാമൂഹികദൗത്യമാണ് യഥാർഥത്തിൽ ഇന്ന് ജയിലുകൾ നിർവഹിച്ചു കൊണ്ടിരിക്കുന്നത്.





# ചെറുകവിതകൾ

ഹാഷിം സി.നമ്പർ :2855

### സമർപ്പണം

കണ്ണുനീർക്കൊണ്ട്, ഒരിറ്റുമാത്രം
ചെഞ്ചോരകൊണ്ട്, ഒരു ചെറുമുറിവോളം
മിച്ചമുള്ളത്, കരയാതെ ജീവിച്ച്
ചോരയിൽ സാക്ഷ്യം വഹിച്ച ധീരർക്ക്.

### പ്രതീക്ഷ

എന്റെ സ്വപ്നങ്ങൾക്ക് പറക്കാൻ
പ്രണയത്തിന്റെ ചിറകുകളില്ല;
സ്വാതന്ത്ര്യത്തിന്റെ ആകാശവും.
ആകെയുള്ളത്, പ്രതീക്ഷയുടെ
അവസാനിക്കാത്ത
ഇളംകാറ്റുകൾ മാത്രം

## പ്രണയം

നീ കണ്ണുകൾ കൊണ്ട്
കവിത രചിച്ചപ്പോൾ
ഞാൻ കണ്ണീരിനാൽ
കാവ്യമൊരുക്കി

## ദൈവം

നിന്നിൽനിന്നും
ഞാൻ ഓടിയകലുന്നു, ഒരുപാടു ദൂരെ
ഒടുവിൽ തളർന്നിരുന്നതോ
നിന്റെ തണലിലും.

## ബധിരൻ

ശബ്ദകോലാഹലങ്ങൾക്കിടയിലും
ബധിരനാണ് ഞാൻ
ഇഷ്ടപ്പെടുന്നതൊന്നും കേൾക്കുന്നില്ല.
കേട്ടതൊന്നും ഇഷ്ടപ്പെടുന്നുമില്ല.

## ജനാധിപത്യം

വിശ്രമം അത്യാവശ്യമാണ്
പകൽ മുഴുവനും
ഓച്ഛാനിച്ചു നിന്നതിന്റെ
പതർച്ച മാറിക്കിട്ടാൻ.





# മഹാ പ്രളയകാലത്തെ ജയിൽ നന്മകൾ

കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ കേട്ടറിവില്ലാത്ത മഹാ പ്രളയം കേരളീയ സമൂഹത്തെ കശക്കിയെറിഞ്ഞു. പത്തുലക്ഷത്തിലധികം പേർ നിരാലംബരായി ദുരിതാശ്വാസ ക്യാമ്പുകളിലഭയം തേടി. ഇതിന്റെ നിരവധിമടങ്ങ് ജനങ്ങളെ നേരിട്ടുതന്നെ പ്രളയം ബാധിച്ചു. റോഡുകളും വൈദ്യുതിയും അടക്കമുള്ള പശ്ചാത്തല സംവിധാനങ്ങൾക്ക് വലിയ നാശമുണ്ടായി. വിലപ്പെട്ട അഞ്ഞൂറോളം ജീവൻ നഷ്ടപ്പെട്ടു. ഇരുപത്തി ഒമ്പതിനായിരം കോടിരൂപയുടെ നഷ്ടമുണ്ടാക്കി. ഇങ്ങനെ കേരളീയ സമൂഹത്തിന് മുമ്പില്ലാത്ത ദുരിതാനുഭവമായി ഈ മഹാപ്രളയം മാറി.

കേരള ജനത ഒറ്റക്കെട്ടായി സാഹചര്യത്തിനൊത്തുയർന്നാണ് ഇതിനെ നേരിട്ടത്. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും പുനരധിവാസ പ്രവർത്തനത്തിലും ഈ ഐക്യവും കൂട്ടായ്മയും ദൃശ്യമായിരുന്നു. കേരളത്തിലെ ജയിലുകൾ ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. തടവുകാർ രാപകലുകളിൽ വിശ്രമമില്ലാതെ തയ്യാറാക്കിയ ഭക്ഷണ സാമഗ്രികൾ ദുരിതാശ്വാസ ക്യാമ്പുകളിലെ പട്ടിണിയകറ്റാൻ സഹായിച്ചു. തൃശ്ശൂരും എറണാകുളത്തും ആലപ്പുഴയിലുമായി വിയ്യൂർ സെൻട്രൽജയിലിൽ നിന്നുമാത്രം ഒരു ലക്ഷത്തിലധികം ചപ്പാത്തികളും അതിനനുസരിച്ചുള്ള കറികളുമാണ് ക്യാമ്പുകളിൽ വിതരണം ചെയ്യപ്പെട്ടത്.

ഉച്ചയൂണും അത്താഴവും ഓണസദ്യയുമൊക്കെ തടവുകാരുടെ വിശ്രമമില്ലാത്ത അദ്ധ്വാനത്തിന്റെ ഫലമായിരുന്നു. ഇതു കൂടാതെ തടവുകാരുടെ തുച്ഛമായ വരുമാനത്തിൽ നിന്ന് നല്ലൊരു വിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് സംഭാവന നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യ വസ്തുക്കളുടെ ക്ഷാമമുണ്ടായ വാർത്ത കേട്ടയുടൻ തന്നെ ജയിൽ ക്യാന്റീനിൽ നിന്നുള്ള ഏറെക്കുറെ മുഴുവൻ സാധനങ്ങും തടവുകാരുടെ ചിലവിൽ ക്യാമ്പുകളിലെത്തിച്ചു. ജയിലുദ്യോഗസ്ഥരുടെ സജീവ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളുമുണ്ടായത് കൊണ്ടാണ് കൽമതിൽ കെട്ടിനുള്ളിലായിട്ടും അതിജീവനത്തിനുള്ള ഒത്തൊരുമയിൽ തടവുകാർക്ക് 'തന്നാലാകുന്ന' സംഭാവനകൾ നൽകാൻസാധിച്ചത്. നിശ്ചയമായും ഈ 'ചെറിയ' 'വലിയ' കാര്യങ്ങൾ നവകേരളത്തിന്റെ വരാനിരിക്കുന്ന നന്മകളെ തന്നെയാണ് സൂചിപ്പിക്കുന്നത്. ഇത് സ്മരിക്കപ്പെടുകതന്നെ വേണം.

■


CENTRAL PRISON VIYYUR
ESTD: 1089 ME
ESTD: 1914 AD

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
വിയ്യൂർ, തൃശൂർ, ഫോൺ:0487 2334267
E- mail:cp.vyr.prisons@kerala.gov.in

8 0001755514

